നവംബർ 2020

# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

## നവംബർ 26

## രാജ്യമാകെ തൊഴിലാളി കർഷക രോഷം



# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 നവംബർ വോള്യം: 9 ലക്കം: 3



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



നിലവിലെ സാഹചര്യവും
നവംബർ 26 ന്റെ ദേശീയ പണിമുടക്കും
കെ. ഹേമലത 07






ദേശീയ പണിമുടക്ക്
രാജ്യം സ്തംഭിച്ചു 14






എൽഡിഎഫിനെ വിജയിപ്പിക്കുക 16





ബിഹാർ തെരഞ്ഞെടുപ്പ് ഫലവും
ഉപതെരഞ്ഞെടുപ്പ് ഫലങ്ങളും
പി. നന്ദകുമാർ 27





30 ബൈഡന് അമേരിക്കയെ
മാറ്റാൻ കഴിയുമോ ?
ജോസ് ടി എബ്രഹാം

36 യുഎസ് ഇന്ത്യ
ബെക്കാ കരാർ
രഘു





39 ഇന്ത്യൻ ട്രേഡ് യൂണിയൻ
പ്രസ്ഥാനം രൂപം കൊള്ളുന്നു
എൻ. പത്മലോചനൻ

42 എറിഞ്ഞുകളയരുത്
കിഫ്ബിക്കുട്ടിയെ
എൻ. എസ്. മാധവൻ

45 പെൻഷൻ സംരക്ഷണം
ദ്വിമുഖ പോരാട്ടം അനിവാര്യം
റ്റി.സി. മാത്തുക്കുട്ടി



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് &
പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# ബൊളീവിയയിലെ ഇടതുപക്ഷ വിജയം

ബൊളീവിയയിലെ തെരഞ്ഞെടുപ്പിൽ ഇടത്പക്ഷം ഉജ്ജ്വല വിജയം നേടി. അമേരിക്കൻ സാമ്രാജ്യത്വത്തിനും ലാറ്റിനമേരിക്കയിലെ വലത്പക്ഷ പിന്തിരിപ്പൻ ശക്തികൾക്കും കനത്ത തിരിച്ചടിയാണിത്. ഇവർ കൂട്ടായി നടത്തിയ ഗൂഢാലോചനയിലൂടെ, പട്ടാളത്തെ കൂട്ടുപിടിച്ച്, 'മാസ്' (MAS - മൂവ്മെന്റ് ടുവാർഡ്സ് സോഷ്യലിസം) നേതാവും ബൊളീവിയൻ പ്രസിഡന്റുമായിരുന്ന ഇവോ മൊറെയ്ൽസിനെ അട്ടിമറിയിലൂടെ പുറത്താക്കുകയായിരുന്നു. 2019 നവംബറിലാണ് ഈ അട്ടിമറി നടന്നത്.

2020 ഒക്ടോബറിൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. ഡൊണാൾഡ് ട്രംമ്പും ലാറ്റിനമേരിക്കയിലെ സകല പിന്തിരിപ്പന്മാരും ഒരുമിച്ച് ചേർന്ന് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെ തോല്പിക്കാൻ കിണഞ്ഞ് ശ്രമിച്ചു. അവർക്ക് കനത്ത് തിരിച്ചടി നൽകിക്കൊണ്ടാണ് 'മാസ്' എന്ന ഇടത്പക്ഷ കക്ഷിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച് "ലൂയിസ് ആർസെ" പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്. 2019 ൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഇവോ മൊറെയ്ൽസ് 51 ശതമാനത്തിലധികം വോട്ട് നേടി വിജയിച്ചു. ഈ ജനവിധി അംഗീകരിക്കാതെ ബോളീവിയയിലെ പിന്തിരിപ്പൻ ശക്തികൾ തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നതായി ആരോപിച്ച് പ്രക്ഷോഭം ആരംഭിച്ചു. തദ്ദേശീയ വംശജനായ പ്രസിഡന്റിനെ പുറത്താക്കലായിരുന്നു അവരുടെ ലക്ഷ്യം. 14 വർഷം ബൊളീവിയൻ പ്രസിഡന്റായിരുന്നു മൊറെയ്ൽസ്.

യാതൊരു തെളിവും നിരത്താതെയാണ് തെരഞ്ഞെടുപ്പ് അട്ടിമറിയെക്കുറിച്ചുള്ള ആക്ഷേപം പ്രതിപക്ഷം ഉയർത്തിയത്. മൊറെയ്ൽസിന്റെ വിജയവും, ബൊളീവിയയിലെ ജനാധിപത്യ വ്യവസ്ഥയും അട്ടിമറിക്കാൻ പ്രധാന പങ്ക് വഹിച്ച ഒരാൾ ഒ.എ.എസ് (ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സ്) എന്ന സംഘടനയുടെ സെക്രട്ടറി ജനറൽ ആയ ലൂയിസ് അൽമാഗ്രോ ആയിരുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയയെയും, ബോളീവിയൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിശ്വാസ്യതയെയും ചോദ്യം ചെയ്ത് കൊണ്ട് അദ്ദേഹം പരസ്യ പ്രസ്താവനയിറക്കി. അമേരിക്ക കാനഡ സർക്കാരുകളും ലാറ്റിനമേരിക്കൻ മേഖലയിലെ വലത്പക്ഷ ഭരണകൂടങ്ങളും ബ്രസീൽ, കൊളംബിയ മുതലായവ മൊറെയ്ൽസിനെ പുറത്താക്കണമെന്നും പുതിയ തെരഞ്ഞെടുപ്പ് നടത്തണമെന്നും ആവശ്യമുന്നയിച്ച് രംഗത്ത് വന്നു.

ബോളീവിയൻ ഇലക്ഷൻ കമ്മീഷനും അന്തർ ദേശീയ തെരഞ്ഞെടുപ്പ് നിരീക്ഷകരും തെരഞ്ഞെടുപ്പിൽ യാതൊരു കൃത്രിമവും നടന്നിട്ടില്ലെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ഒ.എ.എസിന്റെ ആരോപണങ്ങൾ അവർ തള്ളി. 2020 ജൂൺ മാസത്തിൽ "ന്യൂയോർക്ക് ടൈംസ്" ഒ.എ.എസിന്റെ ആരോപണം ശരിയല്ലെന്ന വിവരം റിപ്പോർട്ട് ചെയ്തു. അമേരിക്കയിലെ പ്രശസ്തമായ രണ്ട് സർവകലാശാലകളിലെ ഗവേഷകരുടെ സ്വതന്ത്രമായ പഠന റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയായിരുന്നു "ന്യൂയോർക്ക് ടൈംസി"ന്റെ റിപ്പോർട്ട്. ന്യൂയോർക്ക് ടൈംസ് ഉൾപ്പെടെയുള്ള അമേരിക്കൻ മാധ്യമങ്ങൾ നേരത്തെ 2019 ലെ അട്ടിമറിയെ പിന്തുണച്ചവരാണ് മൊറെയ്ൽ ഉടൻ സ്ഥാനത്യാഗം ചെയ്യണമെന്ന് ഇവർ പരസ്യമായി ആവശ്യപ്പെടുകയും ചെയ്തിരുന്നു അമേരിക്കൻ സർവകലാശാലകളിലെ ഗവേഷകരുടെ 100 പേജ് വരുന്ന പഠന റിപ്പോർട്ടിൽ ഒ.എ.എസ് എന്ന സംഘടന വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ബൊളീവിയൻ പ്രതിപക്ഷവും ട്രംപ് ഭരണകൂടവും ഇവോ മൊറെയ്ൽസ് ഉടൻ രാജിവയ്ക്കണമെന്ന് മുറവിളി കൂട്ടിയത്.

എന്നാൽ 2020 ഒക്ടോബറിൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ ഫലം പുറത്ത് വന്ന ഉടനെ ഒഎഎസ് എന്ന സംഘടന, അതിനെ സ്വാഗതം ചെയ്തു. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട 'ലൂയിസ് ആർസെ'~ഒ.എ.എസിന്റെ തെറ്റായ നിലപാടുകൾ തിരുത്തണമെന്നാവശ്യപ്പെടുകയും ചെയ്തു. ഒഎഎസ് ജനറൽ സെക്രട്ടറി രാജിവെക്കണമെന്നും അദ്ദേഹത്തിനെതിരെ അന്തർദേശീയ കോടതിയിൽ കേസ് ഫയൽ ചെയ്യുമെന്നും ഇവോ മൊറെയ്ൽസ് പ്രഖ്യാപിച്ചിട്ടുണ്ട്. ലാറ്റിനമേരിക്കൻ ജനതയുടെ വിധിയെ ഭാവിയിൽ ഒരാൾക്കും തകർക്കാൻ കഴിയാത്ത വിധത്തിൽ 2019 ലെ ജനവിധി അട്ടിമറിക്കാൻ നേതൃത്വം നൽകിയ ഒ.എ.എസ് ജനറൽ സെക്രട്ടറി അൽമാഗ്രോയെ ശിക്ഷിക്കണമെന്നാണ് മൊറെയ്ൽസിന്റെ അഭിപ്രായം. 2019 ലെ തെരഞ്ഞെടുപ്പിൽ 'കൃത്രിമം' നടന്നു എന്നാരാപിച്ച് വലത്പക്ഷം നടത്തിയ അക്രമാസക്തമായ പ്രക്ഷോഭങ്ങളുടെ

ഫലമായി നൂറുകണക്കിന് ബൊളീവിയൻ പൗരന്മാർ കൊല്ലപ്പെടുകയും ആയിരക്കണക്കിനാളുകൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. വെനിസ്വേലയിലെ 'മഡ്യൂറോ' സർക്കാരിനെ അട്ടിമറിക്കാനുള്ള അമേരിക്കയുടെ ഇടപെടലുകളെയും 'അൽമാഗ്രോ' പിന്തുണച്ചിരുന്നു.

ബൊളീവിയയിലെ ഇടത്പക്ഷത്തിന്റെ ഉജ്വല വിജയം അമേരിക്കൻ ഭരണകൂടത്തിന് മാത്രമല്ല ലാറ്റിനമേരിക്കയിലെ വലത്പക്ഷ ഭരണകൂടങ്ങൾക്കും "ബൊൾസനാരോ" നയിക്കുന്ന ബ്രസീൽ, "ഇവാൻ ഡ്യൂക്യൂ മാർക്കേസ്" നയിക്കുന്ന കൊളമ്പിയ ഉൾപ്പെടെ ലഭിച്ച തിരിച്ചടിയാണ്. അമേരിക്കൻ സാമ്രാജ്യത്വം അടിച്ചേല്പിച്ച മനുഷ്യത്വരഹിതമായ ഉപരോധങ്ങളാൽ പ്രയാസങ്ങൾ നേരിടുന്ന സോഷ്യലിസ്റ്റ് ക്യൂബക്കും ഇടത്പക്ഷം ഭരിക്കുന്ന വെനിസ്വലക്കും ആത്മവിശ്വാസം നൽകുന്നതാണ് ബൊളീവിയയിലെ ഇടത്പക്ഷ വിജയം. ലാറ്റിനമേരിക്കയിലെ ഇടത്പക്ഷ മുന്നേറ്റത്തിന് ഇത് ആവേശം പകരും. ലാറ്റിനമേരിക്കയിലെ ഭൂരിപക്ഷ രാജ്യങ്ങളെയും ഇടത്പക്ഷ ധാരയിലേക്ക് എത്തിക്കുന്നതിന് രാസത്വരകമായിരിക്കും ഇത്.

ബൊളീവിയയിലെ ഭൂരിപക്ഷം വരുന്ന തദ്ദേശീയ ജനതയുടെ ജനാധിപത്യ പ്രസ്ഥാനങ്ങളെ വലത്പക്ഷ പിന്തിരിപ്പന്മാരുമായി കൂട്ടുചേർന്ന് മൃഗീയമായി അടിച്ചമർത്താൻ തുനിഞ്ഞ സായുധ സേനക്കും 'മാസ്' എന്ന ഇടതുപക്ഷ പാർടിയുടെ വിജയം ഒരു പാഠമാണ്. മൊറെയ്ൽസ് സർക്കാരിനെ അട്ടിമറിച്ച ശേഷം, അമേരിക്ക സാമ്രാജ്യത്വത്തിന്റെയും വലത് പക്ഷത്തിന്റെ പിന്തുണയോടെ അധികാരമേറ്റ ഇടക്കാല സർക്കാർ വീണ്ടും അധികാരത്തിൽ വരാൻ ഇടത്പക്ഷത്തെയും തദ്ദേശീയവാസികളുടെ പ്രസ്ഥാനങ്ങളെയും അനുവദിക്കില്ല എന്ന് പ്രഖ്യാപിച്ചിരുന്നു. ജീവരക്ഷാർത്ഥം മൊറെയ്ൽസ് ഒളിവിൽ പാർക്കാൻ നിർബന്ധിതനായി. മെക്സിക്കൻ പ്രസിഡന്റ് ലോപസ് ഒബ്രഡോറാണ്, അദ്ദേഹത്തിന് സുരക്ഷിതമായി രാജ്യത്തിന് പുറത്ത് പോകാൻ വഴിയൊരുക്കിയത്. മൊറെയ്ൽസിന് ബോളീവിയ വിടാൻ ഒരു വിമാനം മെക്സിക്കൻ സർക്കാർ അയച്ചുകൊടുത്തു. കൂടുതൽ രക്തചൊരിച്ചിൽ ഒഴിവാക്കാനാണ് താൻ രാജ്യം വിടുന്നതെന്നും, വൈകാതെ നാട്ടിൽ തിരിച്ചെത്തുമെന്നും മൊറെയ്ൽസ് പ്രഖ്യാപിച്ചിരുന്നു.

ഇടത്പക്ഷ സർക്കാർ കൈക്കൊണ്ട പല നടപടികളും തിരുത്തുന്ന രീതിയിലാണ് ഇടക്കാല സർക്കാർ പ്രവർത്തിച്ചത്. ഇതിനൊക്കെ പട്ടാളം കൂട്ടുനിന്നു. വിദേശ നയത്തിലും മാറ്റം വരുത്തി. ഇടത്പക്ഷ സർക്കാരിനെ അട്ടിമറിച്ച ശേഷം ഉയർന്ന ജനങ്ങളുടെ പ്രക്ഷോഭത്തെ അടിച്ചമർത്താൻ ജനങ്ങളുടെ മേൽ അതിക്രമം ചെയ്ത പട്ടാളക്കാർക്ക് ഇടക്കാല സർക്കാർ പൊതുമാപ്പ് നൽകി. ഇടത്പക്ഷ സർക്കാർ രാജ്യത്തെ വിലപ്പെട്ട ധാതുവിഭവങ്ങൾ ദേശസാൽക്കരിച്ചിരുന്നു. ഇടക്കാല സർക്കാർ വീണ്ടും സ്വകാര്യവൽക്കരണ നടപടി സ്വീകരിച്ചു. ക്യൂബ, നിക്കരാഗ്വ, വെനിസ്വല എന്നീ രാജ്യങ്ങളുമായുള്ള നയതന്ത്ര ബന്ധങ്ങൾ വിച്ഛേദിച്ചു. കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകാലം ബൊളീവിയയുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന രാജ്യങ്ങളായിരുന്നു ഇവ. രാജ്യം കോവിഡ് മഹാമാരിയുടെ വിപത്തിനെതിരെ പോരാടുന്ന സാഹചര്യമായിരുന്നു എങ്കിലും അതൊന്നും പരിഗണിക്കാതെ നൂറുകണക്കിന് ക്യൂബൻ ഡോക്ടർമാരെ വലത്പക്ഷ സർക്കാർ പുറത്താക്കി. തുടർന്ന് കോവിഡ് മരണനിരക്ക് ഉയർന്നു. ലോകത്തെ ഏറ്റവും കൂടിയ മരണനിരക്കുള്ള രാജ്യങ്ങളിൽ മൂന്നാം സ്ഥാനത്തെത്തി ബോളീവിയ. മൊറെയ്ൽസ് ഭരണകാലത്ത് ഇസ്രായേലിനെ ഒരു ഭീകര രാഷ്ട്രമായി പ്രഖ്യാപിച്ചിരുന്നു. അധികാരമേറ്റ് ഒരു മാസത്തിനുള്ളിൽ വലത്പക്ഷ സർക്കാർ ഇസ്രായേലുമായി നയതന്ത്രബന്ധം പുനഃസ്ഥാപിച്ചു. മാത്രമല്ല, രാജ്യത്തെ "ഇടത്പക്ഷ ഭീകരന്മാരെ" നേരിടാൻ ഇസ്രായേലിന്റെ വൈദഗ്ധ്യം ഉപയോഗപ്പെടുത്താനും നടപടികളെടുത്തു.

ചെഗുവേരയുടെ 53ാമത് രക്തസാക്ഷിത്വ വാർഷിക ദിനത്തിൽ വലത്പക്ഷ സർക്കാർ വലിയ പ്രകോപനം സൃഷ്ടിച്ചു ബൊളീവിയൻ പട്ടാളമാണ് 53 വർഷങ്ങൾക്ക് മുമ്പ് ചെഗുവേരയെ വധിച്ചത്. ഈ കൊലക്ക് നേതൃത്വം നൽകിയത് അമേരിക്കൻ സിഐഎ ആയിരുന്നു. 'ചെ' യുടെ ചരമ ദിനത്തിൽ വലത്പക്ഷ സർക്കാരിന്റെ പ്രസിഡന്റ് പ്രസംഗിച്ചത് "ഒരു കമ്യൂണിസ്റ്റ് ഏകാധിപതിക്ക് ബൊളീവിയൻ മണ്ണിൽ യാതൊരു ഇടവും നൽകില്ല" എന്നാണ്. ബോളീവിയയിൽ പ്രശ്നങ്ങൾ കുത്തിപ്പൊക്കാൻ വരുന്നവർ ക്യൂബ, അർജന്റീന, വെനിസ്വല തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർ ആരായാലും മരണം നേരിടേണ്ടിവരുമെന്നായിരുന്നു ഇടക്കാല പ്രസിഡന്റിന്റെ പ്രസംഗം.

തലസ്ഥാന നഗരമായ ലാപാസിലും മറ്റ് പ്രദേശങ്ങളിലും 'എം.എ.എസ്' പ്രവർത്തകർ ക്രൂരമായ പീഡനങ്ങൾക്ക് വിധേയരായിക്കൊണ്ടിരുന്നു. 2009 ൽ രാജ്യം അംഗീകരിച്ച വൈവിധ്യങ്ങൾ ഉൾക്കൊണ്ട ഭരണഘടന തിരുത്തിയെഴുതാനും ശ്രമം നടന്നു. 2009 ലെ ഭരണഘടന ക്രിസ്തുമതത്തിനും പ്രാദേശിക ദൈവിക പ്രതീകമായ "പാപമാമ"ക്കും തുല്യസ്ഥാനം കിട്ടി. 38 തദ്ദേശീയ ജനവിഭാഗങ്ങൾക്കും തുല്യ അവകാശം നൽകി. നിയമത്തിന് മുമ്പിൽ തുല്യ പദവിയും

നൽകിയിരുന്നു. ഇടക്കാല സർക്കാരിന്റെ വികലമായ നയത്തിന്റെ ഫലമായി ബൊളീവിയയിൽ കോവിഡ് പടർന്നു പിടിച്ചു. ഈ വർഷം ആദ്യം നടക്കേണ്ട തെരഞ്ഞെടുപ്പ് നിസാര കാരണം പറഞ്ഞ് രണ്ട് തവണ മാറ്റി.

ഭരണഘടന അനുശാസിക്കുന്ന നിയമവാഴ്ചയും സമാധാനവും ഉറപ്പായാൽ താൻ മാത്ര രാജ്യത്ത് തിരിച്ചെത്തുമെന്ന് ഇവോ മൊറെയ്ൽസ് പ്രഖ്യാപിച്ചിരുന്നു. "അതിന് അധികകാലം കാത്തിരിക്കേണ്ടി വരില്ല". അർജന്റീനയിൽ താമസിച്ചുകൊണ്ടിരുന്ന ഇവോ മൊറെയിൽസ്, തെരഞ്ഞെടുപ്പ് വിജയത്തെ "ഉജ്വല വിജയം" എന്ന് വിശേഷിപ്പിച്ചു. എം.എ.എസ് (മൂവ്മെന്റ് ടുവാർഡ്സ് സോഷ്യലിസം) എന്ന പാർടിയുടെ ചെയർമാനാണദ്ദേഹം. ബ്യൂണസ് അയേഴ്സിൽ വെച്ച് അദ്ദേഹം പത്ര പ്രവർത്തകരോട് പറഞ്ഞു "പ്രിയ സഹോദരീ സഹോദരന്മാരെ, ജനഹിതം പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇന്ന് നമ്മുടെ ജനാധിപത്യവും പിതൃഭൂമിയും വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. നാം സുസ്ഥിരതയും, സമാധാനവും പുനഃസ്ഥാപിക്കും". അദ്ദേഹം മെക്സിക്കോ, ക്യൂബ, വെനിസ്വല, നിക്കരാഗ്വ, അർജന്റീന എന്നീ രാഷ്ട്രങ്ങൾക്ക് കൃതജ്ഞത പറഞ്ഞു. "ഞാൻ ജീവിച്ചിരിക്കുന്നു. അതിന് ഞാൻ മുകളിൽ പറഞ്ഞ രാഷ്ട്രങ്ങളോട് കടപ്പെട്ടവനാണ്;" ഇതായിരുന്നു മൊറെയിൽസിന്റെ വാക്കുകൾ. പോപ്പ് ഫ്രാൻസിസിനും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഇടത്പക്ഷം കരസ്ഥമാക്കിയ ആധികാരിക വിജയം അംഗീകരിക്കാൻ പ്രതിപക്ഷ വലത് പക്ഷക്കാർ നിർബന്ധിതരായി. അവർക്ക് മറ്റ് പോംവഴികളൊന്നുമുണ്ടായിരുന്നില്ല. മൊറെയിൽസ് ഉയർത്തിക്കൊണ്ട് വന്ന, നിയുക്ത പ്രസിഡന്റ് ലൂയിസ് ആർസെ, മൊറെയ്ൽസ് മന്ത്രിസഭയിൽ ദീർഘകാലം ധനകാര്യ വകുപ്പ് മന്ത്രിയായിരുന്നു. ശരിക്കും പറഞ്ഞാൽ, 14 വർഷത്തെ മൊറെയ്ൽസ് സർക്കാരിനെക്കുറിച്ചുള്ള ഒരു ഹിത പരിശോധനയായിരുന്നു ഇക്കഴിഞ്ഞ പ്രസിഡന്റ് തെരഞ്ഞെടുപ്പ്. മേഖലയിലെ ഏറ്റവും ദരിദ്ര രാജ്യങ്ങളിലൊന്നായിരുന്ന ബോളീവിയയിൽ ഇവോ മൊറെയ്ൽസിന്റെ 14 വർഷത്തെ ഭരണകാലത്ത് വലിയ മാറ്റങ്ങൾ വന്നു. രാജ്യത്തെ ഭൂരിപക്ഷം വരുന്ന തദ്ദേശീയ ജനതക്ക് തുല്യ പരിഗണന ലഭിച്ചു എന്നത് പ്രധാനപ്പെട്ട മാറ്റമായിരുന്നു. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത് സംഭവിച്ചത്. സാധാരണ ജനങ്ങളുടെ ജീവിത നിലവാരം കുതിച്ചുയർന്നു. ദാരിദ്ര്യം പകുതിഭാഗവും അങ്ങേ അറ്റത്തെ ദാരിദ്ര്യം മൂന്നിൽ രണ്ട് ഭാഗവും ഇല്ലായ്മ ചെയ്തു. സാർവത്രിക വാർധക്യകാല പെൻഷൻ പദ്ധതി നടപ്പാക്കി. മുൻ സർക്കാർ അവഗണിച്ച പ്രദേശങ്ങളിലെല്ലാം റോഡുകളും സ്കൂളുകളും പണിതു. പ്രകൃതി വാതകം, ധാതു വിഭവങ്ങൾ എന്നിവ ദേശസാൽകരിച്ചു. എം.എ.എസ് സർക്കാരിന്റെ കാലത്ത് മൊത്ത ദേശീയോൽപാദനം (ജിഡിപി) അമ്പത് ശതമാനം വർധിച്ചു.

ഇത്തവണ തോൽവി വ്യക്തമായതോടെ, മുഴുവൻ വോട്ടുകളും എണ്ണി തീരുന്നതിനു മുമ്പ് തന്നെ വലത്പക്ഷം തോൽവി സമ്മതിച്ചു. നിയുക്ത പ്രസിഡന്റ് 'ആർസെ'ക്ക് വോട്ടെണ്ണലിന്റെ ആദ്യ റൗണ്ടിൽ തന്നെ 55 ശതമാനത്തിലധികം വോട്ട് ലഭിക്കുകയുണ്ടായി. വലത്പക്ഷ സ്ഥാനാർത്ഥികൾക്ക് കുറഞ്ഞ വോട്ടെ ലഭിച്ചുള്ളൂ. കോവിഡ് പടർന്ന് പിടിച്ച സാഹചര്യത്തിലും റെക്കോർഡ് പോളിംഗ് ഉണ്ടായി. 88 ശതമാനം പേർ വോട്ട് ചെയ്തു. എം.എ.എസ് പാർലമെന്റിൽ വൻ ഭൂരിപക്ഷം നേടി.

ഒരു വർഷത്തെ നാശത്തിൽ നിന്ന് രാജ്യത്തെ വീണ്ടെടുത്ത് പുനഃസൃഷ്ടി നടത്തുമെന്ന് വിജയിച്ച ഇടത്പക്ഷം പ്രഖ്യാപിച്ചു. എം.എ.എസ് സർക്കാരിന്റെ കീഴിലാണ് രാജ്യം പുരോഗതി കൈവരിച്ചതെന്ന കാര്യം ബ്രിട്ടീഷ് സർവകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രം പഠിച്ച നിയുക്ത പ്രസിഡന്റ് 'ആർസെ' പറയുകയുണ്ടായി. രാജ്യത്ത് വൻ നിക്ഷേപമുള്ള 'വെളുത്ത സ്വർണം' എന്നറിയപ്പെടുന്ന 'ലിഥിയം' നിക്ഷേപം രാജ്യത്തിന്റെ സമ്പദ്ഘടനയെ വികസിപ്പിക്കാൻ ഉപയോഗിക്കാൻ കഴിയും. ആഗോളതലത്തിൽ 'ലിഥിയം' എന്ന ലോഹത്തിനുള്ള വർധിച്ച ഡിമാന്റ് ഉപയോഗപ്പെടുത്തി 1.30,000 തൊഴിലുകൾ പുതുതായി സൃഷ്ടിക്കാനാവുമെന്നാണ് തെരഞ്ഞെടുക്കപ്പെട്ട പുതിയ പ്രസിഡന്റ് പറയുന്നത്. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്ന ബാറ്ററികളിലെ അവശ്യഘടകവസ്തുവാണ് 'ലിഥിയം'. വംശീയ ഭിന്നതയും സാമ്പത്തിക പ്രശ്നങ്ങളും നേരിടുന്ന ഒരു രാജ്യത്തെ മുന്നോട്ട് നയിക്കലാണ് പുതിയ ഇടത്പക്ഷ സർക്കാരിന്റെ മുമ്പിലുള്ള കടമ. രാജ്യത്തോട് പ്രതിബദ്ധതയും സാമ്രാജ്യത്വ കുത്തകകളുടെ കൊള്ളയും ചൂഷണവും തടയണമെന്ന ഇച്ഛാശക്തിയുമുള്ള ഇടത്പക്ഷ സർക്കാർ ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയരുമെന്നുറപ്പാണ്.

ലോകത്താകെയുള്ള സോഷ്യലിസ്റ്റ് ശക്തികൾക്കും സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനെതിരായി പോരാടുന്നവർക്കും ആവേശവും പ്രതീക്ഷയും നൽകുന്നതാണ് ബോളീവിയയിലെ ഇടത്പക്ഷ വിജയം.






# നിലവിലെ സാഹചര്യവും നവംബർ 26ന്റെ പൊതുപണിമുടക്കും


കെ. ഹേമലത

ഇപ്പോഴത്തെ സാഹചര്യത്തെക്കുറിച്ച് അതിന്റെ സമഗ്രതയിൽ നാം മനസ്സിലാക്കേണ്ടതായിട്ടുള്ളത് ഇതാണ്. ഭരണവർഗങ്ങളെ ബാധിച്ചിട്ടുള്ള നിരാശയെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. അതേസമയം തന്നെ ഒറ്റക്കെട്ടായിനിന്ന്, ദൃഢനിശ്ചയത്തോടെ പൊരുതാനുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സന്നദ്ധതയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഭരണവർഗത്തിന്റെ, "ഇപ്പോൾ തന്നെ അല്ലെങ്കിൽ പിന്നെ ഒരിക്കലുമില്ല" എന്ന അന്തംവിട്ട ആഹ്വാനത്തിന് ദൃഢനിശ്ചയത്തോടെ തൊഴിലാളിവർഗം" ഇപ്പോഴെന്നല്ല, ഒരിക്കലുമില്ല" എന്ന മറുപടി നൽകണം. ഈ പോരാട്ടത്തിനു വേണ്ട തയ്യാറെടുപ്പുകൾ "ഇപ്പോൾ ഈ നിമിഷം" തന്നെ ആരംഭിക്കണം. നവംബർ 26ന്റെ പൊതുപണിമുടക്കും കർഷക ജനതയുടെ നവംബർ 26, 27ന്റെ രാജ്യവ്യാപക പ്രതിഷേധങ്ങളും അതിന്റെ തുടക്കമാണ്.

> **2020 മാർച്ച് 25ന് കോടിക്കണക്കിനാളുകൾ ഉണർന്നപ്പോൾ കാണുന്നത്, അവരുടെ തൊഴിലുടമകൾക്ക് ഇനിമേൽ അവരുടെ സേവനം ആവശ്യമില്ലെന്നതാണ്. അവർക്ക് ചെയ്യാനാവുമായിരുന്നത് സമൂഹത്തിന് ഇനിയങ്ങോട്ട് ഉപയോഗിക്കാൻ കഴിയില്ല. അവരുടെ തൊഴിലുകൾ നഷ്ടപ്പെട്ടു; അങ്ങനെ അവരുടെ ഏകവരുമാന മാർഗവും ഇല്ലാതായി. പെട്ടെന്നു തന്നെ, അതേവരെ ആത്മാഭിമാനത്തോടെ അന്തസ്സായി ജീവിച്ചിരുന്ന ഈ കോടിക്കണക്കായ ആളുകൾ തങ്ങൾ അതീവ ദുർബലരാണെന്ന് സ്വയം തിരിച്ചറിയുന്നു.**



**തൊ**ഴിലാളികളെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ സാഹചര്യം പതിവുപോലെയുള്ളതല്ല. നിശ്ചയമായും ഇത് അസാധാരണവുമല്ല. എന്നാൽ, ഇത് 'പുതിയത്' ആണോ? ഇത് 'പുതിയ സാധാരണ, നിലയാണോ? 'അസ്വഭാവിക'മായതാണോ ഇത്? എന്തു തരം സാഹചര്യമാണിത്?

ഇപ്പോഴത്തെ സാഹചര്യത്തെ നേരിടണമെങ്കിൽ ഇത് മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

സാഹചര്യത്തിലെ ഈ മാറ്റം 2020 മാർച്ച് 24നു വൈകുന്നേരം അവിചാരിതമായി രാജ്യവ്യാപകമായി ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ നാടകീയമായി കൊണ്ടുവരപ്പെട്ടതാണ്. പ്രഖ്യാപിച്ച നാല് മണിക്കൂറിനകമാണ് ലോക്ഡൗൺ പ്രാബല്യത്തിൽ വന്നത്.

അതേവരെ നമ്മുടെ രാജ്യത്തെ സ്ഥിരം ശമ്പളം ലഭിച്ചിരുന്ന കോടിക്കണക്കിന് തൊഴിലാളികൾക്ക് തങ്ങളുടെ ജീവിതം ഏറെക്കുറെ സുരക്ഷിതമാണെന്ന ധാരണയാണുണ്ടായിരുന്നത്. അവരുടെയെല്ലാം ശമ്പളം അത്ര വലുതൊന്നും ആയിരിക്കണമെന്നില്ല; അവരിൽ മിക്കവർക്കും ട്രേഡ് യൂണിയനുകൾ 2015 മുതൽ തന്നെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന മിനിമം കൂലി പോലും കിട്ടുന്നില്ല എന്നതാണ് സത്യം. അവരിൽ ഏറെപ്പേരെ സംബന്ധിച്ചിടത്തോളവും പ്രതിമാസം 12000 രൂപയോ 15000 രൂപയോ ആണ് കിട്ടിക്കൊണ്ടിരുന്നത്. എന്നാൽ അവർക്ക് ധൈര്യം കൊടുത്തിരുന്ന കാര്യം ഈ വരുമാനം തുച്ഛമാണെങ്കിൽ പോലും അത് സ്ഥിരമാണെന്നതാണ്. അവർക്ക് തങ്ങളുടെ ചെലവുകൾ ആസൂത്രണം ചെയ്യാൻ പറ്റും; അവരുടെ കുടുംബബജറ്റ് സമീകരിക്കാൻ അവർക്ക് കഴിയും. അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യം അവർക്ക് ഒരാളുടെയും മുന്നിൽ കൈനീട്ടേണ്ടതായി വന്നിരുന്നില്ല അഥവാ ഭിക്ഷ യാചിക്കേണ്ടതില്ലായിരുന്നുവെന്നതാണ്. അവർ ആത്മാഭിമാനത്തോടെ ജീവിക്കുകയായിരുന്നു.

പെട്ടെന്നാണ് ഇതാകെ മാറിമറിഞ്ഞത്. കോടിക്കണക്കിനാളുകൾ ഉണർന്നപ്പോൾ കാണുന്നത്, അവരുടെ തൊഴിലുടമകൾക്ക് ഇനിമേൽ അവരുടെ സേവനം ആവശ്യമില്ലെന്നതാണ്. അവർക്ക് ചെയ്യാനാവുമായിരുന്നത് സമൂഹത്തിന് ഇനിയങ്ങോട്ട് ഉപയോഗിക്കാൻ കഴിയില്ല. അവരുടെ തൊഴിലുകൾ നഷ്ടപ്പെട്ടു.

### അവരുടെ ജീവിതം കീഴ്മേൽ മറിഞ്ഞു

കോവിഡ് 19നെ നിയന്ത്രിക്കാൻ ഇതെല്ലാം അത്യാവശ്യമാണെന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. 21 ദിവസം കൊണ്ട് വിജയിക്കേണ്ട ഒരു യുദ്ധമാണിത്; മഹാഭാരത യുദ്ധം വിജയിക്കാൻ വേണ്ടി വന്ന 18 ദിവസത്തിനു പുറമെ വെറും മൂന്ന് ദിവസം കൂടി മതി എന്നുമായിരുന്നു പ്രധാനമന്ത്രി പറഞ്ഞത്.

21 അല്ല, 210ൽ അധികം ദിവസങ്ങൾ ഇപ്പോൾ പിന്നി

ട്ടിരിക്കുന്നു. എന്നാൽ കോവിഡ് 19നുമേലുള്ള വിജയം അടുത്തൊന്നും ഉണ്ടാകുമെന്ന് കാണാനും കഴിയുന്നില്ല. നേരെമറിച്ച് രോഗബാധിതരുടെയും മരണത്തിന്റെയും മൊത്തം എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ ഇപ്പോൾ ലോകത്ത് അമേരിക്ക കഴിഞ്ഞാൽ അടുത്ത സ്ഥാനത്താണ്. സാധാരണ നിലയിൽ എപ്പോൾ എത്തുമെന്നത് സംബന്ധിച്ച് തൊഴിലാളികളും സാധാരണ ജനങ്ങളും ഇപ്പോൾ ആശങ്കാകുലരാണ്.

മിക്കവാറുമെല്ലാ തൊഴിലാളികളും, മിക്കവാറും ജനങ്ങളാകെയും പ്രതീക്ഷിച്ചത് തങ്ങൾ ദുരിതത്തിൽ അകപ്പെട്ടിരിക്കുന്ന ഈ കാലത്ത് സർക്കാർ തങ്ങളെ സഹായിക്കുമെന്നാണ്. ചുരുങ്ങിയത്, ജോലിയിൽ നിന്ന് ആരെയും ഒഴിവാക്കരുതെന്നും കൂലി വെട്ടിക്കുറയ്ക്കരുതെന്നുമുള്ള സർക്കാരിന്റെ തന്നെ ഉത്തരവ് നടപ്പാക്കപ്പെടുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തുകയെങ്കിലും ചെയ്യുമെന്നാണ് അവർ പ്രതീക്ഷിച്ചത്; അന്യസംസ്ഥാന തൊഴിലാളികളെ അവരവരുടെ ഗ്രാമങ്ങളിൽ സുരക്ഷിതരായി എത്താനെങ്കിലും സഹായിക്കുമെന്നും അവർ കരുതി; തങ്ങൾ പട്ടിണി കിടന്ന് മരിക്കില്ലെന്നെങ്കിലും സർക്കാർ ഉറപ്പുവരുത്തുമെന്നും അവർ പ്രതീക്ഷിച്ചിരുന്നു.

ഗവൺമെന്റിൽനിന്ന് ഒരു സഹായവും ലഭിച്ചില്ലെന്നു മാത്രമല്ല, തൊഴിലാളികൾക്ക് ഉണ്ടായിരുന്ന ചെറിയ ചില സംരക്ഷണങ്ങളും ചുരുക്കം ചില അവകാശങ്ങളുംപോലും ഒന്നൊന്നായി ഇല്ലാതാക്കുന്നതിന് മോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി ഗവൺമെന്റ് അതിവേഗം മുന്നോട്ടു നീങ്ങുന്നതാണ് അവരെ ഏറെ ഞെട്ടിച്ചത്. പ്രതിപക്ഷം സഭയിൽ ഇല്ലാതിരുന്നപ്പോഴാണ് ചർച്ചയൊന്നും കൂടാതെ ലേബർ കോഡുകൾ പാർലമെന്റ് പാസ്സാക്കിയത്. വോട്ടെടുപ്പ് ആവശ്യപ്പെട്ട എംപിമാരെ സസ്പെന്റ് ചെയ്തിട്ടാണ് കാർഷികബില്ലുകൾ പാർലമെന്റ് പാസാക്കിയത്. ഈ പാർലമെന്റംഗങ്ങൾ തങ്ങളുടെ അവകാശം വിനിയോഗിക്കുക മാത്രമായിരുന്നില്ല മറിച്ച് ആരെല്ലാം എവിടെ നിൽക്കുന്നുവെന്ന് ജനങ്ങൾക്ക് കാണിച്ചുകൊടുക്കുകയെന്നതും ഈ എംപിമാരുടെ താൽപ്പര്യമായിരുന്നു ഏതു പാർടിയിലെ എംപിമാർ ബില്ലിനെ പന്തുണച്ചു, നമ്മുടെ കൃഷിക്കാർക്കൊപ്പം ഏതു പാർടിയാണ് നിൽക്കുന്നത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനായിരുന്നു അവർ ശ്രമിച്ചത്. എന്നാൽ വോട്ടെടുപ്പ് ആവശ്യപ്പെട്ട എംപിമാർ പുറത്താക്കപ്പെടുകയും ബില്ലുകൾ പാസ്സാക്കപ്പെടുകയും ചെയ്തു.

ഇതാണ് ഇന്നത്തെ സാഹചര്യം കോവിഡ് 19 മഹാമാരിയും അതുമായി ബന്ധപ്പെട്ട് ലോക്ഡൗണും ഉപയോഗിച്ച് ബിജെപി ഗവൺമെന്റ് തൊഴിലാളികളെയും സാധാരണ ജനങ്ങളെയും എല്ലാ മുന്നണികളിൽ നിന്നും ആക്രമിക്കുകയാണ്. ഇത്തരമൊരു സാഹചര്യം തികച്ചും പുതിയതാണോ? തൊഴിലില്ലായ്മയും തൊഴിൽ നഷ്ടങ്ങളും വിവിധ കാലങ്ങളിൽ വ്യത്യസ്ത അളവിൽ നിലനിന്നിരുന്നവ തന്നെയാണ്. അതൊന്നും തന്നെ അത്രയ്ക്ക് പുതുമയുള്ളവയുമല്ല. അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങൾക്കും ജനാധിപത്യ അവകാശങ്ങൾക്കും അവയ്ക്കൊപ്പം പാർലമെന്ററി മാ

**21 ദിവസം കൊണ്ട് വിജയിക്കേണ്ട ഒരു യുദ്ധമാണിത്; മഹാഭാരതയുദ്ധം വിജയിക്കാൻ വേണ്ടി വന്ന 18 ദിവസത്തിനു പുറമെ വെറും മൂന്ന് ദിവസം കൂടി മതി എന്നുമായിരുന്നു പ്രധാനമന്ത്രി പറഞ്ഞത്. 21 അല്ല, 210ൽ അധികം ദിവസങ്ങൾ ഇപ്പോൾ പിന്നിട്ടിരിക്കുന്നു. എന്നാൽ കോവിഡ് 19നുമേലുള്ള വിജയം അടുത്തൊന്നും ഉണ്ടാകുമെന്ന് കാണാനും കഴിയുന്നില്ല. നേരെമറിച്ച് രോഗബാധിതരുടെയും മരണത്തിന്റെയും മൊത്തം എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ ഇപ്പോൾ ലോകത്ത് അമേരിക്ക കഴിഞ്ഞാൽ അടുത്ത സ്ഥാനത്താണ്.**



**മിക്കവാറും ജനങ്ങളാകെയും പ്രതീക്ഷിച്ചത് തങ്ങൾ ദുരിതത്തിൽ അകപ്പെട്ടിരിക്കുന്ന ഈ കാലത്ത് സർക്കാർ തങ്ങളെ സഹായിക്കുമെന്നാണ്. ചുരുങ്ങിയത്, ജോലിയിൽ നിന്ന് ആരെയും ഒഴിവാക്കരുതെന്നും കൂലി വെട്ടിക്കുറയ്ക്കരുതെന്നുമുള്ള സർക്കാരിന്റെ തന്നെ ഉത്തരവ് നടപ്പാക്കപ്പെടുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തുകയെങ്കിലും ചെയ്യുമെന്നാണ് അവർ പ്രതീക്ഷിച്ചത്. 'ആത്മനിർഭർ പാക്കേജ് തൊഴിലാളികൾക്കോ സാധാരണ ജനങ്ങൾക്കോ വേണ്ടിയുള്ളതല്ല. അതിൽ ആകെ അടങ്ങിയിട്ടുള്ളത് കോർപറേറ്റുകൾക്കുള്ള ആനുകൂല്യങ്ങൾ മാത്രമാണ്;**



നദണ്ഡങ്ങൾക്കും ഭരണഘടനാപരമായ അവകാശങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾ എന്നിവയെല്ലാം തന്നെ ഇന്ദിരാഗാന്ധി പ്രധാനമന്ത്രി ആയിരിക്കെ കോൺഗ്രസ് ഭരണകാലത്ത് നടപ്പാക്കിയ ആഭ്യന്തര അടിയന്തരാവസ്ഥയുടെ നാളുകളിൽ ഈ നാട് ശരിക്കും അനുഭവിച്ചതാണ്. ഇവയ്ക്കിടയിൽ തന്നെ ഒട്ടേറെ നിയമലംഘനങ്ങളുടെയും ആക്രമണങ്ങളുടെയും നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇവയും തീർത്തും പുതിയവ അല്ല തന്നെ.

കോവിഡ്19 പോലുള്ള ഒരു ആരോഗ്യപ്രതിസന്ധിയെയും അതിനെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന ലോക്ഡൗൺ പോലെയുള്ള ഒരു മാനുഷികപ്രതിസന്ധിയെയും തങ്ങളുടെ നവലിബറൽ അജൻഡയെ സ്വാഭാവികമായ അന്ത്യത്തിലെത്തിക്കുന്നതിന് നിഷ്ഠുരമായി എടുത്തുപയോഗിച്ച ബിജെപി ഗവൺമെന്റിന്റെ കർക്കശമായ നിലപാടാണ്പുതിയ കാര്യം, നിന്ദ്യവും നീചവുമായ കാര്യം. മോഡി ഗവൺമെന്റ് ഇതിനെ സമഗ്രമായ ഒരു പദ്ധതിയെന്ന നിലയിലാണ് എടുത്തത്; കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും മുതലാളി വർഗത്തിന്റെ ലാഭം സംരക്ഷിക്കാനുള്ള മോഡി ഗവൺമെന്റിന്റെ നീക്കമാണതിൽ കാണാനാവുന്നത്.

കോവിഡ് 19 മഹാമാരിക്കും അതുമായി ബന്ധപ്പെട്ട ലോക്ഡൗണിനും മുൻപുതന്നെ മുതലാളിത്ത പ്രതിസന്ധി ഉണ്ടായിരുന്നു. മുതലാളിവർഗത്തെ സംബന്ധിച്ചിടത്തോളം തങ്ങളുടെ സ്തംഭനാവസ്ഥയിലായ അഥവാ ദുർബലമായ ഉൽപ്പന്നങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഏകമാർഗം അതിന്റെ ബാധ്യതയാകെ തൊഴിലാളിവർഗത്തിന്റെയോ ഇതരവിഭാഗം അധ്വാനിക്കുന്ന ജനങ്ങളുടെയോ ചുമലിലേക്ക് മാറ്റുകയെന്നതാണ്.

എന്നാൽ, ഇതിനെ തൊഴിലാളികളും ജനങ്ങളും ശക്തമായി ചെറുക്കുമെന്ന് അവർക്ക് അറിയാം. ഈ ചെറുത്തുനിൽപ്പിനെ അടിച്ചമർത്തണം. എങ്ങനെ? ഒന്നാമത്, ജനങ്ങൾ ഒന്നിച്ചു നിൽക്കുന്നതിനെയും ഒറ്റക്കെട്ടായിനിന്ന് പൊരുതുന്നതിനെയും തടയണം. ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കുമ്പോൾ മാത്രമേ അവർക്ക് പൊരുതാനാകൂ. തൊഴിൽ നഷ്ടം, തൊഴിലില്ലായ്മ, വിലക്കയറ്റം, പട്ടിണി, ദാരിദ്ര്യം മുതലായ ജനങ്ങളുടെ യഥാർഥ പ്രശ്നങ്ങളിൽ നിന്നും അവരുടെ ശ്രദ്ധതിരിക്കുന്നതിന് മതവിശ്വാസം, ജാതി വേർതിരിവുകൾ, ലിംഗവ്യത്യാസം, പ്രാദേശികവും വംശീയവുമായ ഭിന്നതകൾ എന്നിവയെ മുതലാളിത്തം ഉപയോഗിക്കുന്നു. ഭൂരിപക്ഷ വിഭാഗം ന്യൂക്ഷവിഭാഗത്തിൽനിന്നുള്ള ഭീഷണി നേരിടുകയാണ്; ഉയർന്ന ജാതിക്കാരെന്ന് വിളിക്കപ്പെടുന്നവർ ദളിതരിൽ നിന്നുള്ള ഭീഷണി നേരിടുന്നു എന്നെല്ലാം അവരെ വിശ്വസിപ്പിക്കുക. ഈ വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്കെല്ലാം കാരണം 'അപരർ' മൂലമാണെന്ന് വിശ്വസിപ്പിക്കുക.

അയോധ്യയിൽ ഒരു ക്ഷേത്രം നിർമിക്കൽ, മഥുരയിൽ

മറ്റൊരു പള്ളി പൊളിക്കൽ, വ്യത്യസ്ത വിശ്വാസികൾ തമ്മിലുള്ള വിവാഹങ്ങൾ നിയന്ത്രിക്കൽ, ഭരണഘടനയുടെ സ്ഥാനത്ത് പ്രത്യക്ഷത്തിൽ തന്നെ മനുസ്മൃതിയെ പ്രതിഷ്ഠിച്ച് 'ഹിന്ദുരാഷ്ട്രം' സ്ഥാപിക്കാനുള്ള നീക്കങ്ങൾ, മനുഷ്യർ മാത്രമല്ല മൃഗങ്ങൾ പോലും എന്തുകഴിക്കണം എന്തുകഴിക്കരുത് എന്ന് തീട്ടൂരമിറക്കൽഇവയെല്ലാംതൊഴിലവസരങ്ങൾസൃഷ്ടിക്കുമോ വരുമാനം നൽകുമോപട്ടിണിയും പോഷകക്കുറവും ഇല്ലാതാക്കുമോ ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തുമോ അതോ അടിയന്തര സാഹചര്യത്തിൽ കോവിഡ് 19നെ ചെറുക്കുമോ? ഇല്ല. ഒരിക്കലുമില്ല. എന്നാൽ ബിജെപിയെയും കേന്ദ്രത്തിലെയും പല സംസ്ഥാനങ്ങളിലെയും അവരുടെ ഗവൺമെന്റിനെയും സംബന്ധിച്ചിടത്തോളം ഇവയെല്ലാമാണ് മുൻഗണനകൾ. അതോടൊപ്പം തന്നെ, ഭീഷണി, വിരട്ടൽ, തങ്ങളുടെ ശബ്ദം ഉയർത്തുന്നതിൽ ഉറച്ചുനിൽക്കുന്നവരെ ആക്രമിക്കൽ, ഇരകളെ ആക്രമണ ലക്ഷ്യമാക്കൽ, ഈ ആക്രമണങ്ങളെ എതിർക്കുന്നതിൽ ഉറച്ചു നിൽക്കുന്നവരെയെല്ലാം 'ദേശവിരുദ്ധർ', 'അർബൻ നക്സലുകൾ' എന്നെല്ലാം മുദ്രകുത്തൽ; അവരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുക അല്ലെങ്കിൽ പാകിസ്ഥാനിലേക്ക് പോകുവെന്ന് പറഞ്ഞ് അധിക്ഷേപിക്കുക എന്നിവയെല്ലാമാണല്ലോ ബിജെപിയും അതിന്റെ ഗവൺമെന്റും ചെയ്തുകൊണ്ടിരിക്കുന്നത്.

സ്വദേശിയും വിദേശിയുമായ കോർപറേറ്റുകളുടെ താൽപ്പര്യങ്ങൾക്ക് പ്രോത്സാഹനം നൽകാനും 'ഹിന്ദുരാഷ്ട്രം' എന്ന ആർഎസ്എസ് ലക്ഷ്യം സാക്ഷാത്കരിക്കാനുമുള്ളതാണ് നവലിബറലിസത്തിന്റെയും വർഗീയതയുടെയുമായ സമഗ്രമായ പദ്ധതി ഇപ്പോഴത്തെ സാഹചര്യത്തിന്റെ അന്തഃസ്സത്ത ഇതാണ്. വർധിച്ചു വരുന്ന ജനരോഷത്തിൽ നിന്നും മുതലാളിത്ത വ്യവസ്ഥയെ സംരക്ഷിക്കാനുള്ള പദ്ധതിയുടെ ഈ സമഗ്രതയാണ് ഇന്ന് മോദി വാഴ്ചയിൽ പുതുതായിട്ടുള്ളത്. ഇന്ന് വർഗീയ ഫാസിസ്റ്റ് സ്വഭാവത്തോടുകൂടിയ ആർഎസ്എസിന്റെ രാഷ്ട്രീയ വിഭാഗമായ ബിജെപിയാണ് മുതലാളി വർഗത്തിന് തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഉപയോഗിക്കാനാവുന്ന ഏറ്റവും മികച്ച പണയപ്പണ്ടം.

ലാഭം മാത്രം ലക്ഷ്യമിടുന്ന മുതലാളിത്ത വ്യവസ്ഥയെ രക്ഷിക്കാൻ മുതലാളി വർഗത്തിന് ഏതറ്റം വരെയും പോകേണ്ടതായിവരുന്നതിലുള്ള നിരാശ പ്രകടമാക്കുന്നതാണ് ഇപ്പോഴത്തെ സാഹചര്യം; അളവറ്റ തോതിലുള്ള വിഭവങ്ങളും സമ്പത്തുമെല്ലാം ഉണ്ടായിട്ടും മാനവരാശിയുടെ അടിസ്ഥാനപ്രശ്നങ്ങളൊന്നും പരിഹരിക്കാൻ ശേഷിയില്ലാത്തതെന്ന് സ്വയം തെളിയിക്കപ്പെട്ട ഒന്നാണ് മുതലാളിത്ത വ്യവസ്ഥ. നിലവിലുള്ള വ്യവസ്ഥയ്ക്കുള്ളിൽ ബദലൊന്നും കണ്ടെത്താൻ ശേഷിയില്ലാതായ മുതലാളിത്തത്തിനു ലാഭം പരമാവധിയാക്കുകയും സമ്പത്ത് കുന്നുകൂട്ടുകയും ചെയ്യുകയെന്ന അജൻഡയുമായി മുന്നോട്ടു പോകാനുള്ള "സുവർണാവസരം" ആയി അഥവാ "ദൈവത്തിന്റെ വരദാന"മായി പ്രത്യക്ഷപ്പെട്ടതാണ് കോവിഡ് 19ഉം ലോക്ഡൗണും.

**കോവിഡ്19 പോലുള്ള ഒരു ആരോഗ്യപ്രതിസന്ധിയെയും അതിനെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന ലോക്ഡൗൺ പോലെയുള്ള ഒരു മാനുഷികപ്രതിസന്ധിയെയും തങ്ങളുടെ നവലിബറൽ അജൻഡയെ സ്വാഭാവികമായ അന്ത്യത്തിലെത്തിക്കുന്നതിന് നിഷ്ഠുരമായി എടുത്തുപയോഗിച്ച ബിജെപി ഗവൺമെന്റിന്റെ കർക്കശമായ നിലപാടാണ്പുതിയ കാര്യം, നിന്ദ്യവും നീചവുമായ കാര്യം. മോഡി ഗവൺമെന്റ് ഇതിനെ സമഗ്രമായ ഒരു പദ്ധതിയെന്ന നിലയിലാണ് എടുത്തത്; കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും മുതലാളി വർഗത്തിന്റെ ലാഭം സംരക്ഷിക്കാനുള്ള മോഡി ഗവൺമെന്റിന്റെ നീക്കമാണ തിൽ കാണാനാവുന്നത്.**



**തൊഴിൽ നഷ്ടം, തൊഴിലില്ലായ്മ, വിലക്കയറ്റം, പട്ടിണി, ദാരിദ്ര്യം മുതലായ ജനങ്ങളുടെ യഥാർഥ പ്രശ്നങ്ങളിൽ നിന്നും അവരുടെ ശ്രദ്ധതിരിക്കുന്നതിന് മതവിശ്വാസം, ജാതി വേർതിരിവുകൾ, ലിംഗവ്യത്യാസം, പ്രാദേശികവും വംശീയവുമായ ഭിന്നതകൾ എന്നിവയെ മുതലാളിത്തം ഉപയോഗിക്കുന്നു. ഇവയെല്ലാം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമോ, വരുമാനം നൽകുമോ, പട്ടിണിയും പോഷകക്കുറവും ഇല്ലാതാക്കുമോ, ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തുമോ അതോ അടിയന്തര സാഹചര്യത്തിൽ കോവിഡ് 19നെ ചെറുക്കുമോ? ഇല്ല. ഒരിക്കലുമില്ല. എന്നാൽ ബിജെപിയെയും കേന്ദ്രത്തിലെയും പല സംസ്ഥാനങ്ങളിലെയും അവരുടെ ഗവൺമെന്റിനെയും സംബന്ധിച്ചിടത്തോളം ഇവയെല്ലാമാണ് മുൻഗണനകൾ.**



അവരെ സംബന്ധിച്ചിടത്തോളം "ഇപ്പോൾ തന്നെ അല്ലെങ്കിൽ പിന്നൊരിക്കലുമില്ല". അത്രത്തോളമാണ് അവരുടെ നിരാശയുടെ തലം.

നവലിബറലിസത്തിന്റെ കുഴലൂത്തുകാർ ഇപ്പോഴത്തെ സാഹചര്യത്തെ 'പുതിയ സാധാരണത്വം' (ചലം ിീൃാമഹ) എന്ന് ചിത്രീകരിക്കാനാണ് ശ്രമിക്കുന്നത്. തൊഴിലാളികളെ സംബന്ധിച്ച് 19ാം നൂറ്റാണ്ടിലെ പോലെ അടിമസമാനമായ സാഹചര്യത്തിൽ കഴിയുന്നതാണ് ഇനിയങ്ങോട്ടുള്ള കാലത്തെ 'സാധാരണ'നില എന്നും നമ്മുടെ കൃഷിക്കാരെ കോർപ്പറേറ്റ് അഗ്രിബിസിനസുകാർ നിയന്ത്രിക്കുന്നതാണ് ഇനിയുള്ള കാലത്തെ 'സാധാരണനില' എന്നും ഇനിയുള്ള കാലം നമ്മുടെ രാജ്യത്തിന്റെ സ്വാശ്രയത്വവും പരമാധികാരവും നഷ്ടപ്പെടുന്നതായിരിക്കും 'സാധാരണ'നില എന്നുമുള്ള പ്രതീതി സൃഷ്ടിക്കാനാണ് അവർ ആഗ്രഹിക്കുന്നത്.

എന്നാൽ, തൊഴിലാളി വർഗത്തിനും കർഷക ജനതയ്ക്കും പുരോഗമനവാദികളും ദേശാഭിമാനികളുമായ ജനവിഭാഗങ്ങൾക്കും ഇന്നത്തെ സാഹചര്യത്തെ 'സാധാരണവൽക്കരിക്കാനു'ള്ള ക്രൂരമായ ഇത്തരം നീക്കങ്ങളെ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല; അവർ അത് അംഗീകരിക്കുകയുമില്ല. ഏതു സാഹചര്യത്തിലായാലും ഇതിൽ മാറ്റമുണ്ടാവില്ല.

വാസ്തവത്തിൽ, ഈ സാഹചര്യത്തിനു മറ്റൊരു 'പുതുമ'യുണ്ട് പ്രതിബന്ധങ്ങൾ നേരിട്ടുകൊണ്ടും അടിച്ചമർത്തലുകളെ ധീരതയോടെ എതിരിട്ടുകൊണ്ടും തങ്ങളുടെ അവകാശങ്ങളും ഉപജീവനമാർഗങ്ങളും സംരക്ഷിക്കുന്നതിനായി പൊരുതാനുള്ള തൊഴിലാളിവർഗത്തിന്റെയും കൃഷിക്കാരുടെയും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും വർധിച്ചുവരുന്ന സന്നദ്ധതയും ദൃഢനിശ്ചയവുമാണത്. ലോക്ഡൗൺ കാലഘട്ടം അഭൂതപൂർവമായ നിരവധി പോരാട്ടങ്ങളുടെ കാലവുമായിരുന്നു. ലോക്ഡൗൺ തുടങ്ങി ഒരു മാസത്തിനുള്ളിൽ ലക്ഷക്കണക്കിനാളുകൾ (അവരിൽ ഏറെപ്പേരും സ്ത്രീകളായിരുന്നു) തങ്ങളുടെ പുരപ്പുറത്തും ടെറസ്സുകളിലും കയറിനിന്ന് വാചകമടി മതിയാക്കാനും ഭക്ഷണമെത്തിക്കാനുള്ള നടപടിയെടുക്കാനും ആവശ്യമുന്നയിച്ച് ഗവൺമെന്റിനോട് ആക്രോശിക്കുകയുണ്ടായി. ഏഴ് മാസത്തെ ലോക്ഡൗൺ കാലം കൽക്കരി തൊഴിലാളികളുടെ മൂന്നുദിവസത്തെ ഐതിഹാസികമായ സംയുക്ത പണിമുടക്കിനു സാക്ഷ്യം വഹിച്ചു; എണ്ണക്കമ്പനികളിലെ തൊഴിലാളികളുടെയും സ്കീം തൊഴിലാളികളുടെയും പ്രത്യേകിച്ച് ആശാവർക്കർമാരുടെ, ഉരുക്ക് മേഖലയിലെ തൊഴിലാളികളുടെയും ഒട്ടേറെ സ്വകാര്യവ്യവസായങ്ങളിലെ തൊഴിലാളികളുടെയുമെല്ലാം പണിമുടക്കുകൾക്കും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ഇതേ കാലത്തുതന്നെയാണ്, നമ്മുടെ രാജ്യത്തെ രണ്ടു പ്രമുഖ സ്വത്തുൽപ്പാദക വിഭാഗങ്ങളായ തൊഴിലാളികളും കർഷകരും തമ്മിലുള്ള ഐക്യദാർഢ്യവും സഹകരണവും ശ്രദ്ധേയമായ വിധവും പ്രത്യക്ഷത്തിലും വളർന്നുവന്നത്.

ലക്ഷക്കണക്കിന് തൊഴിലാളികളും കർഷകരുമാണ് ഈ വർഷം ആഗസ്ത് 9നും സെപ്തംബർ 23നും സെപ്തംബർ 25നും പൊതുവായ ഡിമാൻഡുകൾ ഉയർത്തിയും ഒരു വിഭാഗം മറുവിഭാഗത്തിന്റെ ഡിമാൻഡുകൾക്ക് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചും പ്രക്ഷോഭങ്ങളിൽ അണിനിരന്നത്. അഖിലേന്ത്യാ കിസാൻ സംഘർഷ ഏകോപനസമിതി (അകഗടഇഇ) ആഹ്വാനം ചെയ്ത നവംബർ 26, 27 തീയതിക ളിലെ രാജ്യവ്യാപകപ്രതിഷേധത്തിന് രാജ്യത്തെ തൊഴിലാ ളിവർഗത്തിനാകെ വേണ്ടി ട്രേഡ് യൂണിയനുകളുടെ സം യുക്തവേദി പിന്തുണ പ്രഖ്യാപിച്ചതും ഇരുന്നൂറിലധികം കർഷകസംഘടനകളെ പ്രതിനിധീകരിക്കുന്ന എഐകെ എസ്സിസി, സംയുക്ത ട്രേഡ് യൂണിയൻ വേദി ആഹ്വാനം ചെയ്ത നവംബർ 26ന്റെ രാജ്യവ്യാപക പൊതുപണിമുടക്കി ന് പിന്തുണ പ്രഖ്യാപിച്ചതും അത്യധികം ശ്രദ്ധേയമായ സം ഭവവികാസമാണ്.

ഇപ്പോഴത്തെ സാഹചര്യത്തെക്കുറിച്ച് അതിന്റെ സമ ഗ്രതയിൽ നാം മനസ്സിലാക്കേണ്ടതായിട്ടുള്ളത് ഇതാണ്. ഭരണവർഗങ്ങളെ ബാധിച്ചിട്ടുള്ള നിരാശയെക്കുറിച്ച് പ്ര ത്യേകം ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. അതേസമയം തന്നെ ഒറ്റക്കെട്ടായിനിന്ന്, ദൃഢനിശ്ചയത്തോടെ പൊരുതാ നുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സന്നദ്ധതയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. നൈരാശ്യത്തിന് ഒരിക്കലും വി ജയിക്കാനാവില്ല. എന്നാൽ ദൃഢനിശ്ചയത്തിന് വിജയിക്കാ നാകും. ദൃഢനിശ്ചയത്തോടുകൂടിയ സംയുക്ത പോരാട്ടം നിശ്ചയമായും വിജയിക്കുക തന്നെ ചെയ്യും. ഈ സാഹച ര്യത്തെ തൊഴിലാളി വർഗം സ്വന്തം വരുതിയിലാക്കണം; ഭരണവർഗത്തിന്റെ, "ഇപ്പോൾ തന്നെ അല്ലെങ്കിൽ പിന്നെ ഒരിക്കലുമില്ല" എന്ന അന്തംവിട്ട ആഹ്വാനത്തിന് ദൃഢനിശ്ച യത്തോടെ തൊഴിലാളിവർഗം" ഇപ്പോഴെന്നല്ല, ഒരിക്കലുമി ല്ല" എന്ന മറുപടി നൽകണം. ഈ പോരാട്ടത്തിനു വേണ്ട തയ്യാറെടുപ്പുകൾ "ഇപ്പോൾ ഈ നിമിഷം" തന്നെ ആരംഭി ക്കണം.

ഈ സാഹചര്യം നമ്മോട് ആഹ്വാനം ചെയ്യുന്നത് തൊ ഴിലാളിവർഗത്തിന്റെയും കർഷകരുടെയും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ആകെയും കൂട്ടായ പ്രക്ഷോഭങ്ങളും കൂട്ടായ പോരാട്ടവും ഒറ്റക്കെട്ടായുള്ള ചെറുത്തുനിൽപ്പും ഈ നിമിഷം തന്നെ ഉണ്ടാകണമെന്നാണ്. കാലതാമസം വരുത്താനാവാത്തതും മാറ്റിവയ്ക്കാനാവാത്തതും ഗതി മാറ്റാ നാവാത്തതുമാണ് ഈ പോരാട്ടമെന്ന് തൊഴിലാളിവർഗ വും തൊഴിലാളിവർഗത്തിന്റെ നേതൃത്വവും ജാഗ്രതയോടെ സദാ ഓർമിക്കണം. നവംബർ 26ന്റെ പൊതുപണിമുടക്കും കർഷകജനതയുടെ നവംബർ 26, 27ന്റെ രാജ്യവ്യാപക പ്രതിഷേധങ്ങളും അതിന്റെ തുടക്കമാണ്. പണിമുടക്കിനാ യിട്ടെന്നപോലെ കർഷകസമരത്തിനുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കാനുമുള്ള തൊഴിലാളിവർഗത്തിന്റെ തയ്യാറെ ടുപ്പുകൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു. വരാനിരിക്കുന്ന ദിവസങ്ങളിൽ കൂടുതൽ വലിയ സമരങ്ങൾക്കുള്ള മുന്നോ ടിയാണിവ എന്ന ധാരണയോടുകൂടി തൊഴിലാളിവർഗം 'ഈ നിമിഷം' തന്നെ പ്രവർത്തനം തീവ്രമാക്കണം.

**സ്വദേശിയും വിദേശിയുമായ കോർ പറേറ്റുകളുടെ താൽപ്പര്യങ്ങൾക്ക് പ്രോത്സാഹനം നൽകാനും 'ഹിന്ദുരാ ഷ്ട്രം' എന്ന ആർഎസ്എസ് ലക്ഷ്യം സാക്ഷാത്കരിക്കാനുമുള്ളതാണ് നവലിബറലിസത്തിന്റെയും വർഗീയത യുടെയുമായ സമഗ്രമായ പദ്ധതി ഇപ്പോ ഴത്തെ സാഹചര്യത്തിന്റെ അന്തഃ സ്സത്ത ഇതാണ്. വർധിച്ചു വരുന്ന ജനരോഷത്തിൽ നിന്നും മുതലാളിത്ത വ്യവസ്ഥയെ സംരക്ഷിക്കാനുള്ള പദ്ധതിയുടെ ഈ സമഗ്രതയാണ് ഇന്ന് മോഡി വാഴ്ചയിൽ പുതുതായിട്ടുള്ളത്. ഇന്ന് വർഗീയ ഫാസിസ്റ്റ് സ്വഭാവത്തോടു കൂടിയ ആർഎസ്എസിന്റെ രാഷ്ട്രീയ വിഭാഗമായ ബിജെപിയാണ് മുതലാളി വർഗത്തിന് തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഉപയോഗിക്കാനാവുന്ന ഏറ്റവും മികച്ച പണയപ്പണ്ടം.**



# തൊഴിലാളി കർഷക മുന്നേറ്റം

# രാജ്യം സ്തംഭിച്ചു




മോഡി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ നടന്ന അഖിലേന്ത്യാ പണിമുടക്കിൽ വിവിധ മേഖലകളിലായി 25 കോടിയിലേറെ തൊഴിലാളികൾ അണിനിരന്നു.

ബിഎംഎസ് ഒഴികെയുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയനും പണിമുടക്കിൽ പങ്കെടുത്തു. കോൺഗ്രസ് നേതൃത്വം പണിമുടക്കിനു പിന്തുണ നൽകി. ഇടതു പാർടികൾ തുടക്കത്തിലേ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചിരുന്നു. കർഷക സംഘടനകളും പ്രക്ഷോഭത്തിൽ പങ്കെടുത്തു. തൊഴിലാളി വിരുദ്ധ തൊഴിൽ ചട്ടങ്ങളും കർഷക ദ്രോഹ കാർഷിക നിയമങ്ങളും പിൻവലിക്കുക, ആദായ നികുതിക്ക് പുറത്തുള്ള എല്ലാ കുടുംബത്തിനും മാസം 7500 രൂപ ധനസഹായം എല്ലാവർക്കും മാസം 10 കിലോ സൗജന്യ റേഷൻ തുടങ്ങി ഏഴിന ആവശ്യമുന്നയിച്ചായിരുന്നു പണിമുടക്ക്. ബാങ്കിംഗ്, ഇൻഷുറൻസ്, എണ്ണ പ്രകൃതി വാതകം, ഊർജം, തുറമുഖം, കൽക്കരി അടക്കമുള്ള ഖനിമേഖലകൾ, സിമന്റ്, സ്റ്റീൽ, തപാൽ, ടെലികോം, പൊതു സ്വകാര്യ വാഹന ഗതാഗതം, പ്രതിരോധം, കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ, ആശ, അങ്കണവാടി തുടങ്ങി പദ്ധതി തൊഴിലാളികൾ, തൊഴിലുറപ്പു തൊഴിലാളികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ തുടങ്ങി എല്ലാ വിഭാഗവും പണിമുടക്കിൽ അണിനിരന്നു.

ദൽഹിയിലെ പാർലമെന്റ് സ്ട്രീറ്റിൽ കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കൾ സമരത്തെ അഭിവാദ്യം ചെയ്തു. രാജ്യത്ത് വിവിധ കേന്ദ്രങ്ങളിൽ റെയിൽ, റോഡ് ഉപരോധങ്ങൾ സംഘടിപ്പിച്ചു. ദൽഹി അതിർത്തിയിൽ കർഷകമാർച്ച് പോലീസ് ബാരിക്കേഡ് വച്ച് തടഞ്ഞു. ഹരിയാനയിൽ കർഷക മാർച്ചിന് നേരെ പോലീസ് അതിക്രമം നടന്നു.

സിഐടിയു, ഐഎൻടിയുസി, എഐടിയുസി, എച്ച്എംഎസ്, എഐയുടിയുസി, ടിയുസിഐ, എൽപിഎഫ്, എഐസിസിടിയു, സേവ തുടങ്ങിയ ട്രേഡ് യൂണിയനുകളാണ് പണിമുടക്കിന് നേതൃത്വം കൊടുത്തത്.

തൊഴിലാളി കർഷക ദ്രോഹ നിലപാടുകൾ തിരുത്താൻ സർക്കാർ തയാറാകുന്നില്ലെങ്കിൽ ഭാവിയിൽ വലിയ സമരപരിപാടികൾ ഉണ്ടാകുമെന്ന് സിഐടിയു ജനറൽ സെക്രട്ടറി തപൻ സെൻ പറഞ്ഞു.



# സംസ്ഥാനം നിശ്ചലമായി

ദേശീയ പണിമുടക്ക് കേരളത്തിൽ പൂർണമായി. കടകമ്പോളങ്ങൾ അടഞ്ഞു കിടന്നു. കെഎസ്ആർടിസിയും മറ്റ് പൊതുഗതാഗതവും പൂർണമായി സ്തംഭിച്ചു. കൊച്ചിൻ പോർട്ട്, വല്ലാർപാടം കണ്ടെയ്നർമെന്റ് ടെർമിനൽ, ആലുവ -കളമശേരി വ്യവസായ ഇടനാഴി, പാലക്കാട് കഞ്ചിക്കോട് വ്യവസായമേഖല, ഐടി മേഖല, ബിഇഎംഎൽ എന്നിവിടങ്ങളിൽ പണിമുടക്ക് പൂർണമായിരുന്നു. പരമ്പരാഗത മേഖല, തോട്ടം, നിർമാണം തുടങ്ങിയ അസംഘടിതമേഖലയിലും പൂർണമായിരുന്നു. കെഎസ്ഇബി, വാട്ടർ അതോറിട്ടി, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പണിമുടക്ക് പൂർണമായിരുന്നു. എഫ്എസിടി, വിഎസ്എസ് സി, ബിഎസ്എൻഎൽ, എച്ച്.എൽഎൽ തുടങ്ങി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ബാങ്ക്, ഇൻഷുറൻസ്, പോസ്റ്റൽ, ടെലികോം, സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ ഓഫീസുകൾ തുടങ്ങിയവ പൂർണമായും അടഞ്ഞുകിടന്നു.

സംസ്ഥാനത്ത് പണിമുടക്ക് വിജയിപ്പിക്കുന്നതിന് നല്ല നിലയിലുള്ള പ്രവർത്തനമാണ് സംഘടിപ്പിച്ചിരുന്നത്. നവംബർ 25ന് വൈകിട്ട് എല്ലാ അങ്ങാടികളിലും മറ്റ് പൊതു ഇടങ്ങളിലും തൊഴിലാളികൾ പന്തംകൊളുത്തി പ്രകടനം നടത്തി.

പണിമുടക്ക് ദിവസം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഏരിയാ കേന്ദ്രങ്ങളിലും സമരകേന്ദ്രങ്ങൾ തുറന്നു. തിരുവനന്തപുരത്ത് ഗാന്ധിപാർക്കിൽ ചേർന്ന പൊതുയോഗം സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉൽഘാടനം ചെയ്തു. ഐഎൻടിയുസി നേതാവ് ആർ. ചന്ദ്രശേഖറും എഐടിയുസി നേതാവ് കെ.പി. രാജേന്ദ്രനും തിരുവനന്തപുരത്ത് പങ്കെടുത്ത് സംസാരിച്ചു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം കോഴിക്കോട് സമരം ഉൽഘാടനം ചെയ്തു. കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് പാതയോരങ്ങളിൽ തൊഴിലാളികൾ ധർണ നടത്തി പണിമുടക്കിൽ പങ്കാളികളായി.

പണിമുടക്ക് വിജയിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത എല്ലാ പഞ്ചായത്തുകളിലും പണിമുടക്കിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി അനൗൺസ്മെന്റ് പ്രചാരണം നടത്തി. ദൽഹി പ്രഖ്യാപനം അച്ചടിച്ച് തൊഴിലാളികൾക്കിടയിൽ വ്യാപകമായി പ്രചരിപ്പിച്ചു. പോസ്റ്റർ, ചുവരെഴുത്ത് എന്നിവയും സംയുക്ത സംസ്ഥാന കൺവെൻഷനും ജില്ലാ, ഏരിയാ പഞ്ചായത്ത് തല കൺവെൻഷനുകളും നടത്തി.

മോദി സർക്കാരിന്റെ തൊഴിലാളി കർഷകവിരുദ്ധ നയങ്ങൾക്കുള്ള ശക്തമായ താക്കീതായി കേരളത്തിലെ പണിമുടക്ക് മാറി.






# വാഗ്ദാനങ്ങൾ നിറവേറ്റുന്ന എൽഡിഎഫ്



കേരളത്തിൽ 2020 ഡിസംബർ 8, 10, 14 തീയതികളിലായി തദ്ദേശ ഭരണ തിരഞ്ഞെടുപ്പു നടക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന വേളയിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു നടക്കുന്നത് എന്നത് ശ്രദ്ധേയമാണ്. അധികാര വികേന്ദ്രീകരണത്തിനു വേണ്ടി 1957 ലെ ഇഎംഎസ് സർക്കാർ മുതൽ ഇടതുപക്ഷം എടുത്തുവന്ന നിലപാടുകളുടെ തുടർച്ചയായാണ് ജനകീയാസൂത്രണ പരിപാടി ആസൂത്രണം ചെയ്തു നടപ്പാക്കിയത്. കോൺഗ്രസും ബിജെപിയും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എല്ലാം അധികാര വികേന്ദ്രീകരണത്തിനായി കൊണ്ടു വന്ന 73 ഉം 74 ഉം ഭേദഗതികളുടെ അന്തഃസത്ത ഇല്ലാതാക്കിയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. കേരളം മാത്രമാണ് 73, 74 ഭരണഘടനാ ഭേദഗതിയുടെ ഇരുപത്തഞ്ചാം വാർഷികം ആഘോഷിക്കുന്നത്. കോൺഗ്രസ് സർക്കാർ കൊണ്ടുവന്ന ഈ ഭേദഗതിയുടെ പ്രാധാന്യം കോൺഗ്രസുകാർ മറന്നു. ബിജെപിയാണെങ്കിൽ സംസ്ഥാനങ്ങളുടെ പോലും ഭരണഘടനാപരമായ അവകാശങ്ങൾ പോലും കൈയേറി അധികാരവും സമ്പത്തുമെല്ലാം കേന്ദ്രീകരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങൾ വിലയിരുത്തിക്കൊണ്ട് അധികാര വികേന്ദ്രീകരണം എങ്ങനെ കൂടുതൽ ശക്തിപെടുത്താം എന്നതാണ് ഈ തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണി പ്രധാനമായി കാണുന്ന ഒരു വിഷയം. "വികസനത്തിന് ഒരു വോട്ട് സാമൂഹ്യമൈത്രിക്ക് ഒരു വോട്ട് " എന്ന മുദ്രാവാക്യമാണ് എൽഡിഎഫ് മുന്നോട്ട് വയ്ക്കുന്നത്. പ്രകടന പത്രികയിലെ ഒരു പ്രധാന ഊന്നൽ തൊഴിലിനാണ്.

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ 10 ലക്ഷം പേർക്ക് തൊഴിൽ. കാർഷിക മേഖലയിൽ 5 ലക്ഷം തൊഴിൽ, കാർഷികേതര മേഖലയിൽ 5 ലക്ഷം.
- ദാരിദ്ര്യം പൂർണമായി തുടച്ചു നീക്കും. ഓരോ കുടുംബത്തിനും ദാരിദ്ര്യത്തിൽ നിന്നും കരകയറാൻ മൈക്രോ പ്ലാനുകൾ. ഇതിനായി കുടുംബശ്രീ ഉപമിഷൻ രൂപീകരിക്കും.
- ഭവന രഹിതരുടെ ലിസ്റ്റിലുള്ളതടക്കം അഞ്ചുലക്ഷം പേർക്ക് വീട്.
- ജനുവരി മുതൽ ക്ഷേമപെൻഷനുകൾ 1500 രൂപയാക്കും.
- സാധാരണ ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ കണ്ടറിഞ്ഞാണ് തദ്ദേശ ഭരണ തെരഞ്ഞെടുപ്പു പ്രകടന പത്രിക പ്രസിദ്ധീകരിച്ചിരിക്കുന്നത്.

എൽഡിഎഫ് ജനങ്ങളുടെ മുന്നിൽ വക്കുന്ന വാഗ്ദാനങ്ങൾ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. മറ്റുള്ളവരെ പോലെ പ്രകടന പത്രിക പുറത്തിറക്കി ഇലക്ഷൻ കഴിയുമ്പോൾ അത് ചവറ്റുകൊട്ടയിലെറിയില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പു കാലത്ത് ജനങ്ങളുടെ മുന്നിൽ വച്ച വാഗ്ദാനങ്ങൾ എല്ലാ പ്രതിസന്ധികളുടെ മധ്യത്തിൽ നിന്നും നടപ്പാക്കി ക്കൊണ്ടിരിക്കുകയാണ്. അതിൽ ചിലത് വരും പേജുകളിൽ കൊടുക്കുന്നു.

## എഞ്ചിനീയറിങ് കോളേജ് വിദ്യാർഥികൾക്ക് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം



എഞ്ചിനിയറിങ് കോളേജ് വിദ്യാർഥികളെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം ആരംഭിച്ചു. സംസ്ഥാനത്തെ 150 എഞ്ചിനിയറിങ് കോളേജുകളേയും ഇത്തരത്തിൽ ബന്ധിപ്പിച്ചിരിക്കുന്നു.

## പഴം, പച്ചക്കറി ഗുണമേന്മ വർധിപ്പിക്കാൻ പദ്ധതി



പഴം, പച്ചക്കറി ഉത്പന്നങ്ങളുടെ ഗുണമേന്മ വർധിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കി. തൃശ്ശൂരിൽ ആദ്യ അഗ്രോപാർക്കു നിർമിച്ചു. കയറ്റുമതി ഉത്പന്നങ്ങൾ ഗുണനിലവാരം ഉറപ്പാക്കി കയറ്റുമതിക്ക് തയ്യാറാക്കുന്നതിനുവേണ്ടി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ 20 ടൺ കപ്പാ സിറ്റിയിലുള്ള ഒരു പാക്ക്ഹൗസ് പ്രവർത്തനം ആരംഭിച്ചു. 185 ടൺ ശേഷിയുള്ള പാക്ക് ഹൗസ് എറണാകുളം ജില്ലയിലെ വാഴക്കുളത്ത് പ്രവർത്തനം ആരംഭിച്ചു.

## ഖരമാലിന്യ മാനേജ്മെന്റ് പദ്ധതി



2100 കോടിയുടെ ഖരമാലിന്യ മാനേജ്മെന്റ് പദ്ധതിക്കു രൂപം നൽകി. ഖരമാലിന്യ ശേഖരണവും സംസ്കരണവും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നിർവഹിക്കുന്നത്. 3500 ഹരിത കർമസേന യൂണിറ്റുകളും 888 ശേഖരണ കേന്ദ്രങ്ങളും 151 റിസോഴ്സ് റിക്കവറി സൗകര്യങ്ങളും നാലു വർഷത്തിനുള്ളിൽ നിലവിൽ വന്നു.

## പെട്രോകെമിക്കൽ പാർക്ക്



പെട്രോകെമിക്കൽ കോംപ്ലക്സിനു വേണ്ടി 481 ഏക്കർ സ്ഥലം ലഭ്യമാക്കാനുള്ള കേന്ദ്രാനുമതിയായി. ധാരണ പ്രകാരം ഫാക്ടിനു സൗജന്യമായി സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് 2020 ഡിസംബറോടെ പദ്ധതിക്കു തറക്കല്ലിടാനാകും. കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി കിഫ്ബി വഴി തുക കണ്ടെത്തി പദ്ധതി പൂർത്തിയാക്കാനാണു ലക്ഷ്യം വയ്ക്കുന്നത്. പദ്ധതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു.




## കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി

കിഫ്ബി വഴി തുക കണ്ടെത്തി പദ്ധതി പൂർത്തിയാക്കാനാണു ലക്ഷ്യം വയ്ക്കുന്നത്. പദ്ധതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു.



## വ്യവസായ പുനരുജ്ജീവനത്തിന് *ഭദ്രത*

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള പ്രത്യേക പാക്കേജായ വ്യവസായ ഭദ്രത ആവിഷ്കരിച്ചു. 3,434 കോടി രൂപയുടെ സഹായമാണ് വ്യവസായവകുപ്പ് വഴി ലഭ്യമാക്കുന്നത്. പാക്കേജ് പ്രകാരം, നിലവിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് നൽകുന്ന അധിക വായ്പ യ്ക്ക് മാർജിൻ മണി സഹായവും പലിശ ഇളവും അനുവദിക്കും. മറ്റ് ഒട്ടേറെ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്.



## നദികളുടെ പുനരുദ്ധാരണം

വരട്ടാർ (പത്തനംതിട്ട), കിള്ളിയാർ (തിരുവനന്തപുരം), കുട്ടംപേരൂർ (ആലപ്പുഴ), മീനച്ചിലാർ (കോട്ടയം), കരുമാത്തൂർ (കണ്ണൂർ), ചാലിയാർ (മലപ്പുറം), കണ്ണാടിപ്പുഴ (പാലക്കാട്), ഗായത്രിപ്പുഴ (പാലക്കാട്), കോരയാർപ്പുഴ (പാലക്കാട്) എന്നീ നദികളുടെ പുനരുജീവനം ഇതിന്റെ ഉദാഹരണങ്ങളാണ്. കുട്ടൻപേരൂറാർ, കരുമാത്തൂർ പുഴ, കണ്ണാടിപ്പുഴ, കോരയാർപ്പുഴ എന്നീ നദികളുടെ പുനരുദ്ധാരണനടപടികൾ പൂർത്തീകരിച്ചു.



## പച്ചക്കറി ഉത്പാദനത്തിൽ കുതിച്ചുചാട്ടം

കൃഷിവകുപ്പും ഹരിതകേരളമിഷനും ജൈവപച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കാനുള്ള ജനകീയക്യാമ്പയിൻ നടത്തിവരുന്നു. പച്ചക്കറിയുത്പാദനം വർധിപ്പിക്കാൻ സർക്കാർ സ്വീകരിച്ച വിവിധ നടപടികൾമൂലം 2015-16-വർഷത്തെ ഉത്പാദനമായ 6.28 ലക്ഷം മെട്രിക് ടണ്ണിൽനിന്ന് 2018-19-ൽ 12.12 ലക്ഷം മെട്രിക് ടണ്ണായി വർധിപ്പിക്കാൻ കഴിഞ്ഞു. പ്രാഥമിക കണക്കുകൾ പ്രകാരം, 2019-20-വർഷം 15 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിച്ചിട്ടുണ്ട്.

## ഫിഷറീസ് നയം രൂപവത്കരിച്ചു

സുസ്ഥിര വികസനത്തിലധിഷ്ഠിതമായ ഉല്പാദന വർധനവും മത്സ്യവിഭവ സംരക്ഷണവും ഉറപ്പുവരുത്തുന്ന സംസ്ഥാന ഫിഷറീസ് നയം രൂപീകരിച്ചു. പങ്കാളിത്ത വിഭവപരിപാലനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഊന്നൽ നൽകുന്ന സംസ്ഥാന ഫിഷറീസ് നയം കടൽ ഉൾനാടൻ മത്സ്യകൃഷിയിൽ നിന്നുള്ള ഉല്പാദനം ഇരട്ടിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## കാടിനെ സംരക്ഷിക്കാൻ കാട്ടുതീക്കെതിരെ



വനങ്ങളെ കാട്ടുതീയിൽനിന്ന് സംരക്ഷിക്കുന്നതിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഡെറാഡൂണിലെ ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഫയർ അലർട്ട് സിസ്റ്റം നടപ്പിലാക്കി. അഗ്നിപ്രതിരോധപ്രവർത്തനങ്ങൾക്ക് വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിങ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചു. വനംവകുപ്പിന് ഫോറസ്റ്റ് മിനി ഫയർ ടെന്റർ വാഹനങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

## തോട്ടണ്ടി ആഭ്യന്തര ഉദ്പാദനത്തിൽ വർധന



കേരള സംസ്ഥാന കശുമാവുകൃഷി വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ ഉത്പാദനക്ഷമത കൂടിയ കശുമാവിനങ്ങൾ കൃഷി ചെയ്യാനുള്ള വിപുലമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2011-12-ൽ 52,000 ഹെക്ടർ ആയിരുന്ന കശുമാവ് കൃഷി 2018-19-ൽ 96,650 ഹെക്ടറായി വർധിച്ചു. തോട്ടണ്ടി ഉത്പാദനം 37,000 മെട്രിക് ടണ്ണിൽനിന്ന് 88,180 മെട്രിക് ടണ്ണായും വർധിച്ചു.

## ശബരിമല വികസനം



ശബരിമല ഇടത്താവള നിർമാണത്തിനുള്ള 150 കോടി രൂപയുടെ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ആദ്യപടിയായി എരുമേലി, കഴക്കൂട്ടം, ചെങ്ങന്നൂർ, ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രം, മണിയങ്കോട്, ചിറങ്ങര എന്നിവിടങ്ങളിൽ ഇടത്താവളം നിർമിക്കും. ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിലയ്ക്കലിൽ 500 കിടക്കകളുള്ള ഡോർമെറ്ററിയുടെ നിർമാണം പൂർത്തിയായി. ശബരിമല വിമാനത്താവളത്തിന്റെ സാധ്യതാ പഠന റിപ്പോർട്ട് 2018 നവംബറിൽ സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയായി. കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

## സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം



സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി 5600 ഓളം നെയ്ത്തുതൊഴിലാളികൾക്കും അതിലേറെ അനുബന്ധതൊഴിലാളികൾക്കും വർഷം 100 മുതൽ 300 വരെ ദിവസങ്ങളിൽ തൊഴിൽ നൽകാനായി. യൂണിഫോം നിർമാണത്തിന്റെ കൂലി ഇനത്തിൽ 154.91 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 21.62 കോടി രൂപയും നാലു വർഷത്തിനുള്ളിൽ നല്കി.

## വഴികാട്ടിയായി സ്കിൽ ഡെവലപ്മെന്റും കരിയർ ഗൈഡൻസും




എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കി മാറ്റാൻ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോട് അനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററും ഗ്രാമീണമേഖലയിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (കകകഉ), നൈപുണ്യ വികസനത്തിനായി അക്രഡിറ്റ് ചെയ്തിട്ടുള്ള കേന്ദ്രങ്ങൾ, കൗശൽ കേന്ദ്ര തുടങ്ങിയവയിലൂടെയും 1,90,113-പേർക്ക് നൈപുണ്യവികസനം നല്കാനും 43,994-പേർക്കു തൊഴിൽ നേടിക്കൊടുക്കാനും കഴിഞ്ഞു.

## ഭക്ഷ്യസുരക്ഷയ്ക്ക് 3860 കോടിയുടെ സുഭിക്ഷ കേരളം




ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി ഒരു വർഷം കൊണ്ട് 3860 കോടി രൂപയുടെ "സുഭിക്ഷ കേരളം" പദ്ധതി ആവിഷ്കരിച്ചു. കൃഷി, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകൾ സംയുക്തമായാണ് പദ്ധതി നടപ്പാക്കുക. ജലസേചന കാര്യത്തിൽ ജലവിഭവ വകുപ്പും കാർഷികോത്പന്നങ്ങളുടെ മൂല്യവർധനയ്ക്ക് വ്യവസായ വകുപ്പും സഹകരിക്കും. തരിശുനിലകൃഷി, ഉത്പാദന വർധനവിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം, യുവാക്കളെയും തിരിച്ചുവരുന്ന പ്രവാസികളെയും കൃഷിയിലേക്ക് ആകർഷിക്കുക, മൃഗപരിപാലന മേഖലയും മത്സ്യബന്ധന മേഖലയും അഭിവൃദ്ധിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ബൃഹദ് പദ്ധതി നടപ്പാക്കുന്നത്.

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി



2015-16-ൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണു ലാഭത്തിലായിരുന്നത്. 2016-17-ൽ അതു 13-ഉം 2017-18-ൽ 14-ഉം 2018-19-ൽ 17-ഉം ആയി വർധിച്ചിട്ടുണ്ട്. 2018-19-ലെ മൊത്തം ലാഭം 258.29 കോടിയായി ഉയർന്നിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ ആകമാനം വ്യവസായവളർച്ച 4.7% കുറഞ്ഞപ്പോഴും മൂന്നാം പാദം വരെ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവച്ചിരുന്നത്. വ്യാവസായിക മുരടിപ്പിന്റെയും പിന്നാലെ വന്ന കോവിഡ്-19 മഹാമാരിയുടെയും സാഹചര്യത്തിൽപ്പോലും സ്ഥാപനങ്ങളെ പ്രവർത്തനലാഭത്തിൽ എത്തിക്കാൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്.

## സ്റ്റാർട്ടപ്പ് ഹബ്ബായി കേരളം

2019 മാർച്ച് 31 വരെ 2300 സ്റ്റാർട്ട്-അപ് കമ്പനികളാണ് വ്യവസായവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2019–20 വർഷത്തിൽ Ubi global കേരള സ്റ്റാർട്ടപ്പ് മിഷനെ ലോകത്തിലെ എറ്റവും മികച്ച പബ്ലിക് ബിസിനസ് ആക് സിലറേറ്ററായി തെരഞ്ഞെടുത്തു. 2018–19 ൽ ഭാരതസർക്കാർ നടപ്പിലാക്കിയ ആദ്യ ദേശീയതല സ്റ്റാർട്ട്-അപ് റാങ്കിങ്ങിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമെന്ന പദവി നേടാൻ കേരളത്തിനായി.




## 100 കോടി കവിഞ്ഞ് പ്രവാസി ഡിവിഡന്റ് പദ്ധതി

കേരള പ്രവാസി ക്ഷേമ ബോർഡ് നടപ്പാക്കുന്ന പ്രവാസി ഡിവിഡന്റ് പദ്ധതി മഹാമാരിയെ തോൽപ്പിച്ച് മുന്നേറുന്നു. നിക്ഷേപം 100 കോടി കടന്നു. 20 രാജ്യങ്ങളിൽ നിന്നായി 877 പേർ പദ്ധതിയിൽ അംഗങ്ങളായി. 352 പേർ മടങ്ങിയെത്തിയവരാണ്. മൂന്നു ലക്ഷം മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന പദ്ധതിയിൽ നിക്ഷേപകർക്ക് സർക്കാർ വിഹിതം ഉൾപ്പെടെ 10 ശതമാനം ഡിവിഡന്റ് ലഭിക്കും.




## മലബാർ വികസനത്തിൽ കുതിച്ചുചാട്ടം

കാസർഗോഡ് തലപ്പാടി മുതൽ കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് വരെയുള്ള ദേശീയ പാത വികസനത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം പള്ളിക്കര റെയിൽവേ മേൽപ്പാലം പ്രവൃത്തി പുരോഗമിക്കുന്നു.

കാസർഗോഡ് ജില്ലയിൽ അമ്പലത്തറയിൽ സ്ഥാപിച്ച 50 മെഗാവാട്ട് സോളാർ പാർക്കിന് പുറമെ ഒരു 50 മെഗാവാട്ട് കൂടി നിർമിക്കുവാൻ THD-CILനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൈവെളിഗയിൽ 50 മെഗാവാട്ട് നടപ്പിലാക്കാൻ ഇപ്പോൾ 250 ഏക്കർ സ്ഥലം അനുവദിച്ച് കിട്ടിയതിനെ തുടർന്ന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

കോഴിക്കോട് നഗരവികസനവുമായി ബന്ധപ്പെട്ട് രാമനാട്ടുകര, തൊണ്ടയാട് ഫ്ളൈഓവർ പൂർത്തിയാക്കി. കോഴിക്കോട് പന്നിയങ്കര റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്തു. കോഴിക്കോട് കുഞ്ഞിപ്പള്ളി റെയിൽവേ മേൽപ്പാലം, ലാൻഡ് അക്വസിഷൻ പ്രശ്നം കാരണം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. കേസും തർക്കവും തീർപ്പാക്കി



നാലു മാസം കൊണ്ട് ബാക്കി പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി ഒന്നാം ഘട്ടം പൂർത്തിയാക്കി. കോഴിക്കോട് ബൈ പാസ് വീതി കൂട്ടാനുള്ള നടപടി പുരോഗമിക്കുന്നു. കോഴിക്കോട് മാലിന്യസംസ്കരണപ്ലാന്റിന്റെ നിർമാണം ആരംഭിച്ചു.



## രാജ്യത്തിന് മാതൃകയായി സമ്പൂർണ വൈദ്യുതീകരണം

2017 മേയ്മാസത്തോടെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യസംസ്ഥാനമായി കേരളം മാറി. ഈ സ്ഥിതി തുടർന്നും നിലനിർത്തുന്നു. ഈ നാലുവർഷത്തെ കാലയളവിൽ 15 ലക്ഷത്തോളം പുതിയ വൈദ്യുതികണക്ഷനുകൾ നല്കിയിട്ടുണ്ട്. പ്രതിമാസം ഇരുപത്തയ്യായിരത്തോളം പുതിയ കണക്ഷനുകൾ നല്കുന്നുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് താമസമില്ലാതെ ഇപ്പോൾ കണക്ഷൻ നല്കുന്നുണ്ട്.



## 8.82 ലക്ഷം കുടിവെള്ള കണക്ഷൻ നൽകി

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്താകെ 8.82 ലക്ഷം കുടിവെള്ള കണക്ഷനുകൾ നല്കിക്കഴിഞ്ഞു. ഇതിൽ ഏഴുലക്ഷം കണക്ഷനുകൾ ജല അതോറിറ്റിയാണു നല്കിയത്. ജലനിധി പദ്ധതി മുഖേന 1013 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും പുതിയ 1.82 ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകുകയും ചെയ്തു.

## ആർദ്രത്തിന്റെ ചിറകിൽ ഉയരങ്ങൾ താണ്ടി ആരോഗ്യരംഗം




ആരോഗ്യമേഖലയുടെ സമഗ്രവളർച്ച ലക്ഷ്യമിടുന്ന ആർദ്രം പദ്ധതി വഴി ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യകേന്ദ്ര (പി.എച്ച്.സി.)ങ്ങളെയും കുടുംബാരോഗ്യകേന്ദ്ര (എഫ്.എച്ച്.സി.) ങ്ങളാക്കി ഉയർത്തും. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 162 എണ്ണം കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റി. ബാക്കിയുള്ളവയുടെ നിർമാണം പൂർത്തിയായിവരുന്നു. രണ്ടാംഘട്ടത്തിൽ 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്ന വിപുലമായ പ്രവർത്തന പരിപാടികളുമായാണു മുന്നോട്ടു പോകുന്നത്. ഇതിൽ 409 എണ്ണത്തിനു ഭരണാനുമതി നല്കുകയും 107എണ്ണം നിർമാണം പൂർത്തിയാക്കി എഫ്.എച്ച്.സി. ആക്കുകയും ചെയ്തു. 200 എണ്ണത്തിന്റെ നിർമാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ബാക്കി 197 എണ്ണത്തിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്.

അവശേഷിക്കുന്ന 220 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ മൂന്നാംഘട്ടത്തിൽപ്പെടുത്തി തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. 76 സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. സേവനസമയം വൈകിട്ട് 6 മണിവരെ ദീർഘിപ്പിക്കുകയും സേവനമേഖലകൾ വിപുലപ്പെടുത്തുകയും ചെയ്തു. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയുമൊക്കെ അധികമായി വേണ്ട സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖാന്തരവും ദേശീയ ആരോഗ്യദൗത്യം മുഖേനയും താത്ക്കാലികമായി നിയമിക്കുന്നുമുണ്ട്. രോഗചികിത്സയ്ക്കു മാത്രമല്ല, ആരോഗ്യവർധകപ്രവർത്തനങ്ങൾ, രോഗപ്രതിരോധം, സാന്ത്വന പരിചരണം, റീഹാബിലിറ്റേഷൻ എന്നിവയെല്ലാം അടങ്ങുന്ന സമഗ്രപ്രാഥമികാരോഗ്യപരിചരണമാണു നടപ്പിലാക്കിവരുന്നത്.

## പ്രകൃതിയുടെ വീണ്ടെടുപ്പിന് ഹരിതകേരളം മിഷൻ

ശുചിത്വവും ജലസമൃദ്ധിയും ജലസുരക്ഷയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉദ്പാദനവും ലക്ഷ്യമിട്ട് രൂപീകരിച്ച ഹരിതകേരളം മിഷൻ പ്രകടമായ നേട്ടങ്ങൾ കൈവരിച്ചു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായും ജനകീയ പങ്കാളിത്തത്തോടെയുമാണ് പ്രവർത്തനം. ഇതിനകം 390 കി.മീ പുഴകളും 41,529 കി.മീ തോടുകളും പുനരുജീവിപ്പിച്ചു. 54,362 കിണറുകൾ റീച്ചാർജ് ചെയ്തു; 23,158 കിണറുകൾ നിർമിച്ചു; 13,942 കിണറുകൾ നവീകരിച്ചു. 18,203 കുളങ്ങൾ നിർമിച്ചു. 23,628 കുളങ്ങൾ നവീകരിച്ചു. 1,21,81,650 ഘന മീറ്റർ ജലസംഭരണ ശേഷി ഉറപ്പാക്കി. 1,090 പച്ചത്തുരുത്തുകൾ  തീർത്തു. 546 തദ്ദേശ സ്ഥാപനങ്ങളിലായി 402.9 ഏക്കറിൽ 1,43,603 വൃക്ഷതൈത്തകൾ നട്ടു.  4000 ത്തിലധികം ഏക്കറിൽ കൃഷി പുനരാരംഭിക്കാനായി.




## ക്ഷേമപെൻഷനുകൾ കൈനിറയെ വീട്ടിൽ

വാഗ്ദാനം ചെയ്തതുപോലെ കുറഞ്ഞ പെൻഷൻ ആദ്യവർഷം 1000 രൂപയാക്കുകയും തുടർന്നു വർഷം തോറും 100 രൂപവീതം ഉയർത്തിയതു വഴി ഇപ്പോൾ 1400 രൂപയായി. സാമൂഹ്യസുരക്ഷ, ക്ഷേമ പെൻഷനുകൾ ആവശ്യക്കാർക്കു വീടുകളിൽ എത്തിച്ചു നല്കിപ്പോരുന്നു. പെൻഷനുപഭോക്താക്കളുടെ എണ്ണം 35,83,886-ൽനിന്ന് 47,88,939 ആയി ഉയർന്നു. നാലുകൊല്ലംകൊണ്ട് 22932.22 കോടി രൂപയാണ് സാമൂഹികസുരക്ഷാ പെൻഷനുകളായി ഈ സർക്കാർ വിതരണം ചെയ്തത്.






കേരളബാങ്ക്
രൂപീകരണ പ്രഖ്യാപനം
ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ
കേരളബാങ്ക്



## അഭിമാനമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം



പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസരംഗത്തെ ഉടച്ചു വാർത്തു. സ്കൂളുകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് എത്തിക്കാനുള്ള വിപുലമായ പദ്ധതികളും വിവരസാങ്കേതികവിദ്യാമേഖലകളുടെ ഫലപ്രദമായ ഉപയോഗവും വിദ്യാഭ്യാസരംഗത്തു നടപ്പിലാക്കുകയാണ്. 2017-18 മുതൽ 2019-20 വരെയുള്ള അദ്ധ്യയനവർഷങ്ങളിൽ അഞ്ചു ലക്ഷത്തിലധികം കുട്ടികളാണു പൊതുവിദ്യാലയങ്ങളിൽ അധികമായി ചേർന്നത്.

## ഗുണമേൻമയോടെ ഉന്നതവിദ്യാഭ്യാസ രംഗം



സർക്കാർ കോളേജുകളുടെയും സർവകലാശാലകളുടെയും അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി കിഫ്ബി പദ്ധതിയിൽ 700 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. 750 കോടി രൂപയുടെ പദ്ധതികൾക്കുകൂടി അംഗീകാരം പ്രതീക്ഷിക്കുന്നു.

## അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം കൂട്ടി



അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം യഥാക്രമം 12,000 രൂപയായും 8,000 രൂപയായും വർധിപ്പിച്ചു. അങ്കണവാടി വർക്കർമരുടെ പെൻഷൻ 500 രൂപയിൽനിന്നു 2,000 രൂപയായും ഹെൽപ്പർമാരുടെ പെൻഷൻ 300 രൂപയിൽ നിന്നും 1200 രൂപയായും വർധിപ്പിച്ചു. ക്രഷ് വർക്കർമരുടെ പ്രതിമാസ ഓണറേറിയം 3,000 രൂപയിൽ നിന്നു 4,000 രൂപയായും ഹെൽപ്പർമാരുടെ പ്രതിമാസ ഓണറേറിയം 1,500 രൂപയിൽനിന്നു 2,000 രൂപയായും വർധിപ്പിച്ചു. വർധിപ്പിച്ച മുഴുവൻ തുകയും സംസ്ഥാനമാണ് വഹിക്കുന്നത്.

## വൻവളർച്ചയുമായി ഐടി പാർക്കുകൾ



2016-20 കാലഘട്ടത്തിൽ കയറ്റുമതി വരുമാനം, കമ്പനികളുടെ എണ്ണം, തൊഴിൽ എന്നിവയിൽ ഐടി പാർക്കുകളിൽ വലിയ വളർച്ചയാണുണ്ടായത്. ടെക്നോപാർക്കിൽ 450 കമ്പനികളിലായി 62000 പ്രൊഫഷണലുകൾ നിലവിൽ ജോലിചെയ്യുന്നുണ്ട്. സൺടെക്ക് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ്, ബ്രിഗേഡ് എന്നീ ബൃഹത് കമ്പനികളുടെ വരവോടെ ഐടി മേഖലയിലെ ബിൽറ്റപ് സ്ഥല വിസ്തൃതിയിൽ വലിയ വർധനവാണുണ്ടാകുന്നത്. ഇൻഫോപാർക്ക് കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിക്കുന്നതിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പുതിയ നിക്ഷേപകരെ ഐടി മേഖലയിലേക്ക് ആകർഷിക്കുന്നതിലും വലിയ വളർച്ച കൈവരിച്ചു. നിലവിൽ 427 കമ്പനികളിലായി 47000 ജീവനക്കാർ ഇൻഫോപാർക്കിൽ ജോലി ചെയ്യുന്നുണ്ട്.



## ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കാൻ അനുയാത്ര

കേരളത്തെ അംഗപരിമിത സൗഹൃദസംസ്ഥാനമാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ അംഗപരിമിതപരിപാലനമേഖലയിലെ അന്താരാഷ്ട്രകാഴ്ചപ്പാടുകൾക്ക് അനുസൃതമായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാൻ "അനുയാത്ര" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കി. പ്രാഥമിക പ്രതിരോധപ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള 25 പദ്ധതികൾ നടപ്പാക്കുന്നു.

## വിദ്യാഭ്യാസ മേഖലയിൽ കേരളം ഒന്നാമത്

സ്കൂൾ വിദ്യഭ്യാസ നിലവാരം വിലയിരുത്തുന്ന ദേശീയ വിദ്യാഭ്യാസ വികസന സൂചികയിൽ കേരളം ഒന്നാമത്. പെൺകുട്ടികൾക്കു പഠന സൗകര്യം ഉറപ്പാക്കുന്നതിലും ദേശീയ തലത്തിൽ കേരളം ഒന്നാമത്.



## പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറികൾ സംരംഭകർക്ക് സാമ്പത്തിക പാക്കേജ്

വിസ്തൃതി കുറഞ്ഞ വീടുകളോട് അനുബന്ധിച്ച് മേശ, കസേര, അലമാര, ഫാൻ, പേഴ്സണൽ കമ്പ്യൂട്ടർ മുതലായ എല്ലാ സൗകര്യങ്ങളുമുള്ള പഠനമുറികൾ നിർമിക്കുവാൻ ഒരു കുടുംബത്തിന് ര് ലക്ഷം രൂപ വീതം ധനസഹായം നല്കുന്ന പഠനമുറി എന്ന പദ്ധതി ആരംഭിച്ചു. സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കാൻ പട്ടികജാതിവികസനവകുപ്പ് 'സ്റ്റാർട്ടപ് ഡ്രീംസ്' എന്ന പ്രോജക്ട് ആരംഭിച്ചിട്ടു്. പുതിയ ആശയങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം നല്കി വരുന്നു. ഈ സ്ഥാപനം മുഖേന 55 നൂതനസംരംഭങ്ങൾ ആരംഭിക്കുകയും 26 എണ്ണം വിജയകരമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കീഴിൽ സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കാൻ 50 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്ന പദ്ധതി തുടങ്ങിയിട്ടുണ്ട്. സ്വയംതൊഴിൽ വിഭാഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 30771 പേർക്ക് വിവിധ മേഖലകളിലായി വായ്പ അനുവദിച്ചു. സ്റ്റാർട്ട് അപ്പ് മിഷന്റെ പ്രവർത്തനവും സജീവമാണ്.



# ബീഹാർ തെരഞ്ഞെടുപ്പ് ഫലവും ഉപതെരഞ്ഞെടുപ്പ് ഫലങ്ങളും

**ബിജെപിയെ പരാജയപ്പെടുത്തണമെങ്കിൽ അവർ ഉയർത്തിപിടിക്കുന്ന രാഷ്ട്രീയ നയങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടണം. അതിന് നേതൃത്വം കൊടുക്കാൻ ഇടത്പക്ഷത്തിനേ കഴിയുകയുള്ളൂ. ബീഹാറിൽ ഇടതുപക്ഷത്തിനുണ്ടായ മുന്നേറ്റം അവർ ഉയർത്തിപിടിക്കുന്ന ആശയങ്ങൾ ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞതിന്റെ നേട്ടമാണ്. അവിടെ ഉയർത്തിയ മുദ്രാവാക്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പോരാട്ടം ശക്തിപ്പെടുത്തണം.**



പി നന്ദകുമാർ

ദേശീയ രാഷ്ട്രീയത്തിൽ സജീവ ചർച്ചാ വിഷയമാണല്ലോ കഴിഞ്ഞ ബീഹാർ തെരഞ്ഞെടുപ്പും  അതോടൊപ്പം നടന്ന ഉപതെരഞ്ഞെടുപ്പുകളും. ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തിൽ എന്നും ബീഹാറിന് ഒരു സ്ഥാനമുണ്ട്. സ്വാതന്ത്ര്യാനന്തര ഭരണത്തിലും രാഷ്ട്രീയ നേതൃത്വത്തിലും പല പ്രഗത്ഭരെയും സംഭാവന ചെയ്ത സംസ്ഥാനമാണ് ബീഹാർ. ഇടത്പക്ഷ പ്രസ്ഥാനത്തിന് വടക്കെ ഇന്ത്യയിൽ ഏറ്റവും സ്വാധീനമുള്ള സംസ്ഥാനമായിരുന്നു ബീഹാർ. ഇന്ദിരാഗാന്ധിയുടെ ജനാധിപത്യ വിധ്വംസക നടപടിക്കെതിരെ സമ്പൂർണ വിപ്ലവം എന്ന പ്രസ്ഥാനം ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ആരംഭിച്ചത് ബീഹാറിൽ നിന്നായിരുന്നു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനു ശേഷം ജാതി രാഷ്ട്രീയം ശക്തിപ്പെട്ടതോടു




**ഇന്ത്യയിൽ ബിജെപിക്ക് ബദലാകാൻ കോൺഗ്രസിന് കഴിയില്ലെന്ന് വ്യക്തമായി കഴിഞ്ഞു. വിലക്കെടുക്കാൻ കഴിയുന്ന എംഎൽഎമാർ, കൂറ് മാറ്റാൻ കഴിയുന്ന നേതാക്കൾ എന്നതാണ് ഇന്നത്തെ കോൺഗ്രസ്. കണ്ടാലും കൊണ്ടാലും പഠിക്കാത്തവർ. കേരളത്തിലാണെങ്കിൽ ബിജെപിയുടെ മനസായി മാറാൻ കോൺഗ്രസ് വ്യഗ്രതയിലാണ്താനും. ദുർബലമായ സംഘടനയും അതിലും ദുർബലമായ നേതൃത്വവും. മതന്യൂനപക്ഷങ്ങളിൽ സ്വാധീനമുണ്ടായിരുന്ന കോൺഗ്രസിന് അത് അമ്പേ നഷ്ടപ്പെട്ടു.**

കൂടിയാണ് ബീഹാറിലെ ഇടതുപക്ഷം പിന്നോട്ടടിച്ചത്. കമ്യൂണിസ്റ്റ് പാർടികൾ വ്യത്യസ്ത ഗ്രൂപ്പുകളായി പിരിഞ്ഞതും ഇടത്പക്ഷത്തെ ക്ഷീണിപ്പിച്ചു.

വടക്കെ ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ബിജെപിക്ക് അടിത്തറ വികസിപ്പിക്കാൻ കഴിഞ്ഞിരുന്നു എങ്കിലും ബീഹാറിൽ കഴിഞ്ഞിരുന്നില്ല. കോൺഗ്രസിനോടൊപ്പം നിന്നിരുന്ന ഉന്നത ജാതിക്കാർ ബാബറി മസ്ജിത് പ്രശ്നം ഉയർന്ന് വന്ന ശേഷം ബിജെപിയിലേക്ക് മാറിയത് മാത്രമാണ് അവർക്ക് ഒരു നേട്ടമായത്. ബീഹാറിലെ മഹാഭൂരിപക്ഷം വരുന്ന പിന്നോക്ക ജാതിക്കാരും അധസ്ഥിതരും അവർക്ക് അന്യമായിരുന്നു. അധികാരം കയ്യാളാൻ ഈ വിഭാഗത്തെ സ്വാധീനിച്ചിരുന്ന ജനതാദൾ വിഭാഗത്തിൽ ഭിന്നതയുണ്ടാക്കി നിതീഷ് വിഭാഗത്തെ (ജെഡിയു) അടർത്തിയെടുത്താണ് ബിജെപി അധികാരത്തിൽ കയറുന്നത്. ബിജെപിക്ക് ജൂനിയർ പാർട്ണർ ആവാൻ മാത്രമെ സാധിച്ചുള്ളൂ. 55 ൽ പരം ജാതി ഉപജാതിയിൽപെടുന്ന ഏറ്റവും പിന്നോക്ക ജാതിക്കാരായ വിഭാഗത്തിൽ സ്വാധീനം ഉറപ്പിക്കാൻ ഒരു പാലമായി നിതീഷ്കുമാറിന്റെ ജെഡിയുവിനെ ഉപയോഗിക്കുകയാണ് ബിജെപി. 5 കൊല്ലത്തെ കൂട്ടുഭരണം കൊണ്ട് നിതീഷിന്റെ പാർട്ടിയെ ജൂനിയർ പാർട്ണർ ആക്കാൻ ബിജെപിക്ക് കഴിഞ്ഞു. പുതുതായി രൂപീകരിക്കപ്പെട്ട മന്ത്രി സഭയിൽ 2 ഉപമുഖ്യമന്ത്രിമാരെ നേടിയെടുത്തു. പിന്നോക്ക ജാതിക്കകത്ത് ജെഡിയുവിന്റെ ആധിപത്യം ഇല്ലാതാക്കാനുള്ള അടവും ബിജെപി പയറ്റി. ബീഹാർ തെരഞ്ഞെടുപ്പിൽ എൻഡിഎക്ക് 1,57,01226 വോട്ടും 125 സീറ്റും ലഭിച്ചപ്പോൾ മഹാസഖ്യത്തിനു 156 88458 വോട്ടും 110 സീറ്റുമാണ് ലഭിച്ചത്. വോട്ടിന്റെ കാര്യത്തിൽ 12788 മാത്രം വ്യത്യാസം. 0.3% ത്തിന്റെ വ്യത്യാസം മാത്രം. ഇത് നല്ലവണ്ണം തിരിച്ചറിഞ്ഞതുകൊണ്ടു തന്നെയാണ് ബിജെപി അവിടെ രാഷ്ട്രീയം കളിക്കുന്നത്. കോൺഗ്രസിന്റെ കഴിവ് കേടും ജനങ്ങളിൽ വിശ്വാസ്യത നേടിയെടുക്കാൻ കഴിയാത്തതുമാണ് വിലപേശി 70 സീറ്റ് വാങ്ങിയിട്ടും 19 സീറ്റിൽ ഒതുങ്ങാൻ കാരണം. ദുർബലമായ സംഘടനയും അതിലും ദുർബലമായ നേതൃത്വവും. മതന്യൂനപക്ഷങ്ങളിൽ സ്വാധീനമുണ്ടായിരുന്ന കോൺഗ്രസിന് അത് അമ്പേ നഷ്ടപ്പെട്ടു.

അയോധ്യയിൽ രാമക്ഷേത്ര നിർമാണത്തിനു ബിജെപി തീരുമാനിച്ചതോടെ കോൺഗ്രസ് എടുത്ത വഞ്ചനാപരവും മതനിരപേക്ഷതക്ക് കത്തിവെക്കുന്നതുമായ നടപടികൾ ന്യൂനപക്ഷങ്ങളെ കോൺഗ്രസിൽ നിന്നും അകറ്റി. പൗരത്വ പ്രശ്നത്തിൽ ശരിയായ നിലപാടെടുത്ത് ന്യൂനപക്ഷങ്ങളുടെ ആശങ്ക അകറ്റാനുള്ള നടപടിയും കോൺഗ്രസ് സ്വീകരിക്കാത്തതും സജീവ ചർച്ചാവിഷയമായി. ഇത് സമർത്ഥമായി മുതലെടുക്കാനും ബിജെപിക്ക് കഴിഞ്ഞു. ബീഹാറിൽ 16.5% ത്തോളം മുസ്ലീം വോട്ടുകൾ ഉണ്ട്. അത് പ്രധാനമായും സീമാഞ്ചൽ മേഖലയിലാണ്. കിഷൻഗഞ്ച്, അരാരിയ, പൂർണിയ, കത്യാർ ജില്ലകളിൽ ഈ

മേഖലയിൽ അസാമുദ്ദീൻ ഉവൈസി നേതൃത്വം കൊടുക്കുന്ന എഐഎംഐഎം എന്ന തീവ്ര മുസ്ലീം മത പാർടി മത്സരിച്ചപ്പോൾ (അമിത്ഷാ പാക്കേജാണ് നടന്നത് എന്ന ആക്ഷേപമുണ്ട്) 5 സീറ്റ് നേടാനും പല സ്ഥലത്തും മഹാസഖ്യത്തെ തോല്പിക്കാനുള്ള വോട്ട് നേടാനും കഴിഞ്ഞു. 20 സീറ്റിലാണ് ഒവൈസി പാർടി മത്സരിച്ചത്. കോൺഗ്രസിന്റെ മൃദുഹിന്ദുത്വ സമീപനമാണ് മഹാസഖ്യത്തിന് വോട്ട് ചെയ്യാതെ തീവ്ര മുസ്ലീം കക്ഷിയോടൊപ്പം മുസ്ലീം വോട്ടർമാർ നിന്നത് എന്ന് കാണണം.

ബീഹാർ തെരഞ്ഞെടുപ്പിൽ മഹാ സഖ്യത്തിൽ ഇന്ന് ഉണ്ടാക്കിയ മുന്നേറ്റത്തിന് പ്രധാന പങ്ക് വഹിക്കാൻ ഇടത്പക്ഷത്തിന് കഴിഞ്ഞു എന്നത് എല്ലാവരും സമ്മതിക്കുന്നതാണ്. ആകെ മത്സരിച്ച 29 സീറ്റിൽ 16 സീറ്റിൽ വിജയിച്ചു. വിജയ ശതമാനം 66.4% കോൺഗ്രസ് ആകട്ടെ 70 സീറ്റിൽ ജയിച്ചത് 19 സീറ്റിൽ. വിജയ ശതമാനം 27.1%. കമ്യൂണിസ്റ്റ് പാർടികളുടെ യോജിപ്പും ജനകീയ പ്രശ്നങ്ങൾ ഉയർത്തി നടത്തിയ പ്രക്ഷോഭവും വോട്ടർമാരിൽ ആവേശമുണർത്തി. ജാതി രാഷ്ട്രീയത്തിൽ ഒതുങ്ങി നിന്നിരുന്ന ബീഹാറിനെ ഈ തെരഞ്ഞെടുപ്പിലൂടെ മറ്റൊരു മാനത്തിലേക്ക് ഉയർത്താൻ ഇടത്പക്ഷ സാന്നിധ്യത്തിന് കഴിഞ്ഞു. തെരഞ്ഞെടുപ്പിൽ മഹാസഖ്യം ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ ഉയർത്തിയാണ് പ്രചരണം സംഘടിപ്പിച്ചത്. രൂക്ഷമായ തൊഴിലില്ലായ്മ (ബീഹാറിലെ തൊഴിലില്ലായ്മ 39% ആണ്) കാർഷിക മേഖലയിലെ തകർച്ച, കരാർ-സ്കീം ജോലിക്കാരുടെ പ്രശ്നങ്ങൾ, എന്നീ വിഷയങ്ങളിൽ ജനശ്രദ്ധ കൊണ്ടു വരാൻ തെരഞ്ഞെടുപ്പ് പ്രചരണ വേളയിൽ കഴിഞ്ഞു. ദശകങ്ങൾക്ക് ശേഷം ബീഹാറിൽ കമ്യൂണിസ്റ്റ് പാർടികൾക്ക് ഉണ്ടായ ഉയർത്തെഴുനേൽപ് വടക്കേ ഇന്ത്യൻ രാഷ്ട്രീയത്തിൽ തന്നെ ചലനമുണ്ടാക്കും. ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ബിജെപിയെ ചെറുക്കാൻ മുഖ്യ പ്രതിപക്ഷമായ കോൺഗ്രസിന് കഴിയില്ല. അത്രയും ദൗർബല്യവും ആശയ പാപ്പരത്തവും കോൺഗ്രസിനെ ബാധിച്ചുകഴിഞ്ഞു. കോൺഗ്രസിന് ചുറ്റും നിൽക്കുക എന്ന ആശയത്തിൽ നിന്നും പ്രാദേശിക പാർടികൾ മാറി ചിന്തിക്കുകയാണ്. കോൺഗ്രസാണെങ്കിൽ തിരുത്താൻ തയാറാകുന്നുമില്ല.

ബിജെപിയെ പരാജയപ്പെടുത്തണമെങ്കിൽ അവർ ഉയർത്തിപിടിക്കുന്ന രാഷ്ട്രീയ നയങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടണം. അതിന് നേതൃത്വം കൊടുക്കാൻ ഇടത്പക്ഷത്തിനേ കഴിയുകയുള്ളൂ. ബീഹാറിൽ ഇടതുപക്ഷത്തിനുണ്ടായ മുന്നേറ്റം അവർ ഉയർത്തിപിടിക്കുന്ന ആശയങ്ങൾ ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞതിന്റെ നേട്ടമാണ്. അവിടെ ഉയർത്തിയ മുദ്രാവാക്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പോരാട്ടം ശക്തിപ്പെടുത്തണം. കമ്യൂണിസ്റ്റ് പാർടികളുടെയും മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെയും ഐക്യം കൂടുതൽ ഊട്ടി ഉറപ്പിക്കണം. മതന്യൂനപക്ഷങ്ങളെ തീവ്രമത സംഘടനകൾക്ക് വിട്ടുകൊടുക്കാതെ അവർക്കിടയിൽ വിശ്വാസമാർജിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തണം. അതിനെല്ലാമുള്ള സാധ്യത ബീഹാറിൽ വളർന്നു വരുന്നുണ്ട്. ആശാവഹമാണ് ഈ വളർച്ച. ബീഹാർ തിരഞ്ഞെടുപ്പ് ഫലം ഇന്ത്യൻ രാഷ്ട്രീയത്തിന് ഗുണപാഠമാണ്.

## ഉപതെരഞ്ഞെടുപ്പുകൾ

11 സംസ്ഥാനങ്ങളിലായി 59 ഉപതെരഞ്ഞെടുപ്പ് ഇതേ അവസരത്തിൽ നടക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനം മധ്യപ്രദേശ് ഉപതെരഞ്ഞെടുപ്പായിരുന്നു. ബിജെപി വിലക്കെടുത്ത 25 എംഎൽഎമാർ രാജിവെച്ചതും മരണമടഞ്ഞ 3 എംഎൽഎമാരുടെതടക്കം 28 സീറ്റിലേക്കാണ് അവിടെ തെരഞ്ഞെടുപ്പ് നടന്നത്. ബിജെപിയുടെ നയങ്ങളും ജനകീയ പ്രശ്നങ്ങളും ഉയർത്തിയല്ല കോൺഗ്രസ് അവിടെ പ്രചരണം നടത്തിയത്. മൃദുഹിന്ദുത്വ പ്രചരണം, പ്രധാനമായും ചിന്ത്വാരയിൽ ഹനുമാൻ ക്ഷേത്രം നിർമിക്കുമെന്ന പ്രചരണം പ്രചരണ കൂട്ടിനു ചില കള്ള സന്യാസിമാരും. തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ദയനീയമായി പരാജയപ്പെട്ടു. 19 സീറ്റിൽ ബിജെപി വിജയിച്ചു. കോൺഗ്രസിൽ നിന്നും 13 എംഎൽഎമാർ കൂറ് മാറിയതിനെ തുടർന്ന് മണിപ്പൂർ സംസ്ഥാനത്ത് നടന്ന ഉപതെരഞ്ഞെടുപ്പിൽ 13 എണ്ണത്തിലും കോൺഗ്രസ് പരാജയപ്പെട്ടു. ഉത്തർപ്രദേശിലാണ് അതിലും ഭീകരം. ഒരു കാലത്ത് കോൺഗ്രസിന്റെ തറവാടായിരുന്ന യുപിയിൽ പ്രിയങ്കാഗാന്ധിയുടെ രംഗപ്രവേശനത്തോടെ വൻ തിരിച്ചുവരവാണെന്നാണ് കൊട്ടിഘോഷിച്ചിരുന്നത്. അവിടെ നോട്ടയെക്കാൾ കുറഞ്ഞ വോട്ടാണ് കോൺഗ്രസിന് ലഭിച്ചത്. 3 സീറ്റിലും നാലായിരത്തിൽ താഴെ വോട്ട്. ഇന്ത്യയിൽ ബിജെപിക്ക് ബദലാകാൻ കോൺഗ്രസിന് കഴിയില്ലെന്ന് വ്യക്തമായി കഴിഞ്ഞു. വിലക്കെടുക്കാൻ കഴിയുന്ന എംഎൽഎമാർ കൂറ് മാറ്റാൻ കഴിയുന്ന നേതാക്കൾ എന്നതാണ് ഇന്നത്തെ കോൺഗ്രസ്. കണ്ടാലും കൊണ്ടാലും പഠിക്കാത്തവർ. കേരളത്തിലാണെങ്കിൽ ബിജെപിയുടെ മനസായി മാറാൻ കോൺഗ്രസ് വ്യഗ്രതയിലാണ്താനും. ●



# ബൈഡന് അമേരിക്കയെ മാറ്റാൻ കഴിയുമോ?

ജോസ് ടി എബ്രഹാം



ട്രംമ്പ് മാറി ബൈഡൻ അമേരിക്കൻ പ്രസിഡന്റായാലും അമേരിക്കയിലെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക സംവിധാനത്തിന് കാര്യമായ ഒരു മാറ്റവും സംഭവിക്കില്ല എന്ന് ചരിത്രം പരിശോധിച്ചാൽ കാണാം. രാജ്യാന്തര ബന്ധങ്ങളിൽ ചെറിയ ചില മാറ്റങ്ങൾ ഉണ്ടായാലും അമേരിക്കയുടെ അടിസ്ഥാനപരമായ സാമ്രാജ്യത്വ നയങ്ങളിൽ ഒരു മാറ്റവും പ്രതീകഷിക്കാൻ കഴിയില്ല. അതു സംഭവിക്കണമെങ്കിൽ ഇന്നത്തെ അമേരിക്ക മാറി മറ്റൊരു അമേരിക്കയായി തീരണം.

അമേരിക്കൻ പ്രസിഡന്റ് ഇലക്ഷനിൽ ജോ ബൈഡൻ വിജയിച്ചു. എന്നാൽ ഈ കുറിപ്പെഴുതുമ്പോഴും ട്രംമ്പ് ബൈഡന്റെ വിജയം അംഗീകരിക്കാനോ അധികാര കൈമാറ്റത്തിനുള്ള തയാറെടുപ്പുമായി സഹകരിക്കാനോ തയാറായിട്ടില്ല. റിപ്പബ്ലിക്കൻ പാർടി പൊതുവെ സ്വീകരിച്ചിരിക്കുന്ന സമീപനവും ട്രംമ്പ് സ്വീകരിച്ചിരിക്കുന്നതു തന്നെയാണ്. ഒറ്റപ്പെട്ട ചില അഭിപ്രായ വ്യത്യാസങ്ങൾ മാത്രമെയുള്ളൂ.

### അമേരിക്കൻ തിരഞ്ഞെടുപ്പു പ്രക്രിയ

അമേരിക്കൻ തെരഞ്ഞെടുപ്പിന്റെ പ്രക്രിയ ആകെയെടുത്താൽ അതു വളരെ ദീർഘമായ ഒന്നാണ്. ആദ്യം അതാതു പാർട്ടികൾ അവരവരുടെ പ്രസിഡന്റ് സ്ഥാനാർത്ഥിയെ ഒരു തെരഞ്ഞെടുപ്പു പ്രക്രിയയിലൂടെ തന്നെ തീരുമാനിക്കും. ഡെമോക്രാറ്റിക് പാർടി സ്ഥാനാർത്ഥികളായി മുൻനിരയിൽ ഉണ്ടായിരുന്നത് ജോ ബൈഡൻ, ബെർനി സാൻഡേഴ്സ്, എലിസബത്ത് വാറൻ

എന്നിവരാണ്. അതിൽ ബെർനി സാൻഡേഴ്സാണ് തൊഴിലാളികൾക്കും പൊതുമേഖലക്കും മറ്റും അനുകൂലമായ നിലപാടെടുത്തു വന്നയാൾ. എന്നാൽ ഒരു ഘട്ടമെത്തിയപ്പോൾ ബെർണി സാൻഡേഴ്സ് മത്സരത്തിൽ നിന്നും പിൻവാങ്ങി. ജോ ബൈഡൻ ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിയാവുകയും ചെയ്യു. ബെർനി സാൻഴ്സ് ഉൾപ്പെടെയുള്ള ബൈഡന്റെ പല എതിരാളികളും സ്ഥാനാർത്ഥിത്വത്തിൽ നിന്നും പിൻവാങ്ങുന്നത് തെരഞ്ഞുടുപ്പിനുള്ള ഫണ്ടു സംഭരണത്തിൽ വന്ന കുറവുമൂലമാണ്. തെരഞ്ഞെടുപ്പിനുള്ള ഫണ്ടു സംഭരണം അമേരിക്കൻ തെരഞ്ഞെടുപ്പിൽ അതിപ്രധാനമാണ്. ഫണ്ടു നൽകുന്നത് പ്രധാനമായും കുത്തകകളാണ്. കുത്തകകൾ കൂടുതൽ ഫണ്ടു നൽകുന്നത് അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന സ്ഥാനാർത്ഥിക്കായിരിക്കുകയും ചെയ്യും. പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയിൽ പണത്തിന്റെ സ്വാധീനം അമേരിക്കയിൽ മാത്രം കാണുന്ന പ്രതിഭാസമല്ല. ലോകമാകെ തന്നെ അതാണു സ്ഥിതി. ഇന്ത്യയിലും നാമതു കണ്ടുകൊണ്ടിരിക്കുകയാണ്. ധനമൂലധനം മേൽക്കൈ നേടിയ ഒരു സാമ്പത്തിക സംവിധാനത്തിൽ പണം തെരഞ്ഞെടുപ്പിലും കൂടുതൽ കടുതൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കും.

## ട്രംമ്പ് മാറിയാലും നയം മാറില്ല

ട്രംമ്പ് മാറി ബൈഡൻ അമേരിക്കൻ പ്രസിഡന്റായാലും അമേരിക്കയിലെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക സംവിധാനത്തിന് കാര്യമായ ഒരു മാറ്റവും സംഭവിക്കില്ല എന്ന് ചരിത്രം പരിശോധിച്ചാൽ കാണാം. സമീപകാല ചരിത്രം തന്നെ അതിനുദാഹരണമാണ്. ബറാക് ഒബാമ എന്ന കറുത്ത വർഗക്കാരൻ അമേരിക്കയുടെ 44ാമത്തെ പ്രസിഡന്റായി 2009 ൽ അധികാരമേറ്റു. ഒരു കറുത്ത വർഗക്കാരൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് വലിയ പ്രതീക്ഷയോടെയാണ് ലോകവും അമേരിക്കയിലെ ജനങ്ങൾ പ്രത്യേകിച്ച് കറുത്ത വർഗക്കാരും കണ്ടത്. ഒബാമ ഒരു ഡെമോക്രാറ്റ് ആയിരുന്നു എന്നതും സ്മരണീയമാണ്. ലോകം പ്രതീക്ഷിച്ചതൊന്നുമല്ല ഒബാമയുടെ കാലത്തു സംഭവിച്ചത്. ജോർജ് ബുഷ് തുടങ്ങി വച്ച ഇറാക്കിലെയും അഫ്ഗാനിസ്ഥാനിലെ സൈനിക ഇടപെടലുകൾ ഒബാമ നിർത്തിവെക്കുകയോ കുറവു വരുത്തുകയോ ചെയ്യുമെന്ന് ഏവരും പ്രതീക്ഷിച്ചു. എന്നാൽ സംഭവിച്ചത് മറിച്ചാണ്. ഇറാക്കിലെയും അഫ്ഗാനിസ്ഥാനിലെയും സൈനിക ഇടപെടലുകൾ വർധിച്ചു എന്നു മാത്രമല്ല സിറിയയിലേക്കും അമേരിക്കൻ ഇടപെടൽ ഒബാമയുടെ കാലത്തു വ്യാപിച്ചു. ഒബാമയുടെ യാത്രയയപ്പു പ്രസംഗത്തിൽ അമേരിക്കൻ മിലിറ്ററി ചീഫ് ജനറൽ ജോസഫ് ഡൺഫോർഡ് പറഞ്ഞത് ഇങ്ങനെയാണ്. "മിസ്റ്റർ പ്രസിഡന്റ് നിങ്ങളുടെ ഭരണകാലത്ത് എല്ലാ വർഷവും നാം തുടർച്ചയായ യുദ്ധത്തിലായിരുന്നു" എന്നാണ്. ഒബാമ പ്രസിഡന്റായിരുന്ന എട്ടുവർഷത്തിൽ എല്ലാ ദിവസും അമേരിക്ക യുദ്ധത്തിലായിരുന്നു. അമേരിക്കയുടെ സൈനിക ചിലവുകളും ഒബാമയുടെ കാലത്ത് വലിയ തോതിൽ വർധിച്ചു.

## ഭരണം സൈനിക വ്യവസായ ശൃംഖലയുടെ കൈയിൽ

അമേരിക്കയുടെ ഭരണം നിയന്ത്രിക്കുന്നത് ആ രാജ്യത്തെ സങ്കീർണമായ സൈനിക വ്യവസായിക ശൃംഖലയാണെന്ന് (Military Industrial complex) ലോകമാകെ പരസ്യമായ രഹസ്യമാണ്. 1961 ൽ അമേരിക്കൻ പ്രസിഡന്റായിരുന്ന കടുത്ത കമ്യൂണിസ്റ്റു വിരോധിയായ ഐസനേവർ തന്നെ അമേരിക്കൻ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയിലെ സൈനിക വ്യവസായിക ശൃംഖലയുടെ സ്വാധീനത്തെക്കുറിച്ച് അങ്കലാപ്പു രേഖപ്പെടുത്തുകയുണ്ടായി Military Industrial complex എന്ന പ്രയോഗവും അതിന്റെ സ്വാധീനത്തെയും ജനശ്രദ്ധയിൽ ആദ്യമായി കൊണ്ടുവന്നത് ഐസനോവറാണ്. സൈന്യവും യുദ്ധ സാമഗ്രികളുടെ ഉൽ



**സൈന്യവും യുദ്ധ സാമഗ്രികളുടെ ഉൽപാദനത്തിലേർപ്പെട്ടിരിക്കുന്ന വ്യവസായങ്ങളും ഭരണകൂടവും തമ്മിൽ കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു വ്യവസ്ഥയാണ് അമേരിക്കയെ നിയന്ത്രിക്കുന്നത്. അമേരിക്കയിലെ വമ്പൻ ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും ഈ സംഘത്തോടു ചേർന്നു തന്നെ പ്രവർത്തിക്കുന്നു.**



പാദനത്തിലേർപ്പെട്ടിരിക്കുന്ന വ്യവസായങ്ങളും ഭരണകൂടവും തമ്മിൽ കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു വ്യവസ്ഥയാണ് അമേരിക്കയെ നിയന്ത്രിക്കുന്നത്. ഇപ്പോൾ അതിനോട് മൈക്രോ സോഫ്റ്റ്, ഗൂഗിൾ, ഫെയ്സ്ബുക്ക്, ആമസോൺ തുടങ്ങിയ ആധുനിക വ്യവസായങ്ങളും കണ്ണി ചേർക്കപ്പെട്ടു. അമേരിക്കയിലെ വമ്പൻ ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും ഈ സംഘത്തോടു ചേർന്നു തന്നെ പ്രവർത്തിക്കുന്നു. ഈ രൂപത്തിൽ അമേരിക്കയുടെ അപ്രമാദിത്വം സൈനികമായും സാമ്പത്തികമായും സാങ്കേതികമായും ലോകത്താകെ നിലനിർത്തുക എന്ന കർമ്മമാണ് അമേരിക്കൻ ഭരണകൂടം നിർവഹിക്കുന്നത്. അമേരിക്കൻ പ്രസിഡന്റാണ് ഈ സംവിധാനത്തിന്റെ പതാകവാഹകൻ. ഓരോ പ്രസിഡന്റും അത് വ്യത്യസ്ഥമായ രീതിയിലും സ്വഭാവത്തിലും നടപ്പാക്കുന്നു എന്നു മാത്രം. ട്രംപ് ഭ്രാന്തെന്നു തോന്നുന്ന രീതിയിലുള്ള സമീപനമെടുത്തപ്പോൾ ബൈഡൻ ഒരു മാന്യന്റെ രൂപത്തിലായിരിക്കും ഈ കടമ നിർവഹിക്കുക എന്നു മാത്രം.

ജോ ബൈഡൻ ഒബാമയുടെ എട്ടു വർഷക്കാലവും വൈസ് പ്രസിഡന്റായിരുന്നു. ഒബാമയുടെ ഭരണകാലത്തു നടന്ന സൈനിക ഇടപെടലുകളിലെല്ലാം പങ്കാളിയുമായിരുന്നു. അഫ്ഗാനിസ്ഥാൻ, ഇറാക്ക്, സിറിയ, യെമൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിലെല്ലാം 2009 2017 കാലത്ത് അമേരിക്ക നടത്തിയ സൈനിക ഇടപെടലുകളുടെ ചുക്കാൻ പിടിച്ചത് ഒബാമയുടെ വിശ്വസ്തനായിരുന്ന ബൈഡൻ തന്നെയാണ്.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശേഷം ഭരണമാറ്റത്തിനായി നവംബർ 10 ന് ബൈഡൻ നിയോഗിച്ച അതിപ്രധാനികളായ 23 പേരിൽ 8 പേരും അമേരിക്കൻ ആയുധ നിർമാണവുമായി അടുത്ത ബന്ധപ്പെട്ടവരാണ്. പലരും ആയുധ നിർമാണ കമ്പനികളിലെ ഉദ്യോഗസ്ഥരായിരുന്നു. ഒബാമയുടെ കാലത്ത് മറ്റു രാജ്യങ്ങളിലെ കടന്നുകയറ്റത്തിന് നേതൃത്വം കൊടുത്തവരുമാണ്. ജനറൽ ഡയഗമിക്സ് കോർപറേഷൻ ലോക് ഹീഡ് മാർട്ടിൻ, ഗെയ്ത്തിയോൺ തുടങ്ങിയ ആയുധ നിർമാണ കമ്പനികളുമായി അടുത്ത ബന്ധമുള്ളവരെയാണ് ബൈഡൻ ഭരണമാറ്റത്തിന്റെ നിയന്ത്രണം ഏൽപിച്ചിരിക്കുന്നത്. റെയ്ത്തിയോൺ ബോംബ് നിർമാണ കമ്പനിയാണ്. അമേരിക്ക സൗദിക്ക് നൽകുന്ന ആയുധങ്ങളിൽ കുറവു വരുത്താതിരിക്കാൻ ശക്തമായി ലോബിയിംഗ് നടത്തിക്കൊണ്ടിരിക്കുന്ന കമ്പനിയാണ് ഗെയ്ത്തിയോൺ. ഗെയ്ത്തിയോൺ ബോംബു നിർമാണ കമ്പനിയുമായി ബന്ധപ്പെട്ടവർ ട്രംപ് ഭരണകൂടത്തിലുമുണ്ടായിരുന്നു. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ബൈഡന്റെ ഭരണകാലം അടിസ്ഥാനപരമായ ഒരു മാറ്റവും അമേരിക്കൻ നയങ്ങളിൽ ഉണ്ടാക്കാൻ പോകുന്നില്ല. അമേരിക്കയിൽ ഇപ്പോൾ നിലനിൽക്കുന്ന വ്യവസ്ഥിതിക്ക് ആ രാജ്യത്തെ കുത്തകകളെയും ആയുധ വ്യവസായികളെയും പ്രീണിപ്പിച്ചു കൊണ്ടു മാത്രമെ നിലനിൽക്കാൻ കഴിയൂ. ഒരു പ്രസിഡന്റ് മാറ്റത്തിലൂടെ അതിന് ഒരു മാറ്റവും സംഭവിക്കില്ല.

ലോകത്തെ ഇതര രാജ്യങ്ങളുമായുള്ള ബന്ധങ്ങളിൽ ചെറിയ ചില മാറ്റങ്ങൾ സംഭവിക്കാം. ചൈന അമേരിക്കയിലെ പ്രസിഡന്റു തിരഞ്ഞെടുപ്പ് ഫലത്തോട് വളരെ ശ്രദ്ധയോടെയാണ് പ്രതികരിച്ചത്. ബൈഡൻ തെരഞ്ഞെടുക്കപ്പെട്ടതിൽ ചൈന വലിയ പ്രതീക്ഷയർപ്പിച്ചിട്ടില്ല. ട്രംപിനേക്കാൾ കൂടുതൽ സ്ഥിരതയോടെയുള്ള സമീപനം ഉണ്ടാകാം എന്നു മാത്രം.

ഇന്ത്യയിൽ ബിജെപി ഭരണകൂടവും മോഡിയും ട്രംപിന് ഇന്ത്യയുടെ താല്പര്യങ്ങളെ ബലികഴിച്ചു തന്നെ വലിയ പിന്തുണയാണ് നൽകി വന്നത്. അമേരിക്കയിലെ ഹൗഡി മോഡി പരിപാടിയിൽ ട്രംപിന് വോട്ടു ചെയ്യണമെന്നു വരെ മോഡി ആഹ്വാനം ചെയ്യുന്ന സ്ഥിതിയുണ്ടായി. ബിജെപിയുടെ മനുഷ്യ അവകാശ ലംഘനങ്ങൾ, മുസ്ലീങ്ങളോടുള്ള സമീപനം, ജമ്മു കാശ്മീർ വിഷയം തുടങ്ങിയവയെ കുറിച്ചൊക്കെ ബൈഡനും കമലാഹാരിസിലും കടുത്ത വിമർശനമുണ്ട്. എച്ച്, ബി വിസ വിഷയത്തിൽ കുറെയെങ്കിലും ഇന്ത്യാക്കാർക്ക് അനുകൂലമായ സമീപനം ബൈഡൻ ഭരണകൂടത്തിൽ നിന്നും ഉണ്ടാകുമെന്നാണ് പ്രതീക്ഷ. യൂറോപ്പിനോട് കുറെക്കൂടി സൗഹാർദ്ദപരമായ സമീപനമായിരിക്കും ബൈഡൻ സ്വീകരിക്കുക എന്നാണ് പരക്കെ കരുതപ്പെടുന്നത്. യൂറോപ്പിനെയും കൂട്ടുപിടിച്ചായിരിക്കും ചൈനയെ ബൈഡൻ നേരിടുക എന്നാണ് സൂചന. അല്ലാതെ ട്രംപിനെ പോലെ ഒറ്റക്കായിരിക്കില്ല.

പാരീസ് കാലാവസ്ഥാ ഉടമ്പടിയിൽ അമേരിക്ക വീണ്ടും പങ്കാളിയാവാനുള്ള സാധ്യതയുണ്ട് എന്നത് പരിസ്ഥിതി പ്രേമികൾക്ക് പ്രതീക്ഷ നൽകുന്ന വിഷയമാണ്. എന്നാൽ യഥാർത്ഥത്തിൽ അമേരിക്ക കാലാവസ്ഥാ വ്യതിയാനം പരിഹരിക്കാൻ എന്തു ചെയ്യും എന്നത് കണ്ടു തന്നെ അറിയണം.

ഇത്തരത്തിൽ രാജ്യാന്തര ബന്ധങ്ങളിൽ ചെറിയ ചില മാറ്റങ്ങൾ ഉണ്ടായാലും അമേരിക്കയുടെ അടിസ്ഥാനപരമായ സാമ്രാജ്യത്വ നയങ്ങളിൽ ഒരു മാറ്റവും പ്രതീക്ഷിക്കാൻ കഴിയില്ല. അതു സംഭവിക്കണമെങ്കിൽ ഇന്നത്തെ അമേരിക്ക മാറി മറ്റൊരു അമേരിക്കയായി തീരണം. ●

# കമലാഹാരിസിന്റെ വിജയാഘോഷം കാപട്യം

വിദ്യാഭൂഷൺ റാവത്ത്



**“കമല ഹാരിസിന്റെയും പ്രിയങ്ക രാധാകൃഷ്ണന്റെയും പ്രീതി പട്ടേലിന്റെയുമെല്ലാം വിജയം ആഘോഷിക്കും മുമ്പ് നമ്മുടെ രാജ്യത്ത് ഇത് എത്രമാത്രം നടപ്പിലാകുന്നുവെന്ന് ചിന്തിക്കേണ്ടതുണ്ട്. വൈവിധ്യങ്ങളെ അംഗീകരിക്കുന്ന രാജ്യത്തിന് മാത്രമാണ് യഥാർഥ ജനാധിപത്യരാഷ്ട്രമാകാൻ കഴിയുക . അതിന് ന്യൂനപക്ഷങ്ങളുടെ സ്വാതന്ത്ര്യം അംഗീകരിക്കാൻ നമുക്ക് കഴിയണം.”**

ഇന്ത്യൻ വംശജയായ കമല ഹാരിസ് അമേരിക്കയുടെ വൈസ് പ്രസിഡന്റാകുന്ന ആദ്യ വനിതയായതിൽ ആഹ്ലാദിക്കുകയാണ് നമ്മൾ. ദിവസങ്ങൾക്ക് മുമ്പ് ന്യൂസിലാൻഡിൽ മലയാളിയായ പ്രിയങ്കാ രാധാകൃഷ്ണൻ മന്ത്രിയായപ്പോഴും അവരുടെ നേട്ടത്തിൽ കേരളീയർ അഭിമാനം കൊണ്ടു. കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ മന്ത്രിസഭയിലുമുണ്ട് നാല് ഇന്ത്യൻ വംശജർ. അതിൽ മൂന്ന് പേർ സിഖ് വിഭാഗത്തിലുള്ളവർ. നരേന്ദ്ര മോഡി മന്ത്രിസഭയിലുള്ളതിനേക്കാൾ സിഖ് പ്രാതിനിധ്യം. ബാക്കിയുള്ള ഒരാൾ വനിതയാണ്. യുകെയിൽ ധനവകുപ്പ് കൈാര്യം ചെയ്യുന്ന റിഷി സുനാക്, ഹോം സെക്രട്ടറി പ്രീതി പട്ടേൽ, ബിസിനസ് സെക്രട്ടറി അലോക് ശർമ എന്നിവരും ഇന്ത്യൻ വംശജരാണ്. ഇങ്ങനെ ഇന്ത്യയിൽ വേരുകളുള്ള നിരവധി പേർ സുറിനാം, ഗയാന, ഫിജി, മൗറീഷ്യസ് തുടങ്ങിയ രാജ്യങ്ങളിൽ ഭരണനേതൃത്വത്തിലുണ്ട്. എന്നാൽ ആദ്യകാലത്ത് കൂലിയ്ക്ക് തൊഴിലെടുക്കാൻ വന്നവരായിതന്നെയാണ് ഈ രാജ്യങ്ങളെല്ലാം ഇവരെ പരിഗണിച്ചിരുന്നത്. കൃത്യമായി പറഞ്ഞാൽ അടിമകൾ. എന്നാൽ അടിമത്വം നിരോധിക്കപ്പെടുകയും വർഷങ്ങളായുള്ള തങ്ങളുടെ പ്രയത്നം കൊണ്ടുമാണ് ഇവർ ഓരോ രാജ്യത്തും തങ്ങളുടെ ജീവിതം കെട്ടിപ്പടുത്തത്. അവിടങ്ങളിൽ ഭരണത്തിന്റെ ഭാഗമായത്. കമലഹാരിസും പ്രിയങ്ക രാധാകൃഷ്ണനും പ്രീതി പട്ടേലുമെല്ലാം മറ്റ് രാജ്യങ്ങളിലെ രാഷ്ട്രീയത്തിൽ ശോഭിച്ചത് ആ രാജ്യത്ത് അവർക്ക് ലഭിച്ച വൈവിധ്യമാർന്ന അവസരങ്ങളാണ് തുറന്നുകാട്ടുന്നത്. അതിൽ ഇന്ത്യയ്ക്കോ ഇവിടുത്തെ രീതികൾക്കോ പങ്കുണ്ടെന്ന് പറയാനാവില്ല.

നെഹ്റു സർക്കാരിന്റെ കാലത്ത് ജോയിന്റ് സെക്രട്ടറിയായിരുന്ന കമല ഹാരി



**കോൺഗ്രസ് നേതൃത്വത്തിലേക്ക് വന്ന സോണിയാ ഗാന്ധിയുടെ കാര്യം ഉദാഹരണമാണ്. നേതൃസ്ഥാനം തിരസ്കരിച്ചിട്ടും സംഘപരിവാർ മാധ്യമങ്ങൾ അവരെ വേട്ടയാടി. കമല ഹാരിസ് ഇന്ത്യയിലായിരുന്നുവെങ്കിൽ ജൂത മതത്തിൽപ്പെട്ടയാളുമായുള്ള അവരുടെ വിവാഹം തന്നെ അവരെ വേട്ടയാടാൻ സംഘപരിവാറിന് മതിയായ കാരണമാകുമയിരുന്നു. നിഷ്കളങ്കരായ തങ്ങളുടെ പെൺകുട്ടികളെ മതം മാറ്റുന്നുവെന്ന സിദ്ധാന്തവുമായി അവർ എത്തുമായിരുന്നു.**



സിന്റെ മുത്തച്ഛൻ തന്റെ മകളെ പഠനത്തിനായി അമേരിക്കയിലേക്ക് അയച്ചു. 1950, 1960, 1980 വർഷങ്ങളിൽ അമേരിക്കയിലേക്ക് കുടിയേറിയവരുടെ രണ്ടാം തലമുറയിൽപ്പെട്ടവരാണ് കമല ഹാരിസ് ഉൾപ്പെടെയുള്ളവർ. എന്നിട്ടും കുറഞ്ഞ സമയത്തിനുള്ളിൽ അവർക്ക് ആ രാജ്യങ്ങളിൽ ഭരണ നേതൃത്വത്തിലേക്ക് ഉയരാനായി.

എന്നാൽ ഇന്ത്യയിൽ സ്ഥിതി അതല്ല. ഏഴ് തലമുറ മുമ്പ് ഇവിടെയെത്തിവരെ രാജ്യത്തിന് ആവശ്യമില്ല. അവരുടെ ചരിത്രത്തെക്കുറിച്ച് നൂറിലധികം ചോദ്യങ്ങളാണ് നമുക്ക് ചോദിക്കാനുള്ളത്. കഴിഞ്ഞകാലം അവരോട് പകപോക്കാനായി ഉപയോഗിക്കുകയാണിവിടെ. ചരിത്രത്തിന്റെ തെറ്റുകളിൽ കടിച്ചു തൂങ്ങുന്ന സർക്കാരിന് ഒരിക്കലും അവരുടെ ഭാവിജീവിതത്തിന് പ്രചോദനമാകാൻ കഴിയില്ല. 12 ശതമാനം വരുന്ന മുസ്ലിങ്ങളെ ശത്രുക്കളായി കണക്കാക്കുന്ന രാജ്യം എങ്ങനെയാണ് ശാക്തീകരിക്കാനാവുക? കോൺഗ്രസ് നേതൃത്വത്തിലേക്ക് വന്ന സോണിയാ ഗാന്ധിയുടെ കാര്യം ഉദാഹരണമാണ്. നേതൃസ്ഥാനം തിരസ്കരിച്ചിട്ടും സംഘപരിവാർ മാധ്യമങ്ങൾ അവരെ വേട്ടയാടി. കമല ഹാരിസ് ഇന്ത്യയിലായിരുന്നുവെങ്കിൽ ജൂത മതത്തിൽപ്പെട്ടയാളുമായുള്ള അവരുടെ വിവാഹം തന്നെ അവരെ വേട്ടയാടാൻ സംഘപരിവാറിന് മതിയായ കാരണമാകുമായിരുന്നു. നിഷ്കളങ്കരായ തങ്ങളുടെ പെൺകുട്ടികളെ മതം മാറ്റുന്നുവെന്ന സിദ്ധാന്തവുമായി അവർ എത്തുമായിരുന്നു. പങ്കാളികളിലൊരാൾ ക്രിസ്ത്യനോ മുസ്ലിമോ ആയാൽ അവരെ നിരന്തരം പീഡിപ്പിക്കാൻ തന്നെയാണ് ലവ് ജിഹാദുമായി ബന്ധപ്പെട്ട നിയമം ഒരോ സംസ്ഥാനത്തും കൊണ്ടുവരാൻ ശ്രമിയ്ക്കുന്നത്. ഇത്തരത്തിൽ യുവതലമുറ അവരുടെ ഭാവി സ്വയം തെരഞ്ഞെടുക്കുന്നത് അംഗീകരിക്കാൻ കഴിയാത്തിടത്ത് ഏങ്ങനെയാണ് കമല ഹാരിസിന്റെ വിജയം ആഘോഷിക്കാനാവുക.

എല്ലാ മേഖലകളിലും ന്യൂനപക്ഷങ്ങളുടെ പ്രാതിനിധ്യം കുറയുകയാണ്. നിങ്ങൾ രാജ്യത്ത് രണ്ടാംകിട പൗരമാരാണെന്ന് നിരന്തരം ഓർമിപ്പിക്കുകയാണ് നമ്മുടെ രാഷ്ട്രീയ നേതാക്കൾ. കമല ഹാരിസിന്റെയും പ്രിയങ്ക രാധാകൃഷ്ണന്റെയും പ്രീതി പട്ടേലിന്റെയുമെല്ലാം വിജയം ആഘോഷിക്കും മുമ്പ് നമ്മുടെ രാജ്യത്ത് ഇത് എത്രമാത്രം നടപ്പിലാകുന്നുവെന്ന് ചിന്തിക്കേണ്ടതുണ്ട്. വൈവിധ്യങ്ങളെ അംഗീകരിക്കുന്ന രാജ്യത്തിന് മാത്രമാണ് യഥാർഥ ജനാധിപത്യ രാഷ്ട്രമാകാൻ കഴിയുക . അതിന് ന്യൂനപക്ഷങ്ങളുടെ സ്വാതന്ത്ര്യം അംഗീകരിക്കാൻ നമുക്ക് കഴിയണം. അവരുടെ അഭിപ്രായങ്ങളെയും തീരുമാനങ്ങളെയും ബഹുമാനിക്കാൻ സാധിക്കണം. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ന്യൂനപക്ഷങ്ങളുടെയും പ്രാതിനിധ്യമില്ലാതെ യഥാർഥ ജനാധിപത്യം സാധ്യമാകില്ല. ന്യൂപപക്ഷങ്ങളുടെയും കുടിയേറ്റക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന സന്ദേശം മറ്റ് രാജ്യങ്ങൾക്ക് നൽകാൻ ഇന്ത്യയ്ക്ക് കഴിയണം. നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന് അമേരിക്കൻ തെരഞ്ഞെടുപ്പിൽ നിന്നുള്ള ഈ സന്ദേശം ഉൾക്കൊള്ളാൻ കഴിയുമെന്ന് പ്രത്യാശിക്കാം. ●

# രൂക്ഷമാകുന്ന തൊഴിലില്ലായ്മ

തൊഴിലില്ലായ്മ രാജ്യത്തെ വരിഞ്ഞു മുറുക്കുകയാണ്. കോവിഡ് വ്യാപനവും തുടർന്നുണ്ടായ ലോക്ക് ഡൗണും നിരവധി പേരെ തൊഴിൽ രഹിതരാക്കി. ഒരു പക്ഷേ കോവിഡ് വ്യാപിക്കുന്നതിനേക്കാൾ വേഗത്തിൽ തൊഴിലില്ലായ്മ വർധിച്ചു. നോട്ട് നിരോധനവും ജിഎസ്ടി നടപ്പാക്കിയതും ചെറുകിട വ്യവസായങ്ങൾക്കും വ്യാപാരികൾക്കും വലിയ ആഘാതമാണേൽപ്പിച്ചത്. ഇതും തൊഴിലില്ലായ്മയിലേക്ക് നയിച്ചു. 2017 18 വർഷത്തെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ് ) അനുസരിച്ച് രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ പത്തു കൊല്ലത്തിനിടയിൽ ഏറ്റവും വലിയ വർധനയിലാണെത്തിനിൽക്കുന്നത്. 2018 19 പി എഫ് എൽ എസ് ഡേറ്റയിലും സമാനമായ വിവരങ്ങളാണുള്ളത്. 2019 ലെ നാഷണൽ സാംപിൾ സർവേ ഓർഗനൈസേഷൻ (എൻഎസ്എസ്ഓ) നടത്തിയ സർവേയിലും ഇക്കാര്യമാണ് പറയുന്നത്. എൻഎസ്എസ്ഓയുടെ സർവേ അനുസരിച്ച് 2019ൽ 15 മുതൽ 59 വരെ പ്രായമുള്ളവരിൽ 67 ശതമാനം ഗ്രാമീണരായ പുരുഷൻമാരും 21 ശതമാനം ഗ്രാമീണ യുവതികളും നഗരത്തിൽ നിന്നുള്ള 71 ശതമാനം പുരുഷൻമാരും 19 ശതമാനം സ്ത്രീകളും മാത്രമാണ് ഫലപ്രദമായ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്.

മാർച്ചിൽ ലോക് ഡൗൺ ഏർപ്പെടുത്തിയതിന് ശേഷം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള അവസരങ്ങൾ കുറഞ്ഞു. ലോക് ഡൗൺ പിൻവലിച്ചതിന് ശേഷം സാമ്പത്തിക മേഖലയിൽ ചെറിയ രീതിയിൽ ഉണർവുണ്ടായി എന്ന് പറയുമ്പോഴും തൊഴിൽ മേഖലയിൽ മാറ്റമുണ്ടായിട്ടില്ല. കോവിഡിന് മുമ്പുണ്ടായിരുന്നതിനേക്കാൾ തൊഴിലവസരങ്ങൾ കുറയുകയാണ് ചെയ്തത്.

തൊഴിലില്ലായ്മ വർധിക്കുന്നത് നിരവധി കുടുംബങ്ങളെ ദുരിതത്തിലാക്കി. സ്ഥിരവരുമാനമില്ലാതെ അവർക്ക് നല്ല ചികിത്സയോ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസമോ നൽകാനാകില്ല. ഭക്ഷണത്തിനായും കൃത്യമായി പണം തികയാത്ത അവസ്ഥയാണുണ്ടാകുന്നത്. കുടുംബ ചെലവുകൾ താങ്ങാനാകില്ല. എൻസിആർബിയുടെ കണക്കനുസരിച്ച് 2019 ൽ ദിവസ വേതനത്തിന് തൊഴിലെടുക്കുന്നവരുടെ ആത്മഹത്യാ നിരക്ക് വർധിച്ചു. 2020 നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെട്ടത് സാഹചര്യം കൂടുതൽ വഷളാക്കി. എന്നാൽ സാഹചര്യം മനസിലാക്കാതെ നിർദയമായാണ് മോഡി സർക്കാർ ഈ പ്രശ്നത്തെ സമീപിക്കുന്നത്. ജീവിത മാർഗം നഷ്ടപ്പെട്ടവർക്ക് പണമായി തന്നെ സഹായമെത്തിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. നികത്താതെ കിടക്കുന്ന നിരവധി ഒഴിവുകളാണ് സർക്കാർ മേഖലയിലുള്ളത്. കഴിഞ്ഞ ബിഹാർ തെരഞ്ഞെടുപ്പ് പ്രചാരണം ജനങ്ങൾക്കിടയിൽ തൊഴിലിന് എത്ര പ്രാധാന്യമുണ്ടെന്ന് വ്യക്തമാക്കിയതാണ്.



**എൻസിആർബിയുടെ കണക്കനുസരിച്ച് 2019 ൽ ദിവസ വേതനത്തിന് തൊഴിലെടുക്കുന്നവരുടെ ആത്മഹത്യാ നിരക്ക് വർധിച്ചു. 2020 നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെട്ടത് സാഹചര്യം കൂടുതൽ വഷളാക്കി. എന്നാൽ സാഹചര്യം മനസിലാക്കാതെ നിർദയമായാണ് മോഡി സർക്കാർ ഈ പ്രശ്നത്തെ സമീപിക്കുന്നത്.**

തൊഴിലില്ലായ്മ വേതനം നിർബന്ധമായും നൽകണമെന്ന ആവശ്യം മുൻനിർത്തിയായിരിക്കണം പ്രതിഷേധം. ആദായനികുതിദായകരല്ലാത്തവർക്ക് ഒരുമാസം 7500 രൂപ നൽകണമെന്ന ആവശ്യവും ഉയർത്തിപ്പിടിക്കണം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ ദിനങ്ങൾ 200 ദിവസമാക്കുകയും വേതനം വർധിപ്പിക്കുകയും വേണം. ആവശ്യമായ ഭക്ഷണസാധനങ്ങളുടെ വിതരണം നവംബർ വരെ തുടരണം. കൂടുതൽ തൊഴിലവസരങ്ങൾ വർധിപ്പിക്കാൻ കാർഷികമേഖലയിൽ പൊതു നിക്ഷേപം വർധിപ്പിക്കേണ്ടതും ആവശ്യമാണ്. ഇതിനെല്ലാം മുമ്പായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്കുള്ള നിയമനം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തികരിക്കണം. ●



# യുഎസ് - ഇന്ത്യ ബെക്കാ കരാർ

**രഘു**

> **ഇന്ത്യയുമായുള്ള സൈനിക തന്ത്രപരമായ പങ്കാളിത്തം തീവ്രമായി പിന്തുടരുന്നതിൽ, യുഎസിന് എല്ലായ്പ്പോഴും മറ്റൊരു ലക്ഷ്യം ഉണ്ടായിരുന്നു, അതായത് ലാഭകരമായ ഇന്ത്യൻ പ്രതിരോധ ഇറക്കുമതിയുടെ ഗണ്യമായ ഒരു ഭാഗം സ്വന്തമാക്കുക.**

2020 ഒക്ടോബർ 27 ന് ന്യൂഡൽഹിയിൽ ഇന്ത്യയുടെയും അമേരിക്കയുടെയും വിദേശ, പ്രതിരോധ മന്ത്രിമാർ തമ്മിലുള്ള 2 + 2 കൂടിക്കാഴ്ചയിൽ Basic Exchange and Cooperation Agreement on Geo spatial Cooperation (സ്ഥലസംബന്ധിയായ സഹകരണത്തെക്കുറിച്ചുള്ള അടിസ്ഥാന കൈമാറ്റവും സഹകരണ ഉടമ്പടിയും) ഇന്ത്യ കരാറിൽ ഒപ്പുവച്ചു. ഇന്ത്യയും അമേരിക്കയും തമ്മിൽ അത്തരത്തിലുള്ള ഏറ്റവും അടിസ്ഥാനപരമായ നാലാമത് പ്രതിരോധക്കരാറാണ് BECA. നാറ്റോയുമായും മറ്റ് സഖ്യകക്ഷികളുമായോ അല്ലെങ്കിൽ അടുത്ത അന്താരാഷ്ട്ര പങ്കാളികളുമായോ സൈനിക ഹാർഡ്‌വെയർ വിൽക്കുന്ന പല രാജ്യങ്ങളുമായും യുഎസിന് ഭിന്നങ്ങളായ നാല് കരാറുക

ളുണ്ട്. ഈ കരാറുകൾ ആയുധ കയറ്റുമതി നിയമപ്രകാരം യുഎസിനെ വിപുലമായ സൈനിക പ്ലാറ്റ്ഫോമുകൾ വിൽക്കാനും സൈനിക സൗകര്യങ്ങൾ പങ്കിടാനും ഹൈടെക് ആശയവിനിമയങ്ങളും രഹസ്യാന്വേഷണ സാങ്കേതികവിദ്യകളും സേവനങ്ങളും പങ്കിടാനും ഒപ്പം യുഎസും സഖ്യകക്ഷികളും പരസ്പര സംയുക്ത പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും ഉതകുന്നതാണ് ഈ കരാർ.

## പ്രതിരോധ സഖ്യത്തിലേക്കുള്ള വഴി

സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ 1990കളുടെ ആരംഭം മുതൽ, ഇന്ത്യ സൂപ്പർ പവറായ യുഎസിലേക്ക് കൂടുതൽ അടുക്കുകയായിരുന്നു, 1998 മെയ് മാസത്തിൽ വാജ്പേയി ഭരണകാലത്ത് ഇന്ത്യ ആണവായുധ പരീക്ഷണം നടത്തിയത് യുഎസിന്റെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര ഉപരോധത്തിനും ബന്ധങ്ങൾ മരവിപ്പിക്കലിനും കാരണമായി. ഇന്ത്യയെ തന്ത്രപരമായ കൂട്ടുകെട്ടിന് ക്ഷണിക്കാൻ യുഎസ് താല്പര്യം കാണിച്ചു, അതിന് നിലവിലുള്ള യുഎസ് നിയമപ്രകാരം ഒരു ആണവ കരാർ ആവശ്യമാണ്, ഈ കാഴ്ചപ്പാടും തുടർന്നുള്ള സംഭവവികാസങ്ങളും ഇന്ത്യയിലെ ഇടതുപക്ഷവും പൊതുജനങ്ങളും ഗണ്യമായി എതിർത്തു.

ഒന്നര പതിറ്റാണ്ടിലേറെയായി ഇരുരാജ്യങ്ങളും തമ്മിൽ (യുഎസിലെ റിപ്പബ്ലിക്കൻ, ഡെമോക്രാറ്റിക് ഭരണകൂടങ്ങൾ, ഇന്ത്യയിലെ ബിജെപി / എൻഡിഎ, കോൺഗ്രസ് / യുപിഎ സർക്കാരുകൾ എന്നിവ തമ്മിലുള്ള) സുസ്ഥിരവും തീവ്രവുമായ സംഭാഷണം ഒരു ആണവ കരാറിൽ കലാശിച്ചു. ഇന്ത്യയുമായി തന്ത്രപരവും പ്രതിരോധപരവുമായ പങ്കാളിത്തത്തിൽ ഏർപ്പെടാൻ പ്രത്യേകിച്ച് നൂതന സൈനിക, ഇരട്ട ഉപയോഗ സാങ്കേതികവിദ്യകളുടെ കയറ്റുമതിയിൽ ധാരണയായി.

യുഎസും ഇന്ത്യയും ആദ്യമായി 2002 ൽ ജനറൽ സെക്യൂരിറ്റി ഓഫ് മിലിട്ടറി ഇൻഫർമേഷൻ കരാറിൽ (ജിഎസ്എംഐഎ) ഏർപ്പെട്ടു. 2005 ജൂലൈയിൽ, അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ യുഎസിന്റെ സന്ദർശന വേളയിൽ, ആണവകരാർ തുടരാൻ ഔദ്യോഗികമായി സമ്മതിച്ചു. അടുത്തിടെ ദില്ലിയിൽ നടന്ന 2 + 2 മീറ്റിംഗിന് ശേഷം സംയുക്ത പ്രസ്താവനയിൽ വ്യക്തമായി അംഗീകരിച്ച ഒരു മുഖമുദ്ര എന്നോണം ഇരുരാജ്യങ്ങളും ഒരു പ്രതിരോധ ചട്ടക്കൂട് കരാറിൽ ഒപ്പുവച്ചു. പിന്നീട് മൂന്നു വർഷമെടുത്തു 2008 ൽ യുഎസ്ഇന്ത്യ സിവിൽ ന്യൂക്ലിയർ കരാർ ഒപ്പിട്ടു , പക്ഷേ തന്ത്രപരവും പ്രതിരോധവുമായ പങ്കാളിത്തം അപ്പോഴേക്കും ഉറപ്പിച്ചു.

## അടിസ്ഥാന കരാറുകൾ

ഇത് പ്രായോഗിക ക്രമീകരണങ്ങളിലേക്ക് വിവർത്തനം ചെയ്യുന്നതിന് യുഎസ് നിയമനിർമ്മാണങ്ങളെ തൃപ്തിപ്പെടുത്തുന്നതിന് മറ്റ് മൂന്ന് അടിസ്ഥാന കരാറുകൾ ആവശ്യമാണ്.

ലോജിസ്റ്റിക് എക്സ്ചേഞ്ച് മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് (LEMOA, 2016), പ്രതിരോധ സൗകര്യങ്ങളും ക്രെഡിറ്റുള്ള ലോജിസ്റ്റിക്സും പരസ്പരം ഉപയോഗിക്കുന്നതിന് അനുവദിക്കുന്നു,



**ഇന്ത്യ സ്വന്തമായി പ്രവർത്തിക്കുമ്പോഴും യുഎസ് ഹാർഡ്വെയർ, കമ്മ്യൂണിക്കേഷൻസ്, ഇന്റലിജൻസ് (കോമിന്റ്) സംവിധാനങ്ങൾ ഉപയോഗിച്ച് ലോക്ക്ഇൻ ചെയ്യപ്പെടുന്നതിന്റെ യഥാർത്ഥ അപകടത്തെ ഇന്ത്യ അഭിമുഖീകരിക്കുന്നു. ഇത് ഇന്ത്യൻ സൈന്യത്തിന്റെ പ്രവർത്തനങ്ങൾക്ക് ഫലത്തിൽ ബാധിക്കുന്നു.**

കൂടാതെ കമ്മ്യൂണിക്കേഷൻ കോംപാറ്റിബിലിറ്റി ആൻഡ് സെക്യൂരിറ്റി എഗ്രിമെന്റ് (COMCASA, 2018) ഹൈടെക് യുഎസ് പ്രതിരോധ പ്ലാറ്റ്ഫോമുകൾ വിൽക്കുന്നതിനും എൻക്രിപ്റ്റ് ചെയ്ത ആശയവിനിമയങ്ങൾ പങ്കിടുന്നതിനും അനുമതി നൽകുന്നു. BECA (2020) ഒപ്പിടുന്നത് വഴി നയതന്ത്രപ്രതിരോധപരമായ അലയൻസ് പൂർത്തിയാക്കുന്നു. ഇത് വഴി യു എസ്സിന് നാറ്റോയും മറ്റു സഖ്യ കക്ഷികളെയും പോലെ ഇരു സൈന്യങ്ങളും തമ്മിൽ പരസ്പര പ്രവർത്തന ക്ഷമത സാധ്യമാകുന്നു

## യുഎസ് പ്രതിരോധ കയറ്റുമതി വളർത്തൽ

ഇന്ത്യയുമായുള്ള സൈനികതന്ത്രപരമായ പങ്കാളിത്തം തീവ്രമായി പിന്തുടരുന്നതിൽ, യുഎസിന് എല്ലായ്പ്പോഴും മറ്റൊരു ലക്ഷ്യം ഉണ്ടായിരുന്നു, അതായത് ലാഭകരമായ ഇന്ത്യൻ പ്രതിരോധ ഇറക്കുമതിയുടെ ഗണ്യമായ ഒരു ഭാഗം സ്വന്തമാക്കുക.

ഇന്ത്യയിലേക്ക് സൈനിക ആയുധങ്ങൾ പ്രത്യേകിച്ചും നൂതന ആയുധങ്ങൾ,കയറ്റുമതി ചെയ്യുന്നതിൽ മുൻനിരയിലുള്ള യുഎസ്, വർഷങ്ങളായി റഷ്യയേക്കാളും ഇസ്രയേലിനേക്കാളും ഉയർന്ന വിൽപന മൂല്യം രേഖപ്പെടുത്തുന്നു. പൂജ്യത്തിൽ നിന്ന് ആരംഭിച്ച് യുഎസ് ഇപ്പോൾ 18 ബില്യൺ ഡോളർ (1.26 ലക്ഷം കോടി രൂപ) വില വരുന്ന സൈനിക ഉപകരണങ്ങൾ ഇന്ത്യക്ക് വിറ്റു, ആയുധ കയറ്റുമതിയിൽ സമ്പന്നമായ ലാഭവിഹിതം നേടാനും യുഎസിന് കഴിഞ്ഞു.

നൂതന സാങ്കേതികവിദ്യകളുള്ള സൈനിക പ്ലാറ്റ്ഫോമുകളുടെ ഇന്ത്യയിലേക്കുള്ള യുഎസ് വിൽപ്പനയ്ക്ക് COMCASA കൂടുതൽ വാതിൽ തുറന്നു. ബോയിംഗ് സി 17 ഗ്ലോബ് മാസ്റ്റർ 3 ട്രാൻസ്പോർട്ടർ വിമാനവും സി 130 ജെ സൂപ്പർ ഹെർക്കുലീസ് ട്രൂപ്പ് കാരിയറുകളും അമേരിക്കയിൽ നിന്ന് ഇന്ത്യ ഏറ്റെടുത്തു.

## ആധുനിക സാങ്കേതിക വിദ്യയെന്ന ഇര കോർത്തിടുന്നു

യുഎസ് ഇപ്പോൾ നിസ്സംശയമായും യുഎസ് ജിയോസ്പേഷ്യൽ, നാവിഗേഷൻ, ഇന്റലിജൻസ്, നെറ്റ് വർക്കിങ്ങ് സിസ്റ്റങ്ങളുമായി തത്സമയ ബന്ധം നൽകുന്ന നൂതന സാങ്കേതികവിദ്യകളുള്ള പ്ലാറ്റ്ഫോമുകൾ സ്വന്തമാക്കാൻ ഇന്ത്യയെ പ്രേരിപ്പിക്കും.

സമകാലിക ഏവിയോണിക്സ്, കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളുള്ള ഏറ്റവും പുതിയ പതിപ്പുകൾ ഇപ്പോഴും യുഎസ് നേവിയുടെ നിർമ്മാണത്തിലാണ്. ഈ പോരാളികൾക്ക് ബോയിംഗ് പി 8 ഐ മാരിടൈം ഉപയോഗിച്ച് നെറ്റ് വർക്കിങ്ങിനായി ഇൻബിൽറ്റ് സിസ്റ്റങ്ങളും ഉണ്ട്. ഇന്ത്യൻ നാവികസേനയ്ക്ക് ഇതിനകം തന്നെ അധിക നമ്പറുകളുള്ള രഹസ്യാന്വേഷണ വിമാനം, മറ്റ് യുഎസ് സിസ്റ്റങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയും.

## യുഎസ് ലോക്ക്ഇന്നിന്റെ അപകടം; പോരായ്മകൾ ധാരാളമുണ്ട്

ഒന്നാമതായി, ഇന്ത്യ സ്വന്തമായി പ്രവർത്തിക്കുമ്പോഴും യുഎസ് ഹാർഡ്വെയർ, കമ്മ്യൂണിക്കേഷൻസ്, ഇന്റലിജൻസ് (കോമിന്റ്) സംവിധാനങ്ങൾ ഉപയോഗിച്ച് ലോക്ക്ഇൻ ചെയ്യപ്പെടുന്നതിന്റെ യഥാർത്ഥ അപകടത്തെ ഇന്ത്യ അഭിമുഖീകരിക്കുന്നു, ഇത് ഇന്ത്യൻ സൈന്യത്തിന്റെ പ്രവർത്തനങ്ങൾക്ക് ഫലത്തിൽ ബാധിക്കുന്നു, രണ്ടാമതായി, ഭാവിയിലെ ഏറ്റെടുക്കലുകളും യുഎസ് സംവിധാനങ്ങളിലേക്ക് വളരെയധികം ചായുകയും പ്രതിരോധ ഇറക്കുമതിയെ വൈവിധ്യവത്കരിക്കുന്നതിൽ നിന്ന് ഇന്ത്യയെ തടയുകയും ചെയ്യും.

മൂന്നാമത്തെയും പ്രാധാന്യമേറിയതും, റഷ്യൻ ആയുധങ്ങൾക്ക് റഷ്യയും യു എസ്സും എതിർക്കുന്ന സോഫ്റ്റ് വെയറും ഹാർഡ് വെയറും ഇല്ലാതെ യു എസ് സംവിധാനങ്ങളോട് ബന്ധപ്പെടാൻ കഴിയില്ല. റഷ്യൻ എസ് 400 മിസൈൽ വിരുദ്ധ സംവിധാനത്തെക്കുറിച്ച് ഇതിനകം തന്നെ ഒരു ആശയക്കുഴപ്പം ഉയർന്നിട്ടുണ്ട്, ഇത് ഇടപാടിനെ തന്നെ ഭീഷണിപ്പെടുത്തുന്നു. ഇത് യുഎസിന്റെ കൂട്ടുകെട്ടിന്റെ അങ്ങേയറ്റം ഗുരുതരമായ ഒരു പ്രശ്നമാണ്, കാരണം ഇത് റഷ്യൻ സൈനിക പ്ലാറ്റ്ഫോമുകളിൽ നിന്ന് ദീർഘകാലമായി വിബന്ധിപ്പിക്കുന്നതിന് ഇടയാക്കും, റഷ്യയുമായുള്ള വിബന്ധത്തിന് അനാവശ്യമായ അനന്തരഫലങ്ങൾ ഉണ്ടാകാം.വർദ്ധിച്ചുവരുന്ന മൾട്ടിപോളാർ ലോകത്ത് റഷ്യയെ ഭൗമരാഷ്ട്രീയമായും ഇന്ത്യയുടെ സമീപപ്രദേശങ്ങളുമായും അകറ്റിയാൽ ഇന്ത്യയ്ക്ക് ഉയർന്ന ചിലവ് നേരിടേണ്ടി വരും. അവസാനമായി, എല്ലാ ആനുകൂല്യങ്ങളും യുഎസിൽ നിന്ന് എല്ലായ്പ്പോഴും, എല്ലാ എതിരാളികൾക്കെതിരെയും, തത്സമയം, സാഹചര്യങ്ങൾ പരിഗണിക്കാതെ ലഭ്യമാകുമോ? അല്ലെങ്കിൽ ഇന്ത്യ യുഎസുമായി സംയുക്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ മാത്രമേ അവർ കിക്ക് ഇൻ ചെയ്യൂ?...

ഇതെല്ലാം തീക്ഷ്ണതയോടെ സംരക്ഷിക്കപ്പെടുന്ന ഇന്ത്യയുടെ തന്ത്രപരമായ സ്വയംഭരണത്തെ പ്രതികൂലമായി ബാധിക്കും. ചുരുക്കത്തിൽ, ആനുകൂല്യങ്ങൾ അനായാസമായിരിക്കാം, പക്ഷേ ചെലവ് വളരെ ഉയർന്നതായിരിക്കാം ●



എൻ.പത്മലോചനൻ

# ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം രൂപം കൊള്ളുന്നു

ഭാഗം 2

**ഇന്ത്യൻ സ്വാതന്ത്ര്യ സമരം 1900ടെ ശക്തി പ്രാപിച്ചു തുടങ്ങി. അതോടൊപ്പം തൊഴിലാളി പ്രസ്ഥാനവും വളരാൻ തുടങ്ങി. സ്വാതന്ത്ര്യ സമര നായകനായിരുന്ന ബാലഗംഗാധര തിലകനെ ആറു വർഷത്തെ തടവിന് കോടതി വിധിച്ചതിനെതിരെ 1928 ജൂലൈ 23 മുതൽ 28 വരെ ബോംബൈയിലെ തൊഴിലാളി കൾ നടത്തിയ പണിമുടക്കം ആ കാലഘട്ടത്തിലെ ഐതി ഹാസിക സമരമായിരുന്നു. 1917ലെ റഷ്യൻ ഒക്ടോബർ വിപ്ലവം ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിനും വലിയ ആവേശവും ഉത്തേജനവും പകർന്നു നൽകി.**



ഇന്ത്യൻ സ്വാതന്ത്ര്യസമരം ആർജിച്ച കാലഘ ട്ടത്തിൽ തന്നെയാണ് ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനവും രൂപം പ്രാപിച്ച് തുടങ്ങിയത്. 19ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ താൽക്കാലിക തൊഴി ലാളികൾ എന്ന രൂപത്തിൽ ഒരു വിഭാഗം ആവിർ ഭവിച്ച സന്ദർഭത്തിൽ അതോടൊപ്പം ആരംഭിച്ച താണ് അടിച്ചമർത്തലുകളും അതിരൂക്ഷമായ ചൂഷണവും, സമാനമായി അതോടൊപ്പം ചെറിയ തോതിലുള്ള ചെറുത്ത് നിൽപ്പും. 1850നും 1890 നും ഇടയിൽ കോടിക്കണക്കായ ഇന്ത്യൻ ജനത പട്ടിണിക്കാരായി ചത്തൊടുങ്ങി. ദശലക്ഷങ്ങൾ പട്ടിണി പാവങ്ങളായി. ഈ അരക്ഷിതാവസ്ഥ സൃ ഷ്ടിച്ച രോഷവും ക്രോധവും മൂലം നിരവധി പ്രതി ഷേധവും ചെറുത്ത് നിൽപ്പും ഉയർന്നു വന്നെങ്കി ലും ഇന്ത്യൻ അധികാരി വർഗ്ഗമായിരുന്ന ബ്രിട്ടൺ അതെല്ലാം അടിച്ചമർത്തി.

ഇംഗ്ലണ്ടിന്റെ അധീനതയിലുള്ള ബ്രിട്ടീഷ് കമ്പനികൾക്കാവശ്യമായ അസംസ്കൃത വസ്തു ക്കളുടെ ഉറവിടമായും ഉൽപന്നങ്ങൾ വിറ്റഴി ക്കാനുള്ള വിപണിയായും ഇന്ത്യയെ ബ്രിട്ടൺ ഉപയോഗപ്പെടുത്തി എന്ന വസ്തുത മുമ്പിനാലെ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. പലപ്പോഴും നീണ്ട തൊഴിൽ ദിവസവും തുഛമായ കൂലി നിലവാരവും ക്രൂര മായ പീഢനവും തൊഴിലെടുക്കുന്നവരിൽ രോഷവും പ്രതികാര മനോഭാവവും വളർത്തിയി രുന്നു. 1800കളിൽ തന്നെ പല സന്ദർഭങ്ങളിലും തൊഴിൽ സമരങ്ങളും പണിമുടക്കുകളും നടന്നി രുന്നു. 1820-40 കാലഘട്ടത്തിൽ തൊഴിൽ സമയം കുറക്കുന്നതിനായി നിരവധി സമരങ്ങൾ ലോ കമെമ്പാടും വിശിഷ്യ അമേരിക്കയിലും, യൂറോ പ്പിലും സംഘടിപ്പിക്കപ്പെട്ടിരുന്നു. 1861ൽ ചിക്കാ ഗോയിൽ ജോലിസമയ നിർണ്ണയത്തിനു വേണ്ടി നടന്ന സമരം ചോരയിൽ മുക്കി കൊല്ലപ്പെട്ടു. ഈ പശ്ചാത്തലത്തിൽ 8 മണിക്കൂർ ജോലി സമയം നിശ്ചയിച്ചു കിട്ടുന്നതിനായുള്ള പ്രക്ഷോഭത്തി ന്റെ ഭാഗമായി അമേരിക്കയിലെ 60 തൊഴിലാളി സംഘടനകൾ ചേർന്ന് 1866-ൽ ഒരു പൊതുവേദി രൂപീകരിച്ചു. 1890 മേയ് 01ന് 8 മണിക്കൂർ എന്ന് ചിക്കാഗോയിലുയർന്ന മുദ്രാവാക്യം സ്ഥാപിച്ചു കിട്ടാനുള്ള അവകാശ ദിനാചരണം ലോകത്തെ മിക്ക രാജ്യങ്ങളിലും ആചരിക്കപ്പെട്ടു. ഇതെല്ലാം ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിനിടയിലും ആവേശകരമായ പ്രതികരണം സൃഷ്ടിച്ചു. ഇന്ത്യ യിൽ 1882നും 1890നും ഇടയിലുള്ള 8 വർഷക്കാലം കൂലി വർദ്ധനവിനും ജോലി സമയം കുറച്ചു കിട്ടു ന്നതിനുമുള്ള ആവശ്യങ്ങൾ മുൻനിർത്തി 25 ഓളം പണിമുടക്കുകൾ പല മേഖലകളിലായി നടക്കു കയുണ്ടായി. ഇവയ്ക്കൊന്നും ഒരു കാഴ്ചപ്പാടിന്റെ യും പ്രത്യയശാസ്ത്രത്തിന്റെയും പരിസര സമീപനം പോലും ഉണ്ടായിരുന്നില്ല.

1891നും 1901നും ഇടയിൽ ഒരു പരിധി വരെയെ ങ്കിലും വർഗ്ഗബോധം ഉൾക്കൊണ്ടുകൊണ്ടുള്ള തൊഴിലാളികളുടെ ഐക്യ പ്രസ്ഥാനം രൂപം കൊള്ളാനും തൊഴിൽ സമരങ്ങളും പ്രക്ഷോഭ

ങ്ങളും ആഗോള തലത്തിൽ സംഘടിപ്പിക്കാനും പ്രത്യേകിച്ച് വ്യാവസായിക മേഖലകളിൽ കഴിഞ്ഞിരുന്നു. ഈ സ്ഥിതി ഒന്നാം ലോക മഹായുദ്ധ കാലയളവ് വരെ തുടർന്നു; അൽപം പുരോഗതി കൈവരിക്കുകയും ചെയ്തു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരം 1900ടെ ആദ്യ ഘട്ടം മുതൽ ശക്തി പ്രാപിച്ചു തുടങ്ങി. അതോടൊപ്പം തൊഴിലാളി പ്രസ്ഥാനവും വളരാൻ തുടങ്ങി. സ്വാതന്ത്ര്യ സമരനായകനായിരുന്ന ബാലഗംഗാധര തിലകനെ ആറു വർഷത്തെ തടവിന് കോടതി വിധിച്ചതിനെതിരെ 1928 ജൂലൈ 23 മുതൽ 28 വരെ ബോംബെയിലെ തൊഴിലാളികൾ നടത്തിയ പണിമുടക്കം ആ കാലഘട്ടത്തിലെ ഐതിഹാസിക സമരമായിരുന്നു.

1914 ആയപ്പോഴേക്കും ഇന്ത്യൻ തൊഴിലാളി വർഗ്ഗം കൂടുതൽ സംഘടിത ശേഷി കൈവരിക്കാൻ തുടങ്ങി. തൊഴിലാളികളും കർഷകരും ചേർന്ന് മാനവ ചരിത്രത്തിലാദ്യമായി ഭരണാധികാരം പിടിച്ചെടുത്ത 1917ലെ റഷ്യൻ ഒക്ടോബർ വിപ്ലവം ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിനും വലിയ ആവേശവും ഉത്തേജനവും പകർന്നു നൽകി. 1918ൽ ബോംബെ തുണി മില്ലുകളിൽ ആരംഭിച്ച പണിമുടക്ക് സമരം മറ്റിടങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ച്; 125,000 തൊഴിലാളികൾ പങ്കെടുത്ത പടുകൂറ്റൻ സമരമായി മാറുകയും ചെയ്തു. 1920ന്റെ ആദ്യ പകുതിയിൽ 15 ലക്ഷം തൊഴിലാളികൾ പങ്കെടുത്ത 200ഓളം പണിമുടക്ക് സമരങ്ങൾ രാജ്യത്തെമ്പാടും നടന്നു. ജോലി സമയം 10 മണിക്കൂറായി നിജപ്പെടുത്താനും ക്ഷാമ ബത്തക്ക് വേണ്ടിയും ആയിരുന്നു സമരങ്ങൾ. അതേ വർഷം ജൂലൈ മുതൽ ഡിസംബർ വരെ നടന്ന 97 സമരങ്ങളിൽ 37 എണ്ണം പരാജയപ്പെട്ടെങ്കിലും മറ്റ് 60 സമരവും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ വിജയമായിരുന്നു.

തൊഴിലാളി സംഘടനകളുടെ വർദ്ധനവും വളർന്നു വരുന്ന സമരങ്ങളും ഭരണാധികാരികളെ അസ്വസ്ഥരാക്കി. 1913ൽ ഇന്ത്യൻ പീനൽ കോഡിൽ (ശിക്ഷാ നിയമത്തിൽ) ഭേദഗതികൾ വരുത്തി കൂടുതൽ ശിക്ഷകൾ കൂടുതൽ ക്രൂരമാക്കി. എന്നാൽ അധികാരികളുടെ ഭീഷണികളെ തൃണവൽകരിച്ചു കൊണ്ട് വിവിധ മേഖലകളിൽ നിരനിരയായി നിരവധി തൊഴിലാളി യൂണിയനുകൾ രൂപം കൊള്ളുന്ന കാഴ്ചയാണ് തുടർന്നുള്ള വർഷങ്ങളിൽ ഉണ്ടായത്.

ഈ പശ്ചാത്തലത്തിൽ ബോംബെയിൽ 1920 ജൂലൈ 16ന് ട്രേഡ് യൂണിയനുകളുടെ ഒരു സമ്മേളനം ചേരുകയും ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് എന്ന പേരിൽ സംഘടന രൂപീകരിക്കണമെന്ന് തീരുമാനിക്കുകയും, രൂപീകരണ സമ്മേളനം വിജയിപ്പിക്കുന്നതിന് ജോസഫ് ബാറ്റിസ്റ്റ അദ്ധ്യക്ഷനായി 500 പേർ അടങ്ങുന്ന സ്വാഗത സംഘത്തിന് രൂപം നൽകുകയും ചെയ്തു.

## ആഗോള തൊഴിലാളി വർഗ്ഗ പ്രസ്ഥാനം രൂപം കൊണ്ടതിലേക്കെത്തിച്ച ചരിത്രത്തിലേക്ക് ഒന്ന് കണ്ണോടിക്കാം

ആധുനിക തൊഴിലാളി വർഗ്ഗം ആധുനിക മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. വ്യവസായിക വിപ്ലവത്തിന്റെ വികാസം അതിന്റെ കേന്ദ്രമായിരുന്ന ബ്രിട്ടന്റെ തലസ്ഥാനമായ ഇംഗ്ലണ്ടിൽ നിന്നുമാണ്. അതോടെ തൊഴിലാളി വർഗ്ഗത്തിന്റെ ബീജാവാപവും അവിടെ നിന്നും ആരംഭിച്ചു. പ്രാഥമിക ഘട്ടത്തിൽ ട്രേഡ് യൂണിയനുകൾ സാമ്രാജ്യത്വ ശക്തികളുടെ കോളനികളിലേക്കും വ്യാപിച്ചു. അതായത് ഏഷ്യയിലേക്കും, ആഫ്രിക്ക, ലാറ്റിൻ അമേരിക്കയിലേക്കും, യൂറോപ്പ്യന്മാരുടെ കടന്നുകയറ്റത്തെ തുടർന്ന് അമേരിക്കയിലേക്കും, ഓസ്ട്രേലിയയിലേക്കും വ്യാപിച്ചു. വിശേഷിച്ചും അമേരിക്കയിൽ യൂറോപ്പ്യന്മാർ കടന്നുകയറിയ ഇടമെന്ന നിലയിൽ അമേരിക്കയിൽ അതിവേഗം വ്യാപിച്ചു.

മുതലാളിത്ത വികാസം രൂപം കൊണ്ടത് 16ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ജന്മിത്ത നാടുവാഴിത്ത സമ്പത്ത് വ്യവസ്ഥയിൽ നിന്നുമുള്ള മാറ്റത്തിലൂടെയാണ്. ഈ മാറ്റം രൂപപ്പെടുത്താൻ ഏകദേശം 2 നൂറ്റാണ്ടുകൾ വരെ വേണ്ടിവന്നു. അതായത് 16ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം മുതൽ 18ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടം വരെയും അതിനപ്പുറവും വേണ്ടിവന്നു. മുതലാളിത്തത്തിന്റെ സ്വഭാവ സവിശേഷത ചരക്കുൽപ്പാദനമാണ്. ചരക്കുൽപ്പാദനത്തിന്റെ നൂറ്റാണ്ടിനു മുമ്പ് തന്നെ തൊഴിലാളികൾ ജീവിക്കാൻ വേണ്ടി അവരുടെ അധ്വാനം വിറ്റു തുടങ്ങി എങ്കിലും ഒരിക്കൽ സ്വതന്ത്രരാകാനുള്ള അവസരം അവർക്കു മുന്നിൽ നിലനിന്നിരുന്നു. ചരക്കുൽപ്പാദനത്തിന്റെ ഫലമായി വിവിധ വിഭാഗത്തിൽ പെട്ട തൊഴിലാളികൾ ഒരു കൂരക്കു കീഴിൽ കഴിയേണ്ടി വന്നു. സാമൂഹ്യ പശ്ചാത്തലവും ചെയ്യുന്ന തൊഴിലിന്റെ സവിശേഷതകളും തൊഴിലാളികളെ പലതട്ടുകളിലേക്കും വ്യക്തികളുടെ നിയന്ത്രണത്തിലേക്കും ഉൽപ്പാദന പ്രക്രിയയുടെ പൊതു ഘടനയിൽ നിന്നും വേർപെട്ടും കർശനമായ കച്ചവടത്തിൻ വിധേയരാക്കപ്പെടുന്നു.

തൊഴിലവസരം സാധാരണ തൊഴിലാളികളിൽ നിന്നും കൈത്തൊഴിൽ വിദഗ്ദ്ധരിലേക്കും ചരക്കുൽപ്പാദനം യന്ത്രവൽകൃത ഫാക്ടറികളിലേക്കും മാറുന്നു. യന്ത്രങ്ങളുടെ കണ്ടുപിടുത്തവും യന്ത്രവൽകൃത നിർമ്മാണവും തുടങ്ങിയതോടൊപ്പം

ഈ സമ്പ്രദായത്തിന്റെ അടിസ്ഥാന വർഗ്ഗമായ ഭൂർഷ്വാസിയും രൂപപ്പെടുന്നു. അവർ ഫാക്ടറിക ളിൽ ചരക്കുൽപാദനവും തൊഴിലാളി ചൂഷണവും ശക്തമാക്കി തൊഴിലാളി വർഗ്ഗത്തെ രൂപപ്പെടു ത്തുന്നു. അതായത് ഉൽപ്പാദനോപകരണം സ്വ ന്തമായി ഇല്ലാത്ത തൊഴിലാളി വിഭാഗം.

യൂറോപ്യൻ രാജ്യങ്ങളിൽ വ്യാവസായിക വിപ്ലവത്തിന്റെ പ്രഥമ കേന്ദ്രം ഇംഗ്ലണ്ടായി മാറി. ഇംഗ്ലണ്ടിലാണ് പ്രധാനമായും മുതലാളിത്ത ജന്മി ത്ത വ്യവസ്ഥക്കെതിരായി ഒന്നാമതായി സമരം നയിച്ചതും ജന്മിത്വത്തിന്റെ നീരാളി പിടിത്തത്തിൽ നിന്നും മോചനം നേടിയതും. രണ്ടാമതായി സമ്പ ത്ത് ചൂഷണം ഇന്ത്യ ഉൾപ്പടെയുള്ള കോളനിക ളിൽ നിന്നും ബ്രിട്ടീഷ് ഭരണ കൂടമാണ് ഗണ്യമായ അളവിൽ സമ്പത്ത് കൂട്ടി ഇംഗ്ലണ്ടിലെ മുതലാളി ത്ത വ്യവസായങ്ങൾക്കാവശ്യമായ മൂലധനം സ്വ രൂപിച്ചത്. ബ്രിട്ടീഷ് ഭരണം ശക്തി ഉപയോഗിച്ച് ഇന്ത്യയെ കീഴടക്കി. അങ്ങിനെ വിഭവ സമൃദ്ധമായ കോളനി കൈവശമാക്കി. തന്മൂലം ഇന്ത്യയുടെ വിപുലമായ സമ്പത്ത് ഇന്ത്യയിലേക്ക് ഒഴുക്കാൻ കഴിഞ്ഞു.

പുതിയ പശ്ചാത്തലത്തിൽ 1640ൽ പഴയ ഫ്യൂഡൽ വ്യവസ്ഥിതിയിൽ നിന്നും പുതിയ ബൂർഷ്വാ വ്യവസ്ഥിതിയിലേക്കുള്ള വിപ്ലവം പര മോന്നതിയിലെത്തി. നികുതി നടപ്പാക്കുന്നതിന്റെ പേരിൽ രാജാവും പാർലമെന്റും തമ്മിൽ ഒരു ആഭ്യന്തര യുദ്ധം തന്നെ നടന്നു. ഈ സമരത്തിൽ വ്യാവസായിക മുതലാളിത്തത്തിന്റെ ഹൃദയ പൂർവ്വ മായ പിന്തുണ പാർലമെന്റിന് ലഭിച്ചു. അങ്ങിനെ പുത്തൻ മുതലാളി വർഗ്ഗം ഭരണകൂട ശക്തിയായി രൂപാന്തരപ്പെട്ടു.

ഈ സന്ദർഭത്തിൽ തന്നെ മറ്റൊരുദിച്ചുയരൽ ഉണ്ടായി. അത് ശാസ്ത്രീയ കണ്ടുപിടുത്തങ്ങളാ യിരുന്നു. യന്ത്രങ്ങളാദ്യമായി സ്ഥലം പിടിച്ചത് പരുത്തി വ്യവസായത്തിലായിരുന്നു. നെയ്ത്ത് യന്ത്രം 1765ൽ സ്ഥാപിതമായി. ജെയിംസ് വാട്ട്സിന്റെ ആവിയന്ത്രം, സാമുവൽ ക്രോംടെൺ തുടങ്ങി യവരുടെ ശ്രമഫലമായി തുണി വ്യവസായം യന്ത്രവൽകൃതമായി. തുടർന്ന് ഫൾട്ടൺസ് ആവി ബോട്ടും മറ്റും വന്നതോടു കൂടി യന്ത്ര വ്യവസായ വും വ്യാപതമായി. യന്ത്രാവിഷ്കരണം കൽക്കരി, ഇരുമ്പ്, പരുത്തി വ്യവസായം തുടങ്ങി ഇംഗ്ലണ്ടി ന്റെ വ്യാവസായിക വിപ്ലവത്തിനുള്ള അടിത്തറ സ്ഥാപിതമായി.

വ്യാവസായിക വിപ്ലവത്തിന് രണ്ടു ഘട്ട ങ്ങളുണ്ട്. ഒന്ന്, യന്ത്രങ്ങളുടെ ആവിഷ്കരണ ത്തോടു കൂടിയ സാങ്കേതിക മാറ്റങ്ങൾ. മറ്റൊന്ന്, സാമൂഹ്യ രംഗത്ത് വന്ന മാറ്റങ്ങൾ. ജന്മിത്ത വ്യവ സ്ഥയെ പിൻതള്ളി ഒരു പുതിയ സാമൂഹ്യ ശക്തി



ബൂർഷ്വാസിയും തൊഴിലാളി വർഗ്ഗവും ഉൾകൊ ള്ളുന്ന പുത്തൻ മുതലാളിത്ത സമ്പത്ത് വ്യവസ്ഥ രൂപപ്പെട്ടു.

യന്ത്ര രംഗത്ത് വികസിച്ചു കൊണ്ടിരുന്ന മാ റ്റങ്ങൾ എല്ലാ മാറ്റത്തിന്റെയും കേന്ദ്ര ബിന്ദുവായി മാറി. മൊത്തത്തിലുള്ള വ്യാവസായിക ഉൽപാ ദന മേഖലയിൽ മനുഷ്യ അധ്വാനത്തെ പിൻത ള്ളി യന്ത്രാവിഷ്കാരം പ്രമുഖ സ്ഥാനം പിടിച്ചു. അങ്ങിനെ ചരക്കുൽപ്പാദന മേഖലക്ക് പുതിയ രൂപവും ഭാവവും കൈവന്നു. യന്ത്രാവിഷ്ക്കാര ത്തിന്റെ തുടക്കത്തിൽ വ്യത്യസ്ഥ ഘട്ടങ്ങളിലാ യി മനുഷ്യാദ്ധ്വാനം ഒരവശ്യ വസ്തുവായിരുന്നു. എന്നാൽ ഉൽപാദനം യന്ത്രാവിഷ്കൃതമായി മാത്രം നടത്തുക എന്ന ആധുനിക കാഴ്ചപ്പാടോടു കൂടിയ സ്ഥാപനങ്ങളിൽ തൊഴിലാളികൾ വെറും ഒരു ഉപശക്തിയായി മാറി

ഈ പുതിയ വ്യവസായ സംവിധാനത്തിന്റെ പ്രത്യാഘാതം ഭയാനകമായിരുന്നു. മുതലാളിത്ത ത്തിന്റെ സഹജമായ പുതിയ ചുറ്റുപാടിൽ മനുഷ്യ സമൂഹം വളരെ പ്രയാസപ്പെട്ട് അതോടൊപ്പം നീങ്ങേണ്ട സ്ഥിതിയുണ്ടായി. മനുഷ്യാദ്ധ്വാനവും മനുഷ്യന്റെ കരുത്തും അവർ കഷ്ടപ്പെട്ട് നേടിയ അദ്ധ്വാന വൈദഗ്ധ്യവും ആധുനിക യന്ത്രവൽ കൃത വ്യവസായത്തിന് ആവശ്യമില്ലാത്തതായി തീർന്നു. വ്യവസായ സ്ഥാപനങ്ങളിൽ ഈ സ്ഥി തിവിശേഷം ചരക്കുൽപ്പാദനത്തിൽ പുരുഷ തൊ ഴിലാളികൾക്ക് പകരം സ്ത്രീകളേയും കുട്ടികളേയും മാത്രം ചില എടുപ്പിനും തുടപ്പിനും മാത്രമായി ഉപയോഗിക്കുന്ന സ്ഥിതി ഉണ്ടായി. ദുഃഖകരമായ ഈ മഹാവിപത്ത് സാധാരണക്കാരായ ബഹു ജനങ്ങളെ ശാരീരികവും മാനസികവുമായി വി ഭ്രാന്തിയിലാക്കി. മനുഷ്യാദ്ധ്വാനത്തിൻ മേലുള്ള യന്ത്രങ്ങളുടെ വിജയോത്സവം മുതലാളിത്തത്തെ തൃപ്തിപ്പെടുത്താൻ സാധ്യമല്ലാത്ത ദുരാഗ്രഹ ത്തിലേക്ക് നയിച്ചു. പരമാവധി ലാഭം കൊയ്യുക അവരുടെ ലക്ഷ്യമായി. അതിനായി മുതലുടമകൾ തൊഴിലാളികളുടെ ജോലി സമയം പരമാവധി വർദ്ധിപ്പിച്ചു. അതോടൊപ്പം കൂലി നിലവാരം പര മാവധി താഴത്തേക്ക് എത്തിച്ചു. ●

# എറിഞ്ഞുകളയരുത് കിഫ്ബിക്കുട്ടിയെ



എൻ എസ് മാധവൻ

കിഫ്ബിക്കു മുമ്പും പിൻപുമുള്ള കേരളത്തിലെ മൂലധനച്ചെലവു പരിശോധിച്ചാൽ ഈ നൂതനാശയം വിജയകരമായിരുന്നുവെന്ന് നിസ്സംശയം പറയാൻ കഴിയും. നിത്യനിദാന ചെലവുകൾക്കു ശേഷം വികസിനത്തിനായി തുക കണ്ടെത്താൻ പാടുപെടുന്ന ഇന്ത്യയിലെ മറ്റു സംസ്ഥാന സർക്കാരുകൾക്ക് കിഫ്ബി ഒരു വഴികാട്ടിയാകാം.

കേരളത്തിന്റെ സമ്പദ്വ്യവസ്ഥ അത്യന്തം സങ്കീർണവും പ്രയാസങ്ങൾ നിറഞ്ഞതുമാണ്. ശമ്പളം, പെൻഷൻ, പിന്നോക്കക്കാർക്കുള്ള ക്ഷേമപദ്ധതികൾ എന്നിവ കഴിഞ്ഞ് നീക്കിയിരിപ്പു വല്ലതുമുണ്ടെങ്കിൽ അതു മുൻകാല വായ്പകളുടെ പലിശക്കു പോകും.

മൂലധനച്ചെലവ് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 1% മാത്രമേ വരുന്നുള്ളൂ. മധ്യപ്രദേശ്, രാജസ്ഥാൻ, ഗോവ തുടങ്ങിയ അത്ര വികസിതമല്ലാത്ത സംസ്ഥാനങ്ങളിൽ പോലും മൂലധനചെലവ് ആഭ്യന്തര വരുമാനത്തിന്റെ 2% ആണെന്ന് ഓർക്കുക. ഇതുമൂലം കേരളത്തിൽ റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിലുള്ള നിക്ഷേപം നന്നേ കുറഞ്ഞു.




കിഫ്ബിക്കു മുമ്പും പിൻപുമുള്ള കേരളത്തിലെ മൂലധനച്ചെലവു പരിശോധിച്ചാൽ ഈ നൂതനാശയം വിജയകരമായിരുന്നുവെന്ന് നിസ്സംശയം പറയാൻ കഴിയും. 2012- 13 മുതൽ 2015-16 വരെയുള്ള 4 വർഷങ്ങളിൽ നിയമസഭയിൽ അവതരിപ്പിച്ച ബജറ്റുകളുടെ അടിസ്ഥാനത്തിൽ മൂലധനച്ചെലവിനുള്ള അടങ്കൽ തുക 20,652 കോടി രൂപ ആയിരുന്നു. കിഫ്ബി നിയമ ഭേദഗതിക്കു ശേഷം 2016-17 മുതലുള്ള 4 വർഷങ്ങളിൽ മൂലധന ചെലവിന്റെ അടങ്കൽ തുക 49,184 കോടി രൂപയായി വർധിച്ചു. നിത്യനിദാന ചെലവുകൾക്കു ശേഷം വികസിനത്തിനായി തുക കണ്ടെത്താൻ പാടുപെടുന്ന ഇന്ത്യയിലെ മറ്റു സംസ്ഥാന സർക്കാരുകൾക്ക് കിഫ്ബി ഒരു വഴികാട്ടിയാകാം.

ഇത്രയും വർഷങ്ങൾക്കു ശേഷം സിഎജി മൗലികമായ പ്രശ്നങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അതിൽ ഉദ്ദേശ്യശുദ്ധിയെക്കുറിച്ചുള്ള സംശയങ്ങൾ സ്വാഭാവികമായും ഉയർന്നുവരാം. കിഫ്ബിയെ പല കാരണങ്ങൾ കൊണ്ട് എതിർക്കുന്നവർ ഇംഗ്ലീഷിലെ ഈ പറച്ചിൽ ഓർക്കുന്നതു നല്ലതായിരിക്കും. കുളിപ്പിച്ച വെള്ളത്തിനൊപ്പം കുട്ടിയെയും എറിഞ്ഞു കളയരുത്!

# കിഫ്ബി വിവാദം എന്തുകൊണ്ട് ?

### ? എന്തുകൊണ്ട് കിഫ്ബി

നവലിബറൽ നയങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് 2003 ൽ FRBM Act കൊണ്ടുവന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണ പ്രക്രിയയെ ശക്തിപ്പെടുത്തുക എന്ന ഗൂഢലക്ഷ്യം കൂടി ഈ നീക്കത്തിനു പിന്നിലുണ്ടായിരുന്നു. സംസ്ഥാന സർക്കാരുകൾക്ക് നിയമാനുസൃതം ലഭിക്കേണ്ട വിഹിതം പോലും കേന്ദ്രസർക്കാർ നൽകുന്നില്ല. സംസ്ഥാന ഖജനാവിന്റെ ശുഷ്കമായ അവസ്ഥയിൽ ഉയർന്ന തോതിലുള്ള മൂലധന നിക്ഷേപം സാധ്യമല്ല. അതിനായി കടം വാങ്ങണം. പക്ഷേ അതിന് പരിമിതികൾ ഏറെയാണ്. ബജറ്റിൽ അംഗീകരിച്ചത്ര തുകയേ കടം വാങ്ങാനാകൂ. കൂടുതൽ വാങ്ങിയാൽ അടുത്തകൊല്ലത്തെ കടം കുറയും. കൂടാതെ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ നിശ്ചിത ശതമാനത്തിൽ കൂടുതൽ വായ്പ വാങ്ങാൻ പാടില്ലായെന്ന് ധന ഉത്തരവാദിത്ത നിയമം (FRBM Act) വ്യവസ്ഥ ചെയ്യുന്നു. ഏക പോംവഴി ബജറ്റിന് പുറത്ത് ബജറ്റിതര മാർഗ്ഗത്തിലൂടെ കടം വാങ്ങലാണ്. അങ്ങനെ ചെയ്താൽ ധനക്കമ്മി ഉയരില്ല. അതിനായി രൂപം കൊടുത്ത വായ്പോപകരണമാണ് (SPV - Special Purpose Vehicle) കിഫ്ബി. കമ്പനി ആക്ട് പ്രകാരം നിയമനിർമ്മാണത്തിലൂടെയാണ് കിഫ്ബി നിലവിൽ വന്നത്. നവലിബറൽ തിട്ടൂരങ്ങളെ മറികടക്കാൻ ഇതല്ലാതെ മറ്റു മാർഗ്ഗമില്ല.

### ? ഇന്ത്യാ രാജ്യത്ത് ഇതുപോലെയുള്ള SPV കൾ പ്രവർത്തിക്കുന്നുണ്ടോ ?

കേന്ദ്രസർക്കാരും, പൊതുമേഖലാ സ്ഥാപനങ്ങളും ഇത്തരത്തിലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന് വിളിക്കുന്ന നിരവധി സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ബജറ്റിലുപരിയായി (Extra Budgetory resources) മൂലധന നിക്ഷേപം നടത്താൻ ഇതല്ലാതെ മറ്റു മാർഗ്ഗമില്ല. വിദേശരാജ്യങ്ങളിലെ ഒട്ടുമിക്ക പശ്ചാത്തല പദ്ധതികളും ഇത്തരത്തിലാണ് നടപ്പിലാക്കിക്കൊണ്ടിരി

### എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു വിവാദം ഉണ്ടായിട്ടുള്ളത് ?

കേരളത്തിലെ ഇടതുമുന്നണി സർക്കാർ കിഫ്ബി ഫണ്ട് ഉപയോഗിച്ച് വലിയതോതിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരി ക്കുകയാണ്. അതിന് തടയിടാനായി വിവിധ കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.CAG യുടെ കരട് റിപ്പോർട്ടിൽ ഇത്തരം പരാമർശം ഉണ്ടായിരുന്നില്ല. CAG ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും ധനവകുപ്പ് തൃപ്തികരമായ മറുപടി നൽകിയിരുന്നു. കിഫ്ബിയുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നത് കേരളത്തിന്റെ വികസന പ്രക്രിയയെ തടയിടുന്നതിന് വേണ്ടിയാണ്.






**എണ്ണൂറിലേറെ പദ്ധതികൾക്കായി ഏതാണ്ട് 60,000 കോടി രൂപ കിഫ്ബിക്ക് കണ്ടെത്താനായിട്ടുണ്ട്. ഇതിൽ കേരളത്തിലെ എല്ലാ എം.എൽ.എ. മാരുടെ മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങളും ഉൾപ്പെടുന്നു.**

ക്കുന്നത്. ഇന്ത്യൻ റെയിൽവേ ബജറ്റിലുപരിയായി ധനസമാഹരണം നടത്താനായി "ഇന്ത്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷൻ" രൂപീകരിച്ചിട്ടുണ്ട്. പുതിയ വാഗണുകൾ വാങ്ങി ഇന്ത്യൻ റെയിൽവേയ്ക്ക് ലീസിനു നൽകുന്നു. പുതിയ പല പ്രോജക്ടുകളും ഇത്തരത്തിലാണ് റെയിൽവേ നടപ്പിലാക്കുന്നത്.

വലിയ നഗരങ്ങളെ സ്മാർട്ട് സിറ്റികളാക്കി മാറ്റാനായി കേന്ദ്രസർക്കാർ രൂപീകരിച്ച സ്മാർട്ട് സിറ്റീസ് മിഷൻ, പ്രധാനമന്ത്രി ആവാസ് യോജന നടപ്പിലാക്കുന്നതിനു വേണ്ടി ഹൗസിങ്ങ് ആൻഡ് അർബ്ബൻ അഫയേഴ്സ് മന്ത്രാലയം രൂപീകരിച്ച Building Materials & Technology Promotion Council, Solar Energy Corporation of India, National Skill Development Corporation, Digi India Corporation, Energy Efficiency Services Ltd. അങ്ങനെ പോകുന്നു അവയുടെ ലിസ്റ്റ്. ഇവയിൽ മിക്കവയും കേന്ദ്രസർക്കാരിന്റെ മന്ത്രാലയങ്ങൾ തന്നെ ആരംഭിച്ചവയാണ്. ഗുജറാത്തിൽ ബി.ജെ.പി. സർക്കാർ Dholera International Airport യാഥാർത്ഥ്യമാക്കാൻ വേണ്ടി ഒരു SPV ആരംഭിച്ചിട്ടുണ്ട്.

### ? കിഫ്ബി ഭരണഘടനാ സാധുതയില്ലാത്ത സ്ഥാപനമാണെന്ന് ഏ.ജി പറയുന്നുണ്ടല്ലോ. കിഫ്ബിയെടുത്ത വായ്പകൾ ഭരണഘടനാ വിരുദ്ധമാണോ?

1999 ലാണ് കേരള സർക്കാർ Kerala Infrastructure Investment Fund Board (KIIFB) രൂപീകരിക്കുന്നത്. യു.ഡി.എഫ്. ഭരണകാലയളവിലും കിഫ്ബി വായ്പയെടുത്തിട്ടുണ്ട്. ഇഅഏ ഇതിനകം 9 തവണ കിഫ്ബിയുടെ പ്രവർത്തനം ആഡിറ്റ് ചെയ്തിട്ടുണ്ട്. ഒരുതവണ പോലും ഇത്തരമൊരു കണ്ടെത്തൽ ഇഅഏ ഇതിന് മുമ്പ് നടത്തിയിട്ടില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവുമെങ്കിൽ കിഫ്ബിക്കും പ്രവർത്തിക്കാം.

### ? കിഫ്ബിക്ക് വിദേശത്തു നിന്നും പണം സമാഹരിക്കാൻ അധികാരമില്ലെന്നാണല്ലോ സി.ഏ.ജിയുടെ കണ്ടെത്തൽ ?

കിഫ്ബി ഒരു കോർപ്പറേറ്റ് സ്ഥാപനമാണ്. ഇന്ത്യയിലെ നിരവധി കോർപ്പറേറ്റുകൾ വിദേശത്ത് നിന്നും വിഭവ സമാഹരണം നടത്തുന്നുണ്ട്. അംബാനിയും അദാനിയുമൊക്കെ പ്രധാനമായും വിഭവസമാഹരണം നടത്തുന്നത് ഇത്തരത്തിലാണ്. കിഫ്ബി 'മസാലബോണ്ട്' വഴി വിദേശത്തു നിന്നും ധനസമാഹരണം നടത്തിയത് റിസർവ്വ് ബാങ്കിന്റെ അനുമതിയോടെയാണ്. കിഫ്ബി എ.ഡി. ബാങ്കായി ടെണ്ടർ മുഖേന തിരഞ്ഞെടുത്ത ആക്സിസ് ബാങ്ക് മുഖാന്തരം റിസർവ്വ് ബാങ്കിന്റെ ഫോറിൻ എക്സ്ചേഞ്ച് ഡിപ്പാർട്ട്മെന്റിൽ അപേക്ഷ നൽകുകയും അവർ 2018 ജൂൺ ഒന്നാം തിയ്യതി മസാല ബോണ്ട് ഇറക്കാൻ വിദേശ നാണയ വിനിമയ നിയമപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

### ? കിഫ്ബിയുടെ പ്രവർത്തനം വഴി എത്ര കണ്ട് വികസന പ്രവർത്തനങ്ങൾ നടന്നു ?

എണ്ണൂറിലേറെ പദ്ധതികൾക്കായി ഏതാണ്ട് 60,000 കോടി രൂപ കിഫ്ബിക്ക് കണ്ടെത്താനായിട്ടുണ്ട്. ഇതിൽ കേരളത്തിലെ എല്ലാ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ആശുപത്രി കെട്ടിടങ്ങൾ, കോളേജ്, സ്കൂൾ കെട്ടിടങ്ങൾ, ആധുനിക അറവുശാലകൾ, റോഡുകൾ, പാലങ്ങൾ, KSRTC ബസ്സുകൾ, ശബരിമല ഇടത്താവളം, ത്രിതല പഞ്ചായത്തുകളുടെ ഓഫീസ് സമുച്ചയങ്ങൾ, സ്റ്റേഡിയങ്ങൾ, സ്മാർട് ക്ലാസ്സ് റൂമുകൾ തുടങ്ങിയ വൈവിധ്യമാർന്ന പദ്ധതികൾ ഇതിൽ ഉൾപ്പെടും. എല്ലാവർക്കും സൗജന്യ ഇന്റർനെറ്റ് സൗകര്യം പ്രദാനം ചെയ്യാൻ കഴിയുന്ന KFON പദ്ധതിയടക്കമുള്ള വിപുലമായ പദ്ധതികളിലേക്ക് കേരളസർക്കാർ കടക്കുമ്പോഴാണ് വിവാദങ്ങളുയർത്തി തടസ്സപ്പെടുത്താൻ ബി.ജെ.പി.യും കോൺഗ്രസ്സും ശ്രമിക്കുന്നത്.

# പെൻഷൻ സംരക്ഷണം ദ്വിമുഖപോരാട്ടം അനിവാര്യം



**റ്റി.സി. മാത്തുക്കുട്ടി**

തൊഴിലെടുക്കുന്നവർക്ക് അവശകാല പരിരക്ഷയായി അനുവദിക്കുന്ന പെൻഷൻ തൊഴിലുടമയുടെ ഔദാര്യമോ സൗജന്യമോ അല്ല. അത് ജീവിതത്തിന്റെ നല്ല കാലത്ത് സമൂഹത്തിനായി അധ്വാനിച്ചതിന് നൽകുന്ന മാറ്റിവയ്ക്കപ്പെട്ട വേതനമാണ്. പെൻഷൻ സംബന്ധിച്ച ഡി.എസ്. നകാര കേസിൽ സുപ്രീംകോടതിയുടെ ഭരണഘടനാബഞ്ച് 17.12.1982 ൽ പുറപ്പെടുവിച്ച വിധിന്യായം ശ്രദ്ധേയമായിരുന്നു. രാജ്യത്തെ കോടതികൾ നിരവധി സന്ദർഭങ്ങളിൽ ഈ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്ന സുവ്യക്തമായ വിധിന്യായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷെ ഈ വിധിന്യായങ്ങളുടെഅന്തസത്തയെ ചോദ്യം ചെയ്യുന്നതാണ് നവലിബറൽ നയങ്ങളുടെ ഭാഗമായി നടപ്പിലാക്കപ്പെട്ട പങ്കാളിത്ത പെൻഷൻ പദ്ധതി.

പെൻഷൻ എന്ന ആശയത്തിന്റെ ആദ്യകാല രൂപങ്ങൾ ഉടലെടുത്തത് 17ാം നൂറ്റാണ്ടിലാണെങ്കിലും അധ്വാനിക്കുന്നവർ സൃഷ്ടിച്ച മിച്ചമൂല്യത്തിൽ നിന്നാണ് പെൻഷൻ നൽകുന്നത് എന്ന കാഴ്ചപ്പാടിലേക്ക് വികസിച്ചത് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടിയാണ്, 1917 ൽ തൊഴിലാളിവർഗ്ഗ വിപ്ലവത്തെ തുടർന്ന് രൂപീകൃതമായ സോവിയറ്റ് യൂണിയനിൽ വൻതോതിൽ വികസനക്ഷേമപരിപാടികൾ നടപ്പിലാക്കി. രണ്ടാംലോകമഹായുദ്ധത്തെ തുടർന്ന് കൂടുതൽ സോഷ്യലിസ്റ്റ് രാജ്യങ്ങൾ നിലവിൽവരുകയും അവിടങ്ങളിലെല്ലാം വ്യാപകമായി ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. സ്വാതന്ത്ര്യനന്തരം 1957 ൽ കേന്ദ്രജീവനക്കാർക്കും തുടർന്ന് സംസ്ഥാന ജീവനക്കാർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കി. ഏറ്റവും മികച്ച സാമൂഹ്യസുരക്ഷാപദ്ധതിയായി പെൻഷൻ വികസിച്ചു.

അധികമാകുന്ന പെൻഷൻ ബാധ്യതയെ മറികടക്കാനെന്ന പേരിൽ ലോകത്ത് പങ്കാളിത്ത പെൻഷൻപദ്ധതി നടപ്പിലാക്കപ്പെട്ടു. ആദ്യം വികസിത മുതലാളിത്ത രാജ്യങ്ങളിലും തുടർന്ന് മൂന്നാം ലോകരാജ്യങ്ങളിലും പെൻഷൻ പരിഷ്കരണനടപടികൾ ആരംഭിച്ചു. നിലവിലുണ്ടായിരുന്ന നിർവ്വചിക്കപ്പെട്ട ആനുകൂല്യം ഉറപ്പുനൽകുന്ന പെൻഷൻ പദ്ധതിയുടെ സ്ഥാനത്ത് നിർവ്വചി

**കോൺഗ്രസും ബിജെപിയും ഒരുമിച്ച് ചേർന്ന് പിഎഫ്ആർഡിഎ നിയമം പാർലമെന്റിൽ പാസാക്കി. നിയമപ്രകാരം രൂപീകൃതമായ സംവിധാനങ്ങളുമായി യുഡിഎഫ് സർക്കാർ കരാറിലേർപ്പെടുകയും ചെയ്തു. അതിനാൽ പ്രശ്നം കൂടുതൽ സങ്കീർണ്ണമായി. എങ്കിലും എൽഡിഎഫ് സർക്കാർ അധികാരമേറ്റശേഷം പങ്കാളിത്ത പെൻഷൻപദ്ധതി പുനഃപരിശോധനയ്ക്കായി കമ്മിറ്റിയെ നിയോഗിച്ചു. പുനഃപരിശോധനാസമിതിയുടെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.**



**പങ്കാളിത്ത പെൻഷനെതിരെ ആശയപരമായി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന എൽഡിഎഫ് സർക്കാരിനെയും നിരന്തര പ്രക്ഷോഭങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സംഘടനകളെയും പ്രതിക്കൂട്ടിലാക്കാനും പങ്കാളിത്ത പെൻഷന്റെ ഇരകളായവരെ തെറ്റിദ്ധരിപ്പിക്കാനും വലതുപക്ഷം പരിശ്രമിച്ചുവരികയാണ്. ഇത്തരം ശക്തികൾ ആവിഷ്ക്കരിച്ച കുതന്ത്രങ്ങളുടെ ഉൽപ്പന്നങ്ങളാണ് പങ്കാളിത്ത പെൻഷൻകാരുടെ വിഭാഗീയ കൂട്ടായ്മയും 60 വയസ് തികഞ്ഞവർക്കെല്ലാം ഒരേ പെൻഷൻ നൽകണമെന്നാവശ്യപ്പെടുന്ന സ്വകാര്യസംഘടനകളും.**

ക്കപ്പെട്ട കോൺട്രിബ്യൂഷൻ ഉറപ്പാക്കേണ്ടതും എന്നാൽ ആനുകൂല്യം ലഭിക്കുമെന്ന് ഉറപ്പില്ലാത്തതുമായ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി.

എ.ബി. വാജ്പേയ് യുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് നിയമപ്രാബല്യം നൽകുന്നതിനായി 2004 മെയ് മാസത്തിൽ അധികാരമേറ്റ കോൺഗ്രസ് നേതൃത്വത്തിലുള്ള ഒന്നാം യുപിഎ സർക്കാർ പരിശ്രമം ആരംഭിച്ചു. ഇടതുപക്ഷ ഭരണം നിലനിന്ന കേരളം, ബംഗാൾ, ത്രിപുര സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചു. കോൺഗ്രസും ബിജെപിയും മറ്റ് ബൂർഷ്വാ പ്രാദേശിക പാർട്ടികളും നേതൃത്വം നൽകുന്ന സംസ്ഥാന സർക്കാരുകൾ പങ്കാളിത്ത പെൻഷന് അനുകൂലമായ നിലപാടാണ് യോഗത്തിൽ സ്വീകരിച്ചത്. ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും അനുകൂല നിലപാട് സ്വീകരിച്ചതിനാൽ പി.എഫ്.ആർ.ഡി.എ. ബില്ലുമായി മുന്നോട്ടുപോയി.

2008 ൽ ഉണ്ടായ ആഗോളസാമ്പത്തിക തകർച്ചയുടെ ആഘാതം ആദ്യം തകർത്തത് പെൻഷൻ ഫണ്ടുകളെയായിരുന്നു. 2009 ൽ ഇടതുപക്ഷ പിന്തുണയില്ലാതെ അധികാരത്തിൽ വന്ന രണ്ടാം യുപിഎ സർക്കാർ മുഖ്യ പ്രതിപക്ഷമായ ബിജെപിയുടെ പിന്തുണ കൂടി ഉറപ്പാക്കി 24.3.2012 ൽ പി.എഫ്.ആർ.ഡി.എ. ബിൽ വീണ്ടും പാർലമെന്റിൽ അവതരിപ്പിച്ചു. ഇടതുപക്ഷത്തിന്റെ വീറുറ്റ എതിർപ്പിനെ മറികടന്ന് 2013 സെപ്റ്റംബർ 5 ന് ലോക്സഭയും 6 ന് രാജ്യസഭയും പി.എഫ്.ആർ.ഡി.എ. നിയമം പാസാക്കി. ഈ തൊഴിലാളിദ്രോഹ നടപടിയെ എതിർക്കാൻ ഇടതുപക്ഷം മാത്രമാണ് തയ്യാറായത്.

ഇടതുപക്ഷ സർക്കാരുകളുടെ രാഷ്ട്രീയ നിലപാടിന്റെയും ജീവനക്കാരുടെ ഐക്യപ്രക്ഷോഭങ്ങളുടെയും ഫലമായി നടപ്പിലാക്കാതിരുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി 1.4.2013 മുതൽ നടപ്പിലാക്കാൻ യുഡിഎഫ് സർക്കാർ രാഷ്ട്രീയ തീരുമാനം കൈക്കൊണ്ടു. ബഹുജനപിന്തുണയോടെയുള്ള പ്രക്ഷോഭത്തിലൂടെ ഈ തീരുമാനത്തെ തിരുത്തിക്കാൻ ജീവനക്കാർ പരിശ്രമിച്ചെങ്കിലും സംഘശക്തിയിൽ ഭിന്നിപ്പ് സൃഷ്ടിച്ചും തെറ്റിദ്ധാരണപടർത്തിയും പങ്കാളിത്തപെൻഷൻ അടിച്ചേൽപ്പിക്കാൻ യുഡിഎഫ് സർക്കാരിനായി. പക്ഷെ ഇടതുപക്ഷം കമ്പോള നയങ്ങൾക്കെതിരായ മൗലികനിലപാട് ആവർത്തിച്ച് പ്രഖ്യാപിക്കുകയാണുണ്ടായത്. അതിൻപ്രകാരമാണ് 2016 ലെ പ്രകടനപത്രികയിൽ പങ്കാളിത്ത പെൻഷൻ പുനഃപരിശോധന വാഗ്ദാനം ചെയ്യപ്പെട്ടത്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. യുഡിഎഫ് സർക്കാർ 2002 ജനുവരി 16 നിറക്കിയ ഉത്തരവിലെ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാനുള്ള തീരുമാനം പിൻവലിക്കാൻ പിന്നീടുവന്ന ഇടതുപക്ഷ സർക്കാരിന് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ കഴിഞ്ഞു. അന്ന് പിഎഫ്ആർഡിഎ നിയമം പാർലമെന്റ് പാസാക്കിയിരുന്നില്ല. പക്ഷെ നിലവിലെ സ്ഥിതി അതല്ല. കോൺഗ്രസും ബിജെപിയും ഒരുമിച്ച് ചേർന്ന് പിഎഫ്ആർഡിഎ നിയമം പാസാക്കി. നിയമപ്രകാരം രൂപീകൃതമായ സംവിധാനങ്ങളുമായി യുഡിഎഫ് സർക്കാർ കരാറിലേർപ്പെടുകയും ചെയ്തു. അതിനാൽ പ്രശ്നം കൂടുതൽ സങ്കീർണ്ണമായി. എങ്കിലും എൽഡിഎഫ് സർക്കാർ അധികാരമേറ്റശേഷം പുനഃപരിശോധനയ്ക്കായി കമ്മിറ്റിയെ നിയോഗിച്ചു. പുനഃപരിശോധനാസമിതിയുടെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

പങ്കാളിത്ത പെൻഷനെതിരെ ആശയപരമായി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന എൽഡിഎഫ് സർക്കാരിനെയും നിരന്തര പ്രക്ഷോഭങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സംഘടനകളെയും പ്രതിക്കൂട്ടിലാക്കാനും പങ്കാളിത്ത പെൻഷന്റെ ഇരകളായവരെ തെറ്റിദ്ധരിപ്പിക്കാനും വലതുപക്ഷം പരിശ്രമിച്ചുവരികയാണ്. ഇത്തരം ശക്തികൾ ആവിഷ്ക്കരിച്ച കുതന്ത്രങ്ങളുടെ ഉൽപ്പന്നങ്ങളാണ് പങ്കാളിത്ത പെൻഷൻകാരുടെ വിഭാഗീയ കൂട്ടായ്മയും 60 വയസ് തികഞ്ഞവർക്കെല്ലാം ഒരേ പെൻഷൻ നൽകണമെന്നാവശ്യപ്പെടുന്ന സ്വകാര്യസംഘടനകളും. പുനഃപരിശോധനാസമിതിയെ നിയോഗിച്ച എൽഡിഎഫ് സർക്കാരിനെതിരെ പങ്കാളിത്ത പെൻഷന്

ഇരകളായവരെ വിഭാഗീയമായി സംഘടിപ്പിച്ച് അണിനിരത്താനാണ് ഒരുകൂട്ടർ ശ്രമിക്കുന്നത്. അവർക്ക് മുന്നിൽ ഈ ദുർനയം നടപ്പിലാക്കിയ വലതുപക്ഷ രാഷ്ട്രീയക്കാർ കുറ്റക്കാരാകുന്നില്ല. അഥവാ അവരെക്കുറിച്ചുള്ള പരാമർശങ്ങളും കുറ്റപ്പെടുത്തലുകളും ഒഴുക്കൻമട്ടിലാവുകയും വിമർശനത്തിന്റെ കുന്തമുന പൂർണ്ണമായും എൽ ഡിഎഫ് സർക്കാരിനും സമരസംഘടനകൾക്കും നേരെ തിരിച്ചുപിടിക്കുകയും ചെയ്തിരിക്കുന്നു. 60 കഴിഞ്ഞ എല്ലാവർക്കും ഒരേ പെൻഷനെന്ന ആകർഷകമായ മുദ്രാവാക്യമുയർത്തി യഥാർത്ഥ പ്രശ്നങ്ങളെയും വസ്തുതകളെയും പൊതുസമൂഹ ത്തിൽ നിന്ന് മറച്ചുപിടിക്കാനും തെറ്റിദ്ധരിപ്പിക്കാ നുമാണ് മറ്റൊരുകൂട്ടർ ശ്രമിക്കുന്നത്. നാട്ടിൽ നി ലനിൽക്കുന്ന അസമത്വങ്ങളുടെയാകെ കാരണം സിവിൽസർവീസും ജീവനക്കാർക്ക് നൽകുന്ന വേതനവും പെൻഷനുമാണെന്ന് വരുത്തിത്തീർ ക്കാനാണ് ഇക്കൂട്ടർ പരിശ്രമിക്കുന്നത്. അസമ ത്വങ്ങൾ അവസാനിപ്പിച്ച് ഏവർക്കും സാമൂഹ്യ വും സാമ്പത്തികവും രാഷ്ട്രീയവുമായ തുല്യനീതി ഉറപ്പാക്കുന്നതിനുവേണ്ടിയാണ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളും അവരുടെ സംഘടനകളും പരി ശ്രമിക്കുന്നത്. പങ്കാളിത്ത പെൻഷനടക്കമുള്ള നവലിബറൽ നയങ്ങൾക്കെതിരായ പ്രക്ഷോഭ ങ്ങളും ഈ പരിശ്രമത്തിന്റെ ഭാഗമാണ്. തൊഴി ലെടുത്ത് ജീവിക്കുന്നവരുടെ വിപുലമായ ഐക്യ മാണ് ഇതിനാവശ്യം. എന്നാൽ എല്ലാവർക്കും പതിനായിരം പെൻഷൻ വാങ്ങിക്കൊടുക്കാനി റങ്ങിയവർ ഇത്തരം പ്രശ്നങ്ങളൊന്നും കണ്ട തായി ഭാവിക്കുന്നില്ല. പ്രതിമാസം അയ്യായിരം രൂപയ്ക്കുതാഴെ വേതനം പറ്റുന്ന രാജ്യത്തെ മഹാഭൂ രിപക്ഷം തൊഴിലാളികൾക്ക് മിനിമം കൂലി 18000 രൂപയെങ്കിലുമാക്കണമെന്ന ആവശ്യം പോലും അവർ കാണുന്നില്ല. ദ്രോഹകരമായ തൊഴിൽ നിയമഭേദഗതികളെക്കുറിച്ച് അവർക്ക് അഭിപ്രായ മില്ല. എല്ലാ പ്രശ്നങ്ങൾക്കും കാരണമായി അവർ ചൂണ്ടിക്കാട്ടുന്നത് സിവിൽസർവീസും ജീവനക്കാ രും അവർക്ക് നൽകുന്ന ആനുകൂല്യങ്ങളുമാണ്.

പേരിൽ മാത്രം ഇന്ത്യയെന്ന് രേഖപ്പെടുത്തു കയും സമ്പൂർണ്ണമായും കേരളസമൂഹത്തെ മാത്രം അഭിസംബോധനചെയ്യുകയും ചെയ്യുന്ന ഇത്തരക്കാരുടെ ലക്ഷ്യം 60 വയസ്സ് കഴിഞ്ഞവർ ക്ക് മികച്ച പെൻഷൻ വാങ്ങിക്കൊടുക്കുകയെ ന്നതല്ല, മറിച്ച് നാട് നേരിടുന്ന ദുരിതങ്ങളുടെ ഉത്തരവാദികൾ കമ്പോളനയങ്ങളും അതിന്റെ നടത്തിപ്പുകാരായ ഭരണാധികാരികളുമാണെന്ന വസ്തുത ജനങ്ങളിൽ നിന്ന് മറച്ചുപിടിക്കലാണ്. ചുറ്റും നടമാടുന്ന അസമത്വത്തിന്റെയും കൊടിയ ചൂഷണത്തിന്റെയും യഥാർത്ഥ ഉത്തരവാദികളെ




**വിഭാഗീയമായി പങ്കാളിത്ത പെൻഷൻകാരെ സം ഘടിപ്പിക്കുന്നവരുടേയും പെൻഷൻ വ്യാമോഹവ്യാ പാരികളുടെയും അസ്തിത്വത്തിന്റെ അടിവേരുകൾ ചെന്നെത്തുന്നത് കേരളത്തിന്റെ സാമൂഹ്യശിഥിലീ കരണത്തിന് റൂട്ട് മാപ് തയ്യാറാക്കി കാത്തിരിക്കു ന്ന സംഘപരിവാറിലാണെന്ന വസ്തുത ഇതിനകം പുറത്തുവന്നുകഴിഞ്ഞു. ഇതിന് സഹായകമായ നിലപാട് സ്വീകരിക്കുന്നവർ 2013 ൽ സംസ്ഥാന ത്ത് ഈ പദ്ധതി അടിച്ചേൽപ്പിച്ചത് യു.ഡി.എഫ് ആണെന്നത് ഓർക്കേണ്ടതുണ്ട്.**

വെള്ളപൂശിക്കാണിക്കുന്നതോടൊപ്പം തന്നെ ഏവരുടേയും വികസനവും ക്ഷേമവും ഉറപ്പുവരു ത്തുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ബദൽ നയങ്ങളുടെ മേന്മയെ ഇകഴ്ത്തിക്കാണിക്കു കയോ തമസ്കരിക്കുകയോ ചെയ്യുന്നതിനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. വിഭാഗീയമായി പങ്കാളി ത്ത പെൻഷൻകാരെ സംഘടിപ്പിക്കുന്നവരുടേ യും പെൻഷൻ വ്യാമോഹവ്യാപാരികളുടെയും അസ്തിത്വത്തിന്റെ അടിവേരുകൾ ചെന്നെത്തുന്നത് കേരളത്തിന്റെ സാമൂഹ്യശിഥിലീകരണത്തിന് റൂട്ട് മാപ് തയ്യാറാക്കി കാത്തിരിക്കുന്ന സംഘപരിവാ റിലാണെന്ന വസ്തുത ഇതിനകം പുറത്തുവന്നുക ഴിഞ്ഞു. ഇതിന് സഹായകമായ നിലപാട് സ്വീക രിക്കുന്നവർ 2013 ൽ സംസ്ഥാനത്ത് ഈ പദ്ധതി അടിച്ചേൽപ്പിച്ചത് യു.ഡി.എഫ് ആണെന്നത് ഓർക്കേണ്ടതുണ്ട്. സമൂഹം പൊതുവിലും അധ്വാ നിക്കുന്ന ജനവിഭാഗങ്ങൾ പ്രത്യേകിച്ചും ജാഗ്രത പാലിച്ച് മുന്നോട്ടുപോകേണ്ട സന്ദർഭമാണിത്. നവലിബറൽ നയങ്ങൾ സൃഷ്ടിക്കുന്ന കെടുതി കൾക്കെതിരെ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കു ന്നതിനൊപ്പം വർഗ്ഗഐക്യത്തെ ശിഥിലമാക്കാൻ പരിശ്രമിക്കുന്ന മാരീച ജന്മങ്ങളുടെ ചതിപ്രയോ ഗങ്ങളെ അതിജീവിക്കുകയും വേണം.●

# ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 94-ാമത്

ആഗോള പട്ടിണി സൂചികയിൽ ഇന്ത്യക്ക് 94-ാം സ്ഥാനം. ഗുരുതര പട്ടിണി സാഹചര്യങ്ങളുള്ള രാജ്യങ്ങളുടെ വിഭാഗത്തിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ആകെ 107 രാജ്യങ്ങളാണ് പട്ടികയിലുള്ളത്.

റുവാണ്ട, നൈജീരിയ, അഫ്ഗാനിസ്ഥാൻ, ലിബിയ, മൊസാംബിക് തുടങ്ങി 13 രാജ്യങ്ങൾ മാത്രമാണ് ഇന്ത്യയെക്കാൾ മോശം സ്ഥിതിയിലുള്ളത്.

കഴിഞ്ഞ വർഷം 117 രാജ്യങ്ങളുടെ സൂചികയിൽ ഇന്ത്യക്ക് 102-ാം സ്ഥാനമായിരുന്നു. ഇതേ വിഭാഗത്തിൽ തന്നെയെങ്കിലും അയൽ രാജ്യങ്ങളായ ബംഗ്ലാദേശ് (75), മ്യാൻമർ (78), പാക്കിസ്ഥാൻ (88) എന്നിവ ഇന്ത്യയെക്കാൾ മുന്നിലാണ്. ഭേദപ്പെട്ട സാഹചര്യമുള്ള രാജ്യങ്ങളുടെ വിഭാഗത്തിലാണ് നേപ്പാളും (73) ശ്രീലങ്കയും (64).

ചൈന, ബെലാറൂസ്, യുക്രെയ്ൻ, തുർക്കി, ക്യൂബ, കുവൈത്ത് എന്നിവയടക്കം 17 രാജ്യങ്ങളാണ് ഒന്നാം സ്ഥാനത്തുള്ളത്. ചാഡ്, ടിമോർലെസ്റ്റെ, മഡഗാസ്കർ എന്നിവയാണ് ഏറ്റവും അപകട നിലയിലുള്ള രാജ്യങ്ങൾ,

## ഗുരുതരം വളർച്ചക്കുറവ്

ആഗോള പട്ടിണി സൂചിക പ്രകാരം
ഇന്ത്യയിലെ സ്ഥിതി
പോഷകാഹാരം ലഭിക്കാത്തവർ –
ജനസംഖ്യയുടെ 14%
5 വയസിൽ താഴേയുള്ള കുട്ടികളിൽ

| | |
|---|---|
| വളർച്ചാ മുരടിപ്പ് | – 37.4% |
| തൂക്കക്കുറവ് | – 17.3% |
| മരണനിരക്ക് | – 3.7% |



## ന്യൂസിലാന്റിലെ ജെസീന്റ ആർഡന്റെ ജയം

ന്യൂസിലാന്റിൽ ഒക്ടോബറിൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി ജസീന്റ ആർഡന്റെ ലേബർ പാർട്ടി 49 ശതമാനത്തിലേറെ വോട്ടും ഭൂരിപക്ഷം സീറ്റും നേടി അധികാരത്തിൽ തിരിച്ചെത്തി. അമ്പതു വർഷത്തെ ഏറ്റവും വലിയ വിജയമാണ് ലേബർ പാർട്ടി ന്യൂസിലന്റിൽ കൈവരിച്ചിരിക്കുന്നത്. 1996 നു ശേഷം ആദ്യമായാണ് ഒറ്റക്ക് ഒരു പാർട്ടിക്ക് ന്യൂസിലന്റിൽ ഭൂരിപക്ഷം ലഭിക്കുന്നത്.

ജെസിന്റ ആർഡന്റെ വിജയത്തിനു പിന്നിലെ പ്രധാന കാരണം അവർ കോവിഡ് വ്യാപനം ന്യൂസിലന്റിൽ തടഞ്ഞു നിർത്തിയതാണ്. അതു കൂടാതെ ജസീന്റയുടെ പുരോഗമന പരമായ മറ്റ് ഇടപെടലുകളും അവരുടെ വിജയത്തിനു സഹായകരമായി. കുട്ടികളുടെയും സ്ത്രീകളുടെയും അവകാശങ്ങൾക്കായാണ് അവർ നിലകൊണ്ടത്. തൊഴിലെടുക്കാൻ കഴിയുന്ന എല്ലാ ന്യൂസിലന്റുകാർക്കും നല്ല തൊഴിൽ നൽകാൻ നിലകൊണ്ടത് എല്ലാം അവരുടെ വിജയത്തെ സഹായിച്ചു. കുടിയേറ്റക്കാരുടെ വിഷയങ്ങളിലും അവരുടെ നിലപാട് ശ്രദ്ധേയമായി. കാലാവസ്ഥാ വ്യതിയാനത്തെ ഇന്ന് ലോകം നേരിടുന്ന ഏറ്റവും ഗുരുതരമായ വിഷയമാണെന്ന് കണ്ട് അതിനെ കൈകാര്യം ചെയ്യണമെന്ന് ജെസീന്റാ ആർഡൻ നിലപാട് സ്വീകരിച്ചു. 2050 ഓടെ ന്യൂസിലാന്റ് ഒരു "സീറോ കാർബൺ" പുറപ്പെടുവിക്കുന്ന രാജ്യമായി മാറണമെന്ന് പാർലമെന്റിൽ നിയമവും പാസാക്കി.




# സമര സർഗോത്സവ പന്തൽ 2020

**2020 നവംബർ 1 മുതൽ 25 വരെ**

പൊതു പണിമുടക്കിനോടനുബന്ധിച്ച് കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്ത് പലയിടങ്ങളിലും വിജയകരമായി നടത്തിയ സമരസർഗോത്സവം ഇക്കുറി വ്യത്യസ്തവും നൂതനവുമായ രീതിയിലാണ് സംഘടിപ്പിക്കപ്പെട്ടത്. കൊറോണയുടെ പശ്ചാത്തലത്തിലാണ് ഇക്കുറി പൊതു പണിമുടക്ക് നടക്കുന്നത്. അതു കൊണ്ട് തന്നെ ആൾക്കൂട്ടമുണ്ടാകുന്ന കവലകളോ പൊതു ഇടങ്ങളോ കേന്ദ്രീകരിച്ച് സമരസർഗോത്സവം ഇക്കുറി നടക്കുകയില്ല. ഈ പരിമിതിയെ ഭാവനാത്മകമായി മറികടക്കുവാനുള്ള പരിശ്രമമായിരുന്നു സിഐടിയു സംസ്ഥാന കമ്മിറ്റി വിഭാവനം ചെയ്ത സമര സർഗോത്സവ പന്തൽ 2020. എല്ലാ ദിവസവും രാത്രി 8 മണി മുതൽ സി ഐ ടി യു കേരളയുടെ ഫേസ്ബുക്ക് പേജിൽ തൊഴിലാളികൾ ഒരുമിച്ചു കൂടി. അവിടെ സമരത്തിന്റെയും ചെറുത്തുനില്പിന്റെയും പ്രതീകമായി പാട്ടും ഡാൻസും കവിതയും നാടകവും, ഓട്ടൻ തുള്ളലും ചാക്യാർകൂത്തും നാടൻ പാട്ടും നാടക ഗാനങ്ങളും ചെറു പ്രഭാഷണങ്ങളും, ഡോക്യുമെന്ററികളും, സിനിമകളും ആയി തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും വിദ്യാർഥികളും യുവാക്കളും പൊതുസമൂഹവും ഒത്തുകൂടി. സമരത്തെ സർഗാത്മകമായി അവതരിപ്പിച്ചു അവർ. അടിച്ചമർത്തലിനെതിരെയും ചൂഷണത്തിനെതിരെയും ശക്തമായ നിലപാടുമായി അവർ എത്തി.




2020 നവംബർ 1 ന് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം ഉദ്ഘാടനം ചെയ്ത സമര സർഗോത്സവ പന്തൽ നവംബർ 25 ന് സി ഐ ടി യു അഖിലേന്ത്യാ സെക്രട്ടറി സ. തപൻ സെൻ നടത്തിയ അഭിവാദ്യ പ്രസംഗത്തോടെയാണ് അവസാനിച്ചത്. സിഐടിയു അഖിലേന്ത്യാ പ്രസിഡന്റ് ഡോ. കെ. ഹേമലത, സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ തുടങ്ങിയവർ സർഗോത്സവ പന്തലിൽ സംസാരിച്ചു.

രണ്ട് പ്രധാന ലക്ഷ്യങ്ങളാണുണ്ടായിരുന്നത്. ഒന്ന് സമരപ്രചരണപരിപാടി എന്ന നിലയിൽ പൊതു സമൂഹത്തിലേയ്ക്ക് സമരസന്ദേശം വളരെ ഫലപ്രദമായി എത്തിക്കുക. രണ്ട്, സമരത്തിൽ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തുക. ഇവ രണ്ടും പൂർണ്ണമായി നിറവേറി.

രണ്ടു തരത്തിലാണ് പരിപാടി നടന്നത് സൂം പ്ലാറ്റ് ഫോം ഉപയോഗിച്ച് ലൈവായും മുൻകൂട്ടി റെക്കോർഡ് ചെയ്ത് ഫേസ്ബുക്ക് ലൈവായും.

സി ഐ ടി യു ജില്ലാ കമ്മിറ്റികളും വിവിധ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും ഓരോ ദിവസത്തെ സംഘാടന ചുമതല ഏറ്റെടുത്തും. പൊതു മാർഗനിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും ആയി സി ഐ ടി യു സംസ്ഥാന നവ മാധ്യമ സമിതി ഉറച്ച പിന്തുണ നൽകിയപ്പോൾ 25 ദിവസം സമര തയ്യാറെടുപ്പും പ്രചരണവും അങ്ങേയറ്റം സർഗാത്മകമായി.

തൊഴിലാളികൾ മാത്രമല്ല അവരുടെ കുടുംബാംഗങ്ങളും പരിപാടികൾ അവതരിപ്പിച്ചു. തൊഴിലാളി സംഘടനാ നേതാക്കളുടെ ലഘു പ്രസംഗങ്ങളും ഉണ്ടായിരുന്നു.

ശരാശരി 35,000 പേർ ദിവസവും ഓൺലൈൻ സമര സർഗോത്സവ പന്തലിൽ പരിപാടികൾ കാണുവാൻ എത്തി. സി ഐ ടി യു വിന്റെ ഫേസ്ബുക്ക പേജിലെ "പീപ്പിൾ റീച്ച്ഡ്" 82% വർദ്ധിച്ചു. "പോസ്റ്റ് എൻഗേജ്മെന്റ്" 66% വർദ്ധിച്ചു.

# സംയുക്ത ട്രേഡ് യൂണിയൻ ക്ലാസ്



പാർലമെന്റിൽ വേണ്ടത്ര ചർച്ചകളില്ലാതെ ഏകാധിപത്യപരമായി കേന്ദ്രസർക്കാർ പാസാക്കിയ ലേബർ കോഡുകൾ സംബന്ധിച്ച് സംസ്ഥാനത്തെ ട്രേഡ് യൂണിയൻ നേതാക്കൾക്ക് ഒരു ഏകദിന പഠനക്ലാസ് സംഘടിപ്പിച്ചു. നാഷണൽ ലോ യൂണിവേഴ്സിറ്റി പ്രൊഫസർ ബാബു മാത്യു ഓൺലൈനായി നൽകുന്ന ക്ലാസ്സ് സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസിലാണ് നടന്നത്. പഠന ക്ലാസിൽ സംശയങ്ങൾക്കും അഭിപ്രായങ്ങൾക്കും ചോദ്യങ്ങൾ ചോദിക്കാനുമുള്ള സൗകര്യം ഒരുക്കിയിരുന്നു. സംയുക്ത ട്രേഡ് യൂണിയൻ സംയുക്തമായി സംഘടിപ്പിച്ച ക്ലാസിൽ എല്ലാ സംഘടനയിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. സ. എളമരം കരീം, ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ എന്നിവർ ക്ലാസെടുത്തു.

# സിഐടിയു പ്രക്ഷോഭം

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കാർഷിക ബില്ലുകൾക്കെതിരെ കിസാൻ സഭ ആഹ്വാനം ചെയ്ത പ്രക്ഷോഭ ദിനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സിഐടിയു ദേശവ്യാപകമായി നടത്തിയ പ്രതിഷേധത്തിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ പങ്കാളികളായി. ജില്ലാ കേന്ദ്രങ്ങളിലും വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് മുമ്പിലും തൊഴിലാളികൾ മുദ്രാവാക്യങ്ങൾ വിളിച്ചും പ്ലക്കാർഡുകളും ഉയർത്തിയും കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നയങ്ങൾക്കെതിരെ പ്രതിഷേധം അറിയിച്ചു.

# ഐടി എംപ്ലോയീസ് യൂണിയൻ പ്രക്ഷോഭം

വിവര സാങ്കേതിക മേഖലയിൽ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുക, കുത്തക വൽക്കരണം അവസാനിപ്പിക്കുക, ജീവനക്കാരെ പിരിച്ചുവിടുന്നത് അവസാനിപ്പിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അസോസിയേഷൻ ഓഫ് ഐടി എംപ്ലോയീസ് സിഐടിയു സംസ്ഥാന വ്യാപകമായി പ്രക്ഷോഭ ദിനം ആചരിച്ചു. ജീവനക്കാർ പ്ലക്കാർഡുകളും ബാനറുകളും ഉയർത്തി വിവിധ കേന്ദ്രങ്ങളിൽ കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ട് പ്രക്ഷോഭ ദിനത്തിൽ പങ്കാളികളായി.

# നാട്ടുവൈദ്യദിനാചരണം

ആയുർവ്വേദ ചികിത്സാ രംഗത്തെ നാശത്തിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങളെതിരെയും പാരമ്പര്യ നാട്ടുവൈദ്യ സംരക്ഷണത്തിനു വേണ്ടിയുള്ള പ്രചരണത്തിന്റെ ഭാഗമായും കേരള ആയുർവ്വേദ തൊഴിലാളി യൂണിയൻ നാട്ടുവൈദ്യദിനാചരണം നവംബർ 1 ന് സംഘടിപ്പിച്ചു. കോവിഡ് മാനദണ്ഡപ്രകാരം സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച ദിനാചരണം വൻ വിജയമായിരുന്നു.

# കണ്ണൂർ ജില്ലാ പ്രൈവറ്റ് ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ ഷോപ്പ് എംപ്ലോയീസ് യൂണിയൻ

2020 മാർച്ചിൽ നടന്ന എസ്എൽഎൽസി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കിയ കണ്ണൂർ ജില്ലാ പ്രൈവറ്റ് ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ ഷോപ്പ് എംപ്ലോയീസ് യൂണിയൻ അംഗങ്ങളുടെ മക്കൾക്കുള്ള കാഷ് അവാർഡ് ദാനചടങ്ങ് 6112020 ന് കണ്ണൂർ സി കണ്ണൻ സ്മാരക മന്ദിരത്തിൽ വച്ച് യൂണിയൻ ജില്ലാ വൈസ് പ്രസിഡന്റ് സ. എം എൻ പുരുഷോത്തമന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട സിഐടിയു സംസ്ഥാന സെക്രട്ടറി കെ പി സഹദേവൻ ഉത്ഘടനം ചെയ്തു.

RNI No. KERMAL /2012/45813
KL/TV(N)/635/2018-20
Licenced to Post without Prepayment
No: KL/TV(N)/WPP/70/2018-20

CITU SANDESAM
MONTHLY

Date of Publication: 25 November 2020
Vol.9
Issue No. 3
Annual Subscription ₹ 150



# വികസനത്തിനും സാമൂഹ്യ മൈത്രിക്കും

# തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ തൊഴിലാളി താല്പര്യം ഉയർത്തിപ്പിടിക്കുന്ന

# LDFനെ വിജയിപ്പിക്കുക

Centre of Indian Trade Unions (CITU) Kerala State Committe, Publisher: Elamaram Kareem,
Printer: Elamaram Kareem, Editor: Elamaram Kareem, Printed at P.Krishnapillai Memorial Printing & Publishing Co. (P) Ltd.,
(Reg. No. 4066/84), P.B. No. 20, Aristo Jn., Thampanoor, Thiruvananthapuram -695 001 & Published at
E. Balanandan Smaraka Mandiram, Melethampanoor, Thiruvananthapuram -695 001 Email: citu.sandesam@gmail.com